കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പൊന്നാനി നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.21/2867/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി.29-01-2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)

പൊന്നാനി നഗരസഭ

സർ,

വിഷയം : പൊന്നാനി നഗരസഭ 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൊന്നാനി നഗരസഭയുടെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്/നഗരപാലിക-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) ഡയരക്ടർ,നഗരകാര്യ വകുപ്പ്

3)നഗരകാര്യ വകുപ്പ് റീജ്യണൽ ജോയിന്റ് ഡയരക്ടർ, കോഴിക്കോട്

4)കാര്യാലയ പകർപ്പ്

എം.എ.2/19

നം.കെ.എസ്.എ.എം.പി.എം.21/2867/2018

തിയ്യതി: 29-01-2019

## മലപ്പുറം ജില്ലയിലെ പൊന്നാനി നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ പൊന്നാനി നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 10-11-2017 മുതൽ 11-11-2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 71 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേൽ ഉചിതമായ തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി. സുധാദാസ്<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 12.11.18 മുതൽ 27.11.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | ശ്രീമതി.സീനത്ത്.പി.എ. | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.അബ്ദുൾ റഷീദ്.എം.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. റിഷിൽ. പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. സന്തോഷ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. യൂസഫ്. പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ. മുഹമ്മദ് ഫാസിൽ ടി.ടി. | ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർമാൻ | ശ്രീ. സി.പി മുഹമ്മദ് കുഞ്ഞി | 01.04.2017 മുതൽ 31.03.2018 വരെ |
| മുനിസിപ്പൽ സെക്രട്ടറി | ശ്രീ. കെ.കെ. മനോജ് | 01.04.2017 മുതൽ 14.02.2018 വരെ |
| | ശ്രീ. അരുൺകുമാർ വി.സി | 15.02.2018 മുതൽ 31.03.2018 വരെ |

### (സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീ. രഘു പി | 01.04.2017 മുതൽ 30.10.2017 AN വരെ |
| | ശ്രീ. ഷാനവാസ് ഖാൻ | 30.10.2017 FN മുതൽ 31.03.2018 വരെ |
| പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കന്ററി സ്കൂൾ ,തൃക്കാവ് | ശ്രീ. മധു | 01.04.2017 മുതൽ 31.03.2018 വരെ |
| അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ | ശ്രീ. രാധാ കൃഷ്ണൻ. എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. മുനീർ പി | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| എെ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. അംബിക പുതുരിത്തി | 01.04.2017 മുതൽ 31.03.2018 വരെ |
| ~~വ്യവസായ വികസന ഓഫീസർ~~ (IEO) | ശ്രീ. മുഹമ്മദ് ഫവാസ് | 01.04.2017 മുതൽ 31.03.2018 വരെ |
| സീനിയർ മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ. ഷാജ് കുമാർ സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ, പൊന്നാനി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ. ഷബീർ പൊന്നാടൻ പി.എച്ച്.സി ഈഴവത്തിരുത്തി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.ജെനി ഗവ.ആയുർവേദ ഹോസ്പിറ്റൽ, പൊന്നാനി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. ഫിബി മോൾ ഗവ.ആയുർവേദ ഡിസ്പെൻസറി, ഈഴവത്തിരുത്തി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. റിയ മുഹമ്മദ് | 01.04.2017 മുതൽ 31.03.2018 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീ. സുലൈമാൻ എ.എ | 01.04.2017 മുതൽ 31.03.2018 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.ഉഷ | 01.04.2017 മുതൽ 04.06.2017 വരെ |
| | ഡോ. സിനി സുകുമാർ | 05.06.2017 മുതൽ 31.03.2018 വരെ |
| പ്രൊജക്ട് ഓഫീസർ | ശ്രീ.റിയാസ് ടി. | 01.04.2017 മുതൽ 14.02.2018 വരെ |
| | ശ്രീ. ഗോപകുമാർ എസ് | 15.02.2018 മുതൽ 31.03.2018 വരെ |

**ഉള്ളടക്കം**


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നതിലെ വീഴ്ചകൾ നിരീക്ഷിക്കുന്നില്ല. | 2-1 |
| 14 | പാർപ്പിട കാർട്ടേഴ്സുകളുടെ വസ്തുനികുതി ഈടാക്കുന്നത് അധിക നിരക്കിൽ | 2-2 |
| 15 | കെട്ടിട വാടക പിരിവ് - സർക്കാർ അംഗീകൃത ബൈലോ പ്രകാരമല്ല | 2-3 |
| 16 | ടെണ്ടർ ഫോമിന്റെ വില നഗരസഭ ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല. | 2-4 |
| 17 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം- | 2-5 |

| | | |
|---|---|---|
| | കളക്ഷൻ ചാർജ് നഗരസഭ ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല. | |
| 18 | വസ്തു നികുതി പിഴപ്പലിശ ഈടാക്കുന്നതിലെ അപാകത | 2-6 |
| 19 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 2-7 |
| 20 | വരവ് ഇനങ്ങളിൽ വൻ തുകകൾ കുടിശ്ശികയായി അവശേഷിക്കുന്നു | 2-8 |
| 21 | നഗരസഭയിലെ അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല | 2-9 |
| 22 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-10 |
| 23 | ഡി ആന്റ് ഒ ലൈസൻസ് പിരിച്ചെടുക്കുന്നതിലെ അപാകങ്ങൾ | 2-11 |
| ഭാഗം III<br>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 2 | ഉമ്പായികട ലൈറ്റ് ഹൗസ് റോഡ് റീടാറിംഗ് & ഇന്റർലോക്ക് പാകൽ -പാഴ്ചെലവ് 3,11,646 രൂപ | 3-1 |
| 21 | സിമന്റ് കോൺക്രീറ്റിംഗ് - സൈഡ് ഷട്ടറിംഗ് ചെയ്യാത്ത പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചു - അധികം നൽകിയത് 49,529 രൂപ | 3-2 |
| 22 | ഗ്രാമം റോഡിൽ ഡ്രൈനേജ് നിർമ്മാണം -അപാകത - അധികം നൽകിയത് 25488 രൂപ | 3-3 |
| 23 | ടാറിംഗ് പ്രവൃത്തികളിൽ അധിക നിരക്ക് അനുവദിച്ചു – കരാറുകാർക്ക് അധികം നൽകിയത് 5,26,593 രൂപ | 3-4 |
| 24 | ഹരിഹരമംഗലം ക്ഷേത്രം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി -അപാകത - അധികം നൽകിയത് 15,723 രൂപ | 3-5 |
| 25 | സർവീസ് ടാക്സ് അടവാക്കിയില്ല – കരാറുകാർക്ക് അധികം നൽകിയത് 1,59,016 രൂപ | 3-6 |
| 26 | പടിഞ്ഞാറേകണ്ടം റോഡ് പ്രവൃത്തി -അപാകത - അധികം നൽകിയത് 78,824 രൂപ | 3-7 |
| 27 | ഈശ്വരമംഗലം മൃഗാശുപത്രി അറ്റകുറ്റപണി -അപാകത - അധികം നൽകിയത് 25,339 രൂപ | 3-8 |
| 28 | പ്രബലിത സിമന്റ് കോൺക്രീറ്റിംഗ് (RCC) നടത്താത്ത പ്രവൃത്തികളിൽ അധിക നിരക്ക് നൽകി - അധികം നൽകിയത് 6264 രൂപ | 3-9 |
| 29 | ഹാജ്യാർ പറമ്പ് പുത്തൻകുളം റോഡ് പ്രവൃത്തി -അപാകത - അധികം നൽകിയത് 20,880 രൂപ | 3-10 |
| 30 | ഗുണഭോക്തൃസമിതി പ്രവൃത്തികളിൽ ആദായ നികുതി കുറവായി ഈടാക്കി - കൺവീനർക്ക് അധികം നൽകിയത് 46,657 രൂപ | 3-11 |
| 31 | MES കോളേജ് കിഴക്ക് വശം സൈഡ് കെട്ടൽ -നികുതി കുറക്കാതെ പണം നൽകി - അധികം നൽകിയത് 4683 രൂപ | 3-12 |
| 32 | കരാർ പ്രവൃത്തിയുടെ ആദായ നികുതി കുറവായി ഈടാക്കി - അധികം നൽകിയത് 8411 രൂപ | 3-13 |
| 33 | അംഗനവാടികളിലേക്ക് കസേര വാങ്ങൽ - അംഗീകരിച്ച ടെന്റർ തുകയേക്കാൾ അധിക തുക നൽകി. | 3-14 |
| 34 | അംഗനവാടി പോഷകാഹാരം (ജനറൽ)- അധിക തുക നൽകി | 3-15 |
| 35 | അംഗനവാടി പോഷകാഹാരം (ജനറൽ)- വൌച്ചർ പ്രകാരമുള്ള ചെലവിനേക്കാൾ അധികം തുക നൽകി | 3-16 |
| 36 | പച്ചക്കറി-വിറക് എന്നിവയുടെ വൌച്ചറുകൾ ഹാജരാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു. | 3-17 |

| | | |
|---|---|---|
| 37 | ദേശീയ നഗര ഉപജീവന മിഷൻ (NULM) പദ്ധതി അപാകതകൾ | 3-18 |
| 38 | ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ -ഗുണഭോക്തൃ വിഹിതം,ശുചിത്വ മിഷൻ വിഹിതം എന്നിവ ഉപയോഗപ്പെടുത്താതെ പദ്ധതി വിഹിതം മാത്രം ഉപയോഗിച്ച് പദ്ധതി നടപ്പാക്കി. | 3-19 |
| 39 | എഗ്രിമെന്റ് രജിസ്ട്രേഷൻ ഫീസ് നൽകൽ - ആധാരം രജിസ്റ്റർ ചെയ്യാത്ത ഗുണഭോക്താവിന് നൽകി- | 3-20 |
| 40 | ലൈഫ് മിഷൻ പദ്ധതി -അപാകതകൾ | 3-21 |
| 41 | ലൈഫ് മിഷൻ ഭവന നിർമ്മാണം -ഫയലുകൾ ഹാജരാക്കിയിട്ടില്ല. | 3-22 |
| 42 | പൊന്നാനി ഗവ.ഹോമിയോ ഡിസ്പെൻസറിയിൽ അടിസ്ഥാന സൗകര്യത്തിന്റെ കാര്യത്തിൽ വീർപ്പ്മുട്ടുന്നു | 3-23 |
| 43 | HMC വരവ്- ചെലവ് കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കുന്നില്ല. | 3-24 |
| 44 | പ്രധാനമന്ത്രി ആവാസ് യോജന(പി എം എ വൈ) -ഭവനനിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തേണ്ടതാണ്. | 3-25 |
| 45 | തുടർ സാക്ഷരതാ പദ്ധതി സംബന്ധിച്ച് | 3-26 |
| 46 | 7,8 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് മേശ,കസേര-രേഖകൾ ലഭ്യമാക്കിയില്ല | 3-27 |
| 47 | പത്താംക്ലാസ്സ് വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ-രേഖകൾ ലഭ്യമാക്കിയില്ല. | 3-28 |
| 48 | വിതരണ വിവരം രേഖകൾ സഹിതം ഹാജരാക്കിയില്ല. | 3-29 |
| 49 | ഗാർഹിക കുടിവെള്ള കണക്ഷൻ സംബന്ധിച്ച് | 3-30 |
| 50 | മരുന്നുകൾ മുഴുവനും ലഭ്യമായിട്ടില്ല | 3-31 |
| 51 | സ്കൂളുകൾക്ക് സ്ഥലം വാങ്ങൽ പദ്ധതി- രജിസ്ട്രേഷനിലെ അപാകതകൾ | 3-32 |
| 52 | റഗുലർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതിലെ അപാകത. | 3-33 |
| 53 | ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതിലെ അപാകത. അധികം നൽകിയത് 4,56,942 രൂപ | 3-34 |
| 54 | ജി.എൽ.പി.സ്കൂൾ തെയ്യങ്ങാട്- സ്ഥലം വാങ്ങൽ -30% വരെ സെലേഷ്യം അനുവദിച്ചു,രേഖകൾ ഹാജരാക്കിയില്ല | 3-35 |
| 55 | വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തിയത്-വിശദാംശങ്ങൾ ലഭ്യമല്ല | 3-36 |
| 56 | ചട്ട പ്രകാരമല്ലാതെ സ്ഥലം മാറ്റ യാത്രപ്പടിഅനുവദിച്ചു- 14175 രൂപ നഷ്ടം | 3-37 |
| 57 | പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് ഇൻസ്റ്റാലേഷന് നടപടികൾ ആയില്ല-ഡെപ്പോസിറ്റ് തുക മുടങ്ങിക്കിടക്കുന്നു. | 3-38 |
| 58 | വിനിയോഗ സാക്ഷ്യപത്രവും വരവുചെലവു കണക്കുകളും ഹാജരാക്കിയില്ല-ചെലവ് തുക തടസ്സം ചെയ്യുന്നു. | 3-39 |
| 59 | ചെയർമാന്റെ ദുരിതാശ്വാസ നിധി പ്രവർത്തനക്ഷമമല്ല. | 3-40 |
| 60 | ജില്ലാതല കേരളോൽസവം- വാഹന വാടക രേഖകൾ ലഭ്യമാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു. | 3-41 |
| 61 | വികലാംഗർക്ക് മുച്ചക്രവാഹനം -ഡോക്ടറുടെ സാക്ഷ്യപത്രമില്ലാതെ സ്കൂട്ടർ നൽകി. | 3-42 |
| 62 | മുൻകൂറുകൾ ക്രമീകരിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.-5,33,750 രൂപ തടസ്സം ചെയ്യുന്നു. | 3-43 |

| | | |
|---|---|---|
| 63 | മരാമത്ത് ബില്ലുകളിൽ നിന്നും ഈടാക്കിയ നികുതികൾ അടവാക്കിയത്- രേഖകൾ ലഭ്യമാക്കേണ്ടതാണ്. | 3-44 |
| 64 | പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പ്രൊജക്ട്രേഖകൾ ഹാജരാക്കിയില്ല | 3-45 |
| 65 | കടവുനാട് കുട്ടികൃഷ്ണൻ പുസ്തകോൽസവവും സാംസ്കാരികോൽസവവും ചെലവ് രേഖകൾ അപൂർണ്ണം | 3-46 |
| 66 | നഗരസഭ വാടകക്കെടുത്ത ക്വാർട്ടേഴ്സിൽ താമസിച്ച ഉദ്യോഗസ്ഥന് വീട്ടുവാടക ബത്ത നൽകുന്നത് ചട്ട വിരുദ്ധം- തിരികെ ഈടാക്കേണ്ടതാണ് | 3-47 |
| 67 | ഡെപ്പോസിറ്റ് പ്രവർത്തികൾ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കണം | 3-48 |
| 68 | ട്രിപ്പ് ഷീറ്റും വിശദാംശങ്ങളും ഇല്ലാതെ വാഹന വാടക നൽകുന്നത് | 3-49 |
| 69 | ചട്ട പ്രകാര നടപടികൾ സ്വീകരിച്ച വിവരം ലഭ്യമാക്കേണ്ടതാണ് | 3-50 |
| 70 | ചെലവുകൾക്കാധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല | 3-51 |
| 71 | അല | 3-52 |
| 72 | കേസ് നടത്തിപ്പ് രേഖകൾ ഹാജരാക്കിയില്ല | 3-53 |
| 73 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ മുറിച്ചുമാറ്റിയ മരങ്ങൾ നഗരസഭാ ഫണ്ടിലേക്ക് മുതൽകൂട്ടുന്നില്ല | 3-54 |
| 74 | മത്സ്യ തൊഴിലാളികൾക്ക് ഗിൽ നെറ്റും ഡിങ്കിയും -സബ്സിഡി മാർഗ്ഗരേഖ പാലിച്ചില്ല- അധിക ചെലവ് തിരിച്ചടവാക്കേണ്ടതാണ് | 3-55 |
| 75 | മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് സൈക്കിൾ വിതരണം-മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പ്രൊജക്ട് – ചെലവ് തടസ്സം ചെയ്യുന്നു. | 3-56 |
| ഭാഗം IV<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 76 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 |
| 77 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 78 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 79 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 80 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 81 | ഓഡിറ്റ് റിക്കവറി | 4-6 |
| 82 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 83 | ചാർജ്,സർചാർജ് നടപടികളുടെ വിവരം | 4-8 |
| 84 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 85 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 ലെ ബജറ്റ് 28.03.2017 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2017 | 01.08.2018 | - | - |

കുറിപ്പ് : 01.08.2018 ന് ആണ് നഗരസഭ വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചത്. ചട്ടപ്രകാരം വാർഷിക ധനകാര്യപത്രിക 31.07.2018 നകം ലഭിക്കേണ്ടതായിരുന്നു. യഥാസമയം തന്നെ വാർഷികകണക്കുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2017-18 | 01.09.2018 മുതൽ 03.09.2018 വരെ | കെ.എസ്.എ.എം.പി.എം.21/2047/2018 തിയതി 22.10.2018 |

ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7,93,74,076.92 |
| വരവ് | 33,80,53,753 |
| ആകെ | 41,74,27,829.92 |
| ചെലവ് | 33,51,91,268 |
| നീക്കിയിരിപ്പ് | 8,22,36,561.92 |

# 1-5 ഫണ്ട് വിനിയോഗം (ACRപ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 80688000 | 80688000 | 80538000 | | |
| വികസന ഫണ്ട് എസ്.സി.പി | 0 | 21636000 | 21636000 | 21636000 | 0 | |
| വികസന ഫണ്ട് ടി.എസ്.പി | 0 | 0 | 0 | 0 | 0 | |
| എം.ജി റോഡ് | 0 | 11027282 | 11027282 | 10853620 | 173662 | |
| എം.ജി നോൺറോഡ് | 0 | 17411593 | 17411593 | 13557386 | 3854207 | |
| 13-ാംധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 101247793 | 101247793 | 45055887 | 5691906 | |
| കെ.എൽ.ജി.എസ്.ഡി.പി | 0 | 0 | 0 | 0 | 0 | |
| വിപിഎഫ്എ1 | 56328526 | 42911768 | 99240294 | 64552813 | 34687481 | |
| STSB-0wn fund | 56328526 | 42911768 | 99240294 | 64552813 | 34687481 | |
| AUGES | 2040015 | 636772 | 2676787 | 1724259 | 952528 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 386 | 316519905 | 259 | 177533147 | - | 127 | 67% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2040015 | 636772 | 2676787 | 1724259 | 952528 |
| ഗുണഭോക്താക്കൾ നേരിട്ട് | 0 | 3475647 | 3475647 | 3475647 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 184680 | 311 |
| കർഷകതൊഴിലാളി വേതനം | 4439300 | 416 |
| വിധവാപെൻഷൻ | 37363200 | 2974 |
| വാർദ്ധക്യകാലപെൻഷൻ | 56669600 | 3858 |
| വികലാംഗപെൻഷൻ | 11488200 | 863 |
| വിവാഹ ധനസഹായം | 840000 | 28 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1894500 | 155 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-11-2018 ന് രാവിലെ 10.30 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 53243/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1 പട്ടികജാതി വികസനഓഫീസർ നടപ്പാക്കിയ ഭവനനിർമ്മാണ പദ്ധതികളുടെ രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

2. മെഡിക്കൽ ഓഫീസർ പി.എച്ച്.സി, ഗവ ആയുർവേദ ഡിസ്പെൻസറി, ഗവ.ആയുർവേദ ഹോസ്പിറ്റൽ എന്നീ നിർവഹണ ഉദ്യോഗസ്ഥർ പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3.ജീവനക്കാരുടെ പേഴ്സണൽ രജിസ്റ്ററിൽ മാസാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തുന്നില്ല.

4.ജനറൽ കമ്മിറ്റി മിനിട്സ് ക്ലോസ് ചെയ്യുന്നില്ല.

5.തൃശ്ശൂർ ജില്ലാ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി അദ്ധ്യക്ഷൻ ചെയർമാനും മുനിസിപ്പൽ സെക്രട്ടറി കൺവീനറുമായി കർമ്മ സമിതി രൂപീകരിച്ച് 'ഭവിഷ്യ നിധി' രൂപീകരിക്കുന്നതിന് 07.11.17 (1) -ാം നമ്പർ കമ്മിറ്റി തീരുമാനമെടുത്തെങ്കിലും നാളിതു വരെ രൂപീകരിച്ചിട്ടില്ല.

6.പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ തൻവർഷാരംഭത്തിൽ 1,79,97985 രൂപയും തൻവർഷം ലഭിക്കേണ്ട 29,73062 രൂപയും കൂടി ആകെ 2,09,71047
രൂപ ലഭിക്കണമായിരുന്നു. എന്നാൽ 7117133 രൂപ മാത്രമാണ് തൻവർഷം ലഭ്യമായിട്ടുള്ളത്. വർഷാവസാനം ഇനിയും 1,38,53914 രൂപ ലഭിക്കുവാനുണ്ട്.
ആയത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
7.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
8.മാസ്റ്റർ ഇൻക്യംപൻസി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.
9.കേന്ദ്രീകൃത സ്റ്റോക്ക് രജിസ്റ്റർ,സൂചിക സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.
10.പ്രോജക്ട് ഓഫീസർ ക്യാഷ് ബുക്ക് എഴുതി പൂർത്തീകരിച്ചിട്ടില്ല.ഐ.സി.ഡി.എസ് .സൂപ്പർവൈസർ ക്യാഷ് ബുക്ക് നിർദ്ദിഷ്ട മാതൃകയിലല്ല സൂക്ഷിച്ചിട്ടുള്ളത്. മാത്രമല്ല
ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടുമില്ല.
11.സെക്രട്ടറി പ്രൊജക്ട രജിസ്റ്റർ, സബ്സിഡിയറി രജിസ്റ്റർ എന്നിവയിൽ പദ്ധതി വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല
**12.വൗച്ചറുകൾ ക്രമപ്രകാരം സൂക്ഷിക്കുന്നില്ല.**

കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് റൂൾസ് 2007 9 (2) പ്രകാരം ഇടപാടുകൾക്കാധാരമായ എല്ലാ രേഖകളുടെയും ആമുഖപത്രമായി വൗച്ചർ വെയ്ക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം വെയ്ക്കുകയോ വൗച്ചർ ക്രമനമ്പർ പ്രകാരം അവ സൂക്ഷിക്കുകയോ ചെയ്യുന്നില്ല. ചെലവ്രേഖകൾ ക്രമപ്രകാരം ചിട്ടപ്പെടുത്തി സൂക്ഷിക്കാത്തത് അക്കൗണ്ടന്റിന്റെ വീഴ്ചയാണ്. അക്കൗണ്ട്സ് റൂൾസിലെ നിർദ്ദേശങ്ങൾ പാലിച്ചും വ്യവസ്ഥാപിതമായി ക്രമപ്പെടുത്തിയും ചെലവ്രേഖകൾ സൂക്ഷിക്കാത്തത് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇടപാടുകൾക്കാധാരമായ വൗച്ചറുകൾ സൂക്ഷിക്കുന്നതിൽ അക്കൗണ്ട്സ് റൂൾ 9 (1) മുതൽ (5) വരെ വിവരിച്ചത് പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതാണ്
13.പ്രൊജക്ട് മോണിറ്ററിംഗ് രേഖകൾ ഇല്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രൊജക്ടുകളുടെ നിർവ്വഹണം നടത്തിയത് സംബന്ധിച്ച് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയതായി കാണുന്നില്ല.
14.പ്രോജക്ടുകൾ നടപ്പാക്കുന്ന സമയത്ത് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല.
15.മിനി ലോറി കണ്ടം ചെയ്യുന്നതിന് 29.06.17 ലെ1-ാം നംപർ പ്രകാരം ജനറൽ
കൗൺസിലിൽ തീരുമാനമെടുത്തെങ്കിലും നാളിതു വരെ നടപടികൾ സ്വീകരിച്ചു കാണുന്നില്ല.

# 1-11 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 31.10.2017 മുതൽ 13.11.2017 വരെ | 2016-17 | 30.11.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.06.2017 മുതൽ 14.07.2017 വരെ | 2016-17 | 30.08.2017 |

# 1-12 വാർഷിക കണക്ക് അപാകതകൾ

<u>2017-18 വർഷിക കണക്കുകളിന്മേലുളള അപാകതകൾ താഴെക്കൊടുക്കുന്നു</u>

1.വാർഷിക കണക്ക് സമയബന്ധിതമായി (2018 ജൂലായ് 31തിയ്യതിക്കകം) ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

2.മുൻ വർഷങ്ങളിൽ ആർജ്ജിച്ച എല്ലാ ആസ്തികളുടേയും മൂല്യം കണക്കാക്കി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
തൻവർഷം ആർജ്ജിച്ച എല്ലാ ആസ്തികളേയും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3. സഞ്ചയ- സാംഖ്യ ഇൻറഗ്രേഷൻ പൂർത്തീകരിച്ചിട്ടില്ല.

4. ലഭ്യമാക്കിയ വാർഷിക സംക്ഷിപ്ത പ്രകാരമുള്ള വസ്തു നികുതി ഡിമാന്റും വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ് തുകയും പൊരുത്തപ്പെടുന്നില്ല.

5.കാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ഇനത്തിൽ 21690802/-രൂപ നൽകിയിട്ടുണ്ട്. ആയതിൽ 502108രൂപയുടെ പാർട്ട് ബില്ലും 568205 രൂപയുടെ ഫൈനൽ ബില്ലും ഉൾപ്പെടെ 1070313 നൽകിയിട്ടുണ്ട്. എന്നാൽ ആയത് ആസ്തിയാക്കി മാറ്റിയിട്ടില്ല.

6. ബാലൻസ് ഷീറ്റിൽ ബി- 15 ഷെഡ്യൂളിൽ വസ്തു നികുതി, തൊഴിൽ നികുതി, പരസ്യ നികുതി, ലൈസൻസ് ഫീ, വാടക എന്നീയിനങ്ങളുടെ കുടിശ്ശികയുടെ വർഷം തിരിച്ചുള്ള കുടിശ്ശിക ഡിമാൻറ് റജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

7.മുൻകൂർ രജിസ്റ്റർ സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല. മുൻ വർഷങ്ങളിൽ നൽകിയ മുൻകൂർ തുകകൾ ക്രമീകരിക്കാതെ ബാലൻസ് ഷീറ്റിൽ അവശേഷിക്കുന്നു.

8.പി എൻ.ബി (തനത് ഫണ്ട്) a/c no.3485 ൽ മിറർ അക്കൗണ്ടിലേക്ക് മാറ്റിയ 589423/- രൂപ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

9. മുൻ വർഷങ്ങളിൽ പിൻവലിച്ച പദ്ധതിപ്പണം ചെലവഴിക്കാതെ സെക്രട്ടറിയുടെ പേരിൽ എസ്.ബി.ടി.യിലുള്ള അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ-5561) അവശേഷിക്കുന്നു. 31-3-2018 ന് അക്കൗണ്ടിൽ 2554260 രൂപ ബാലൻസുണ്ട്. ടി- തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടില്ല.

10. ഇടപാടുകൾ ഇല്ലാത്ത താഴെ കൊടുത്തിട്ടുള്ള ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | അക്കൗണ്ട് നമ്പർ | 31-3-17- ലെ ബാലൻസ് |
|---|---|---|
| 1 | കനറാ ബാങ്ക്- A/C no.22797 | 157585 |
| 2 | വിജയ ബാങ്ക്-IDSSMT A/C.<br>NO. 10279 | 1249792 |
| 3 | SBT-OWN FUND A/C<br>no.5656 | 201554. 46 |

11.അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ, റേഷ്യോസ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

12. 2017-18 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ ലഭിച്ച തുക താഴെ പറയും പ്രകാരമാണ്.

| ഡിമാന്റ്<br>(ആകെ ലഭ്യമായ തുക) | കളക്ഷൻ<br>(പിരിച്ചെടുത്തത്) | | ബാലൻസ്<br>(കുടിശ്ശിക) |
|---|---|---|---|
| | അഡ്വാൻസ് കളക്ഷൻ | തൻവർഷം | |
| 9,57,082<br>Schedule: I-4(b)<br>INCOME AND EXPENDITURE STATEMENT | 5,89,654<br>RP-29 Other Liabilities<br>2016-17 | 5,01,237<br>RP-37 Sundry Debtors (Receivables) | 85,125<br>Schedule: B-15 Sundry Debtors |

കളക്ഷന്റെയും ബാലൻസിന്റേയും ആകെ തുക (11,76,016) ഡിമാന്റുമായി (9,57,082) പൊരുത്തപ്പെടുന്നില്ല.

13. 2017-18 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം ലൈസൻസ് ഫീസ് കുടിശ്ശിക ഇനത്തിൽ ലഭിച്ച തുക താഴെ പറയും പ്രകാരമാണ്.

| കുടിശ്ശിക ഡിമാന്റ് | കളക്ഷൻ - തൻവർഷം<br>(പിരിച്ചെടുത്തത്) | ബാലൻസ്<br>(കുടിശ്ശിക) |
|---|---|---|
| 7,92,716<br>Schedule: B-15 Sundry Debtors<br>2016-17 AFS | 18,260<br>RP-37 Sundry Debtors (Receivables) | 1,972<br>Schedule: B-15 Sundry Debtors |

ലൈസൻസ് കുടിശ്ശിക ഡിമാന്റ്- കളക്ഷൻ - ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല.

14. ലഭ്യമാക്കിയ രജിസ്റ്ററിലെ തുക വാർഷിക ധനകാര്യ പത്രികയിലെ തുകയും പൊരുത്തപ്പെടുന്നില്ല. വാർഷിക സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. തൻവർഷം വാടക ഇനത്തിൽ ലഭിക്കാനുള്ള ആകെ തുക 1,71,990 രൂപയാണ്. ആയത് വാർഷിക ധനകാര്യ പത്രികയിലെ തുകയും പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|

| | (ആകെ ലഭ്യമായ തുക) | (പിരിച്ചെടുത്തത്) | | (കുടിശ്ശിക) |
|---|---|---|---|---|
| | | അഡ്വാൻസ് കളക്ഷൻ | തൻവർഷം | |
| Rent from Shopping Complex | 159,980<br>(Schedule: I-3 Rental Income from Muncipal Poperties) | | | |
| Rent from Other Civic Amenities | 143,736<br>(Schedule: I-3 Rental Income from Muncipal Poperties) | - | 155305<br>RP-37 Sundry Debtors | 4675<br>Schedule: B-15 Sundry Debtors |
| ആകെ | 303716 | | | |

കളക്ഷന്റെയും ബാലൻസിന്റേയും ആകെ തുക (159980) ഡിമാന്റുമായി (143,736) പൊരുത്തപ്പെടുന്നില്ല.

15. 2017-18 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം വാടക കുടിശ്ശിക ഇനത്തിൽ ലഭിച്ച തുക താഴെ പറയും പ്രകാരമാണ്.

| കുടിശ്ശിക ഡിമാന്റ് | കളക്ഷൻ - തൻവർഷം<br>(പിരിച്ചെടുത്തത്) | ബാലൻസ്<br>(കുടിശ്ശിക) |
|---|---|---|
| 3,36,981<br>Schedule: B-15 Sundry Debtors<br>2016-17 AFS | 22,855<br>RP-37 Sundry Debtors (Receivables) | 3,667<br>Schedule: B-15 Sundry Debtors |

വാടക കുടിശ്ശിക ഡിമാന്റ്- കളക്ഷൻ - ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല.

**16.2017-18 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ലഭിച്ച തുക താഴെ പറയും പ്രകാരമാണ്.**

| ഡിമാന്റ്<br>(ആകെ ലഭ്യമായ തുക) | കളക്ഷൻ<br>(പിരിച്ചെടുത്തത്) | | ബാലൻസ്<br>(കുടിശ്ശിക) |
|---|---|---|---|
| | അഡ്വാൻസ് കളക്ഷൻ | തൻവർഷം | |
| 51,91,020<br>Schedule: I-1 Tax Revenue | - | 5,027,870<br>RP-1 Tax Revenue | - |

ആകെ കളക്ഷൻ (5,027,870) ആകെ ഡിമാന്റുമായി(51,91,020) പൊരുത്തപ്പെടുന്നില്ല. സെക്ഷൻ ഇത് സംബന്ധിച്ച് വാർഷിക സംക്ഷിപ്തം തയ്യാറാക്കിയട്ടില്ല. വ്യത്യാസം 1,63,150

17. 2017-18 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം സ്ഥാപനങ്ങളുടെ **തൊഴിൽ നികുതി** കുടിശ്ശിക ഇനത്തിൽ ലഭിച്ച തുക താഴെ പറയും പ്രകാരമാണ്.

| കുടിശ്ശിക ഡിമാന്റ് | കളക്ഷൻ - തൻവർഷം<br>(പിരിച്ചെടുത്തത്) | ബാലൻസ്<br>(കുടിശ്ശിക) |
|---|---|---|
| 65,60,298<br>Schedule: B-15 Sundry Debtors<br>2016-17 AFS | 2,78,840<br>RP-37 Sundry Debtors (Receivables) | 6,97,861<br>Schedule: B-15 Sundry Debtors |

സ്ഥാപനങ്ങളുടെ **തൊഴിൽ നികുതി** കുടിശ്ശിക ഡിമാന്റ്- കളക്ഷൻ - ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല.

18.മുൻ വർഷത്തെ വാർഷിക കണക്കുകളിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

## ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നതിലെ വീഴ്ചകൾ നിരീക്ഷിക്കുന്നില്ല.

മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നത് പ്രത്യേകമായി നിരീക്ഷിക്കുന്നതിന് സൂക്ഷിക്കുന്ന രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പൊന്നാനി നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന പതിനൊന്ന് മൊബൈൽ ടവറുകളുടെ വിവരം 2013-14,2014-15 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക2-4ൽ പരാമർമർശിച്ചിരുന്നു. പ്രസ്തുത വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ /കെട്ടിട നമ്പർ | ടവർ വിവരങ്ങൾ | നിർണയിച്ച നികുതി |
|---|---|---|---|
| 1 | PMC X/161-A Wef : 2005-06 Fisrt Half (01/04/2005) | ജനറൽ മാനേജർ, ഭാരതി എയർടെൽ | 10016 (9539+477) |
| 2 | PMC X/208-D Wef : 01/10/2009 2009-10 Second Half | സുദേവൻ വി ഡി,വയർലസ്സ് ടി ടി ഇൻഫോ സർവീസ് ലിമിറ്റഡ് എസ് എൽ പ്ലാസ , പാലാരിവട്ടം , കൊച്ചി | 19688 (18750+938) |
| 3 | PMC X17/256-A Wef : 01/10/2008 2008-09 Second Half | ജനറൽ മാനേജർ, ഭാരതി എയർടെൽ ലിമിറ്റഡ് കൊച്ചി | 16694 |
| 4 | PMC 18/3-J Wef : 01/04/2008 | എസ്സാർ ടെലകോം ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് | 16695 (15900+795) |
| 5 | PMC 29/17-A | M/s റിലയൻസ് ഇൻഫോകോം ലിമിറ്റഡ് 43/2618, ജവഹർ നഗർ,കടവന്ത്ര , കൊച്ചി | 1390 |
| 6 | PMC 30/70-D Wef : 01/04/2006 | അലക്സ് മാത്യൂസ് സി മാനേജർ ടാറ്റാ ടെലി സർവീസസ് ലിമിറ്റഡ്, കൊച്ചി | 1848 |
| 7 | 32/181-A | M/s വയർലസ് ടി ടി ഇൻഫോ സർവീസസ് ലിമിറ്റഡ് എസ് എൽ പ്ലാസ , പാലാരിവട്ടം , കൊച്ചി | 18428 (17550+878) |
| 8 | EP 4 /628 C Wef : 01/04/2008 | ജനറൽ മാനേജർ ഭാരതി എയർടെൽ ലിമിറ്റഡ് NH ബൈപാസ്, കുണ്ടന്നൂർ കൊച്ചി | 8348 (7950+398) |
| 9 | EP 7 /1035 -A | വൊഡാഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ്, | 5292 |

| | | | |
|---|---|---|---|
| | Wef : 01/04/2002 | 1st ഫ്ലോർ മേത്തർ സ്ക്വയർ<br>എറണാകുളം | (5040+252) |
| '10 | EP 7 /321 E | ബിജു ടി നായർ<br>എെഡിയ സെല്ലുലാർ ലിമിറ്റഡ്, മേഴ്സി എസ്റ്റേറ്റ്, 2nd ഫ്ലോർ രവിപുരം കൊച്ചി. | 19688<br>(18750+938) |
| 11 | PMC 32/308-B | ഡിഷ്നെറ്റ് വയർലസ് | 20475 |

പരാമർമർശിച്ചവയ്ക്ക് ശേഷം സ്ഥാപിച്ച ടവറുകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല. പരാമർമർശിച്ചവയും അല്ലാത്തവയുമായ ടവറുകളുടെ വസ്തുനികുതി ഏതു കാലം വരെ അടവാക്കിയെന്ന വിവരമോ കുടിശ്ശിക വിവരമോ കുടിശ്ശിക വരുത്തിയവയുടെ നികുതി വസൂലാക്കുന്നതിന് സ്വീകരിച്ച നിയമ നടപടികളുടെ വിവരമോ ലഭ്യമാക്കിയില്ല. പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കേണ്ടതിന് 61/ 27.11.2018നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭ പരിധിയിലുള്ള മുഴുവൻ മൊബൈൽ ടവറുകളുടെയും വസ്തുനികുതി കുടിശ്ശിക പിരിച്ചെടുത്തും അനധികൃതമായി പ്രവർത്തിക്കുന്നവയിൽ നിന്നും നിയമാനുസരണം ലഭ്യമാക്കേണ്ട പിഴകൾ ഈടാക്കിയും നിയമ ലംഘനം തുടരുന്നവയുടെ പ്രവർത്തനം അവസാനിപ്പിച്ചും വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-2 പാർപ്പിട ക്വാർട്ടേഴ്സുകളുടെ വസ്തുനികുതി ഈടാക്കുന്നത് അധിക നിരക്കിൽ

കേരള മുനിസിപ്പാലിറ്റി നിയമം 233(2)(എ) വകുപ്പ് പ്രകാരം വസ്തു നികുതി ചുമത്തുന്നതിന്റെ ആവശ്യത്തിലേക്ക് കെട്ടിടങ്ങളെ അവയുടെ ഉപയോഗക്രമമനുസരിച്ച് ഇനം തിരിച്ചിട്ടുണ്ട്. 233(3) വകുപ്പ് പ്രകാരം ഒരേ ഇനത്തിന് അല്ലെങ്കിൽ അതിന്റെ ഉപവിഭാഗത്തിൽ പെട്ട എല്ലാ കെട്ടിടങ്ങൾക്കും മുനിസിപ്പാലിറ്റി പ്രദേശത്ത് എല്ലായിടത്തും ഒരേ അടിസ്ഥാന വസ്തു നികുതി നിരക്ക് ആയിരിക്കേണ്ടതുമാണ്.

233(2)(എ) വകുപ്പ് പ്രകാരം തിരിച്ച ഒന്നാമത്തെ ഇനം (i) പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്നവ എന്നതാണ്. 14.01.2011ലെ സ.ഉ(അ)17/2011/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ മുനിസിപ്പൽ പ്രദേശത്ത് ബാധകമായ വസ്തു നികുതി നിരക്ക് സംബന്ധിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ ഏറ്റവും കുറഞ്ഞതും കൂടിയതുമായ നിരക്കിന്റെ പരിധി വ്യക്തമാക്കിയിട്ടുള്ളതാണ്. ആക്ടിലെ പ്രസ്തുത വകുപ്പുകളുടെയും വിജ്ഞാപനത്തിന്റെയും അടിസ്ഥാനത്തിൽ നഗരസഭയിലെ വസ്തു നികുതി നിരക്ക് സംബന്ധിച്ച് 01.10.2014 ലെ ആർ2-3417/11 നമ്പർ അന്തിമ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത അന്തിമ വിജ്ഞാപന പ്രകാരം പാർപ്പിടാവശ്യത്തിനുള്ളവയുടെ നികുതി നിരക്ക് 8/- രൂപയാണ്.

പാർപ്പിടാവശ്യത്തിനുള്ളവയിൽ ഉൾപ്പെടുന്ന പാർപ്പിട ക്വാർട്ടേഴ്സുകൾക്ക് വസ്തു നികുതി നിർണ്ണയിക്കുന്നതിന് അന്തിമ വിജ്ഞാപന പ്രകാരമുള്ള (8/-) നിരക്കിനേക്കാൾ കൂടിയ നിരക്ക് പരിഗണിച്ചതായി കാണുന്നു.

| ക്ര.നം. | പേര് | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | ചുമത്തിയ നിരക്ക് | ചുമത്തിയ നികുതി | | | |
|---|---|---|---|---|---|---|---|---|
| | | | | | വസ്തു. നികുതി | ലൈ. കരം | ഉപ.സേ. നികുതി | ആകെ |
| 1 | ശ്രീ.അബ്ദുല്ല.അച്ചിപ്ര വളപ്പിൽ | 3/429D | 76.25m$^2$ | 50/- | 3450 | 173 | 345 | 3968 |
| 2 | | 3/429E | 76.25m$^2$ | 50/- | 3450 | 173 | 345 | 3968 |
| 3 | ശ്രീ.ഷൺമുഖൻ, കുറ്റിയിൽ. | 9/166B | 83.51m$^2$ | 30/- | 2255 | 113 | 226 | 2594 |
| 4 | | 9/166C | 83.51m$^2$ | 30/- | 2255 | 113 | 226 | 2594 |
| 5 | ശ്രീ.പ്രഭാകരൻ, കൊണ്ടരാട്ടിൽ | 17/125A | 55.665m$^2$ | 30/- | 2255 | 113 | 226 | 2594 |
| 6 | | 17/125B | 55.665m$^2$ | 30/- | 2255 | 113 | 226 | 2594 |
| 7 | | 17/125C | 70.363m$^2$ | 30/- | 2850 | 143 | 285 | 3278 |
| 8 | | 17/125D | 70.363m$^2$ | 30/- | 2850 | 143 | 285 | 3278 |
| 9 | ശ്രീ.അനീഷ് കുമാർ, കുറുത്തേടത്ത് | 20/1072A | 65.83m$^2$ | 30/- | 1778 | 89 | 178 | 2045 |
| 10 | | 20/1072B | 65.84m$^2$ | 30/- | 1778 | 89 | 178 | 2045 |
| 11 | ശ്രീമതി.സുബൈദ, നെടുശ്ശേരി വളപ്പിൽ | 21/225A | 67.93m$^2$ | 30/- | 1834 | 92 | 183 | 2109 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 12 | | 21/225B | $65.79m^2$ | 30/- | 1777 | 89 | 178 | 2044 |
| 13 | ശ്രീ.സുനിൽ കുമാർ, എണ്ണശ്ശേരി. | 21/259A | $62.47m^2$ | 50/- | 2812 | 141 | 281 | 3234 |
| 14 | | 21/259B | $62.47m^2$ | 50/- | 2812 | 141 | 281 | 3234 |
| 15 | ശ്രീ.കോയ, പവറാക്കാനകത്ത് | 29/262A | $50.00m^2$ | 30/- | 1350 | 68 | 135 | 1553 |
| 16 | | 29/262B | $58.28m^2$ | 30/- | 1575 | 79 | 158 | 1812 |
| 17 | | 29/262C | $58.28m^2$ | 30/- | 1575 | 79 | 158 | 1812 |
| 18 | | 29/262D | $50.00m^2$ | 30/- | 1350 | 68 | 135 | 1553 |
| 19 | സർവ്വശ്രീ.അലി& ബൽക്കീസ്, അമ്പലത്തുവീട്ടിൽ | 40/209A | $54.52m^2$ | 30/- | 2209 | 110 | 221 | 2540 |
| 20 | | 40/209B | $54.49m^2$ | 30/- | 2207 | 110 | 221 | 2538 |
| 21 | | 40/209C | $54.49m^2$ | 30/- | 2207 | 110 | 221 | 2538 |
| 22 | | 40/209D | $54.49m^2$ | 30/- | 2207 | 110 | 221 | 2538 |
| 23 | | 40/209E | $63.78m^2$ | 30/- | 2583 | 129 | 258 | 2970 |
| 24 | | 40/209F | $63.81m^2$ | 30/- | 2584 | 129 | 258 | 2971 |
| 25 | | 40/209G | $63.81m^2$ | 30/- | 2584 | 129 | 258 | 2971 |
| 26 | | 40/209H | $63.78m^2$ | 30/- | 2583 | 129 | 258 | 2970 |

നഗരസഭയുടെ വിജ്ഞാപനത്തിൽ പാർപ്പിട നികുതി നിശ്ചയിച്ചിട്ടുള്ള വാടക ക്വാർട്ടേഴ്സുകൾ പരിശോധിച്ച് വാടകയ്ക്ക് അനുസരിച്ച് നികുതി നിശ്ചയിക്കുന്നതാണെന്ന് വ്യക്തമാക്കിയതായി കാണുന്നു. എന്നാൽ വാടക മൂല്യത്തിനനുസരിച്ച് നികുതി നിർണ്ണയിക്കുന്നത് , ബന്ധപ്പെട്ട ചട്ടങ്ങൾ, ഉത്തരവുകൾ എന്നിവ പ്രകാരം സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഒഴിവാക്കിയിട്ടുള്ളതാണ്.

കേരള മുനിസിപ്പാലിറ്റി നിയമത്തിനും സർക്കാർ ഉത്തരവിനും വിരുദ്ധമായി പാർപ്പിട ക്വാർട്ടേഴ്സുകൾക്ക് അധിക നിരക്കിൽ നികുതി ചുമത്തിയതിനെ സാധൂകരിക്കുന്ന മറ്റെന്തെങ്കിലും നിയമമോ ചട്ടമോ ഉത്തരവുകളോ ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതിന് 55 /26.11.2018 നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. നികുതി നിർണ്ണയിച്ചത് പരിശോധിക്കുന്നതാണെന്നും നിയമത്തിനും ചട്ടങ്ങൾക്കും വിരുദ്ധമാണെന്ന് കാണുന്ന പക്ഷം നികുതി പുനർനിർണ്ണയിച്ച് വിവരം ലഭ്യമാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-3 കെട്ടിട വാടക പിരിവ് - സർക്കാർ അംഗീകൃത ബൈലോ പ്രകാരമല്ല

നഗരസഭയുടെ 2017-18 വർഷത്തെ വാടക വരവ് രേഖകൾ പരിശോധിച്ചതിൽ തൻവർഷം 14 റൂമുകളാണ് വാടകക്ക് മാറ്റി വെച്ചിട്ടുള്ളത്. നിലവിൽ 13 റൂമുകളിൽ നിന്നാണ് വാടക പിരിച്ചെടുക്കുന്നത്. 2017-18 ൽ 20% വാടക വർദ്ധിപ്പിച്ചു. വർദ്ധിപ്പിച്ച നിരക്കിലാണ് 2017-18 വാടക ഇൗടാക്കുന്നത്. വാടകയുടെ കൂടെ 15 % സേവന നികുതിയും (2017 ജൂലൈ 1 മുതൽ GST 18% വർദ്ധിപ്പിച്ചു) പിരിച്ചെടുക്കുന്നുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

**പഴയ മുനിസിപ്പൽ ബിൽഡിംഗിലെ 11 റൂമുകൾ**

| ക്രു.ന | റൂം നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | വാടകക്കാരന്റെ പേര് | വാടക (മാസം) | ആകെയുള്ള മാസം | ഇൗടാക്കിയ തുക (2017-18) | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | Room No . 1 (ഷട്ടർ റൂം) | PMC-18/16 | ശ്രീ. ഇസ്മായിൽ എം | 2907 | 12 | 34884 | |
| 2 | Room | PMC- | ശ്രീ. ദാസൻ | 1032 | 12 | 12384 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | No . 2 (ഷട്ടർ റൂം) | 18/17 | എം | | | | |
| 3 | Room No . 3 (ഷട്ടർ റൂം) | PMC-18/18 | ശ്രീ. ചന്ദ്രൻ കെ | 1047 | 12 | 12564 | |
| 4 | Room No . 11 (ഷട്ടർ റൂം) | PMC-18/19 | ശ്രീമതി. ഷാഹിദ കല്ലയിൽ | 1266 | 12 | 15192 | |
| 5 | Room No . 12 (ഷട്ടർ റൂം) | PMC-18/20 | ശ്രീമതി. ഷാഹിദ പി | 1253 | 12 | 15036 | |
| 6 | Room No . 13 (ഷട്ടർ റൂം) | PMC-18/21 | | 1121 | 12 | 13452 | |
| 7 | Room No . 14 | PMC-18/22 | ശ്രീ. എം രാജൻ (ഹോട്ടൽ) | 2042 | 12 | 24504 | |
| 8 | Room No . 15 | PMC-18/23 | | | | | |
| 9 | Room No . 16 | PMC-18/24 | | | | | |
| 10 | Room No . 17 (ഷട്ടർ റൂം) | PMC-18/25 | | 695 | 12 | 8340 | |
| 11 | Room No . 5 (ഒന്നാം നില) | PMC-18/15 | ലേഡി ടെക്ക് എൈ.ടി സെന്റർ | 668 | 12 | 8016 | കൗൺസിൽ തീരുമാന പ്രകാരം 20% വർദ്ധനവ് വരുത്തിയിട്ടില്ല |
| | | | | | ആകെ (A) | 144372 | |

**കോടതിപ്പടിയിലെ മിനി സിവിൽ സ്റ്റേഷനിൽ 1 റൂം**

| ക്ര.ന | റൂം നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | വാടകക്കാരന്റെ പേര് | വാടക (മാസം) | ആകെയുള്ള മാസം | ഇൗടാക്കിയ തുക (2017-18) | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | Room No . 22 | PMC-3/313B | ശ്രീമതി. സുശീല (തൃപ്തി വനിതാ ഹോട്ടൽ) | 1890 | 9 | 17010 | അറ്റ കുറ്റ പണി നടന്നതിൽ കൗൺസിൽ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | തീരുമാന പ്രകാരം 3 മാസത്തെ വാടകയിൽ ഇളവ് നൽകി |
| | | | | | ആകെ (B) | 17010 | |

**മുക്കാടിയിലെ 1 റൂം**

| ക്ര.ന | റൂം നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | വാടകക്കാരന്റെ പേര് | വാടക (മാസം) | ആകെയുള്ള മാസം | ഈടാക്കിയ തുക (2017-18) | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | Room No . 21 | PMC-19/193 | ശ്രീ. കുഞ്ഞിബാവ (ബേക്കറി) | 884 | 12 | 10608 | |
| | | | | | ആകെ (C) | 10608 | |

**നഗരസഭ – സ്റ്റാഫ് ക്വാർട്ടേഴ്സ് ബിൽഡിംഗിലെ 1 റൂം**

| ക്ര.ന | റൂം നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | വാടകക്കാരന്റെ / സ്ഥാപനത്തിന്റെ പേര് | വാടക (മാസം) | ആകെയുള്ള മാസം | ഈടാക്കിയ തുക (2017-18) | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | Room No . 23 | ലഭ്യമായില്ല | നല്ല ഭക്ഷണ പ്രസ്ഥാനം | | | | വാടക ഈടാക്കുന്നില്ല |

എന്നാൽ നഗരസഭയുടെ കീഴിലെ കെട്ടിടങ്ങൾ വാടക സർക്കാർ അംഗീകൃത ബൈലോ പ്രകാരമല്ല ഈടാക്കി വരുന്നത്. ബൈലോ ഓഡിറ്റിന് പരിശോധനക്ക് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് 1991 മുതൽ നിലവിലുള്ള ബൈലോ പ്രകാരം 2001 വരെയുള്ള കാലയളവിൽ ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ ലൈസൻസ് വ്യവസ്ഥയിൽ ഏറ്റെടുത്ത കക്ഷികൾ തന്നെയാണ്. ഇപ്പോഴും മുറികൾ കൈവശം വെച്ചിട്ടുള്ളത് എന്നും സെക്ഷനിൽ ലഭ്യമല്ലാത്തതിനാൽ കണ്ടെത്തുന്ന മുറക്ക് പരിശോധനക്ക് ഹാജരാക്കാമെന്നും അറിയിച്ചു. അംഗീകൃത ബൈലോ ഇല്ലാത്തതിനാൽ വാടകക്കാരുമായി കരാറിലേർപ്പെടുമ്പോൾ ചമയ്ക്കുന്ന നിബന്ധനകൾക്ക് ഏകീകൃത സ്വഭാവമോ കൃത്യമായ സർക്കാർ മാനദണ്ഡങ്ങളോ പാലിക്കപ്പെടുന്നില്ല. നിലവിൽ ബൈലോ വീണ്ടെടുക്കാൻ സാധിക്കാതെ വന്നാൽ പുതിയ ബൈലോ തയ്യാറാക്കി സർക്കാറിൽ നിന്ന് അംഗീകാരം വാങ്ങിക്കേണ്ടതാണ്. അംഗീകൃത നിയമാവലി തയ്യാറാക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഓഡിറ്റിന്റെ സമാപന യോഗത്തിൽ ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. തുടർവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**നഗരസഭ – സ്റ്റാഫ് ക്വാർട്ടേഴ്സ് ബിൽഡിംഗിൽ പ്രവർത്തിക്കുന്ന നല്ല ഭക്ഷണ പ്രസ്ഥാനം എന്ന സ്ഥാപനത്തിൽ നിന്ന് വാടക ഈടാക്കുന്നില്ല.**

നഗരസഭയുടെ കീഴിൽ പുളിക്കടവ് എന്ന സ്ഥലത്തെ നഗരസഭയുടെ സ്റ്റാഫ് ക്വാർട്ടേഴ്സ് ബിൽഡിംഗിൽ (Room No . 23) പ്രവർത്തിക്കുന്ന നല്ല ഭക്ഷണ - പ്രസ്ഥാനം നിന്ന് 2017-18 സാമ്പത്തിക വർഷത്തിൽ വാടക ഈടാക്കിയിട്ടില്ല.




നഗരസഭ ടി കെട്ടിടം വാടകക്ക് നൽകിയത് ശ്രീ.കമലാ മേനോനായിരുന്നു. 2016-17 ൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന കുടിശ്ശിക 1863 രൂപ ലഭിക്കുന്നതിനായി നോട്ടീസ് 19.05.2017 നഗരസഭ അയച്ചതായി ഫയലിലുണ്ട്. എന്നാൽ തുടർനടപടി സ്വീകരിച്ചിട്ടില്ല. വാടക ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് സ്വാതന്ത്ര്യ ദിന സുവർണ ജൂബിലിയുടെ ഭാഗമായി നിർമിച്ച ടി കെട്ടിടത്തിന് സ്ഥലം വിട്ടു നൽകിയത് ശ്രീമതി കമലാ മേനോൻ എന്നിവരാണ് എന്നും ഈഴവത്തിരുത്തി പഞ്ചായത്തുമായി (ഈഴവത്തിരുത്തി പഞ്ചായത്ത് പിന്നീട് നഗരസഭയിൽ ലയിപ്പിച്ചു) ഉണ്ടാക്കിയ ഉടമ്പടി പ്രകാരം ടി കെട്ടിടത്തിലെ ഒരു മുറി ടിയാരിക്ക് അനുവദിക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ് എന്നും നഗരസഭ ടി കെട്ടിടം ഏറ്റെടുക്കുമ്പോൾ ടിയാരിയുടെ കൈവശത്തിൽ ആയിരുന്നു എന്നും ഇപ്പോൾ നല്ല ഭക്ഷണ പ്രസ്ഥാനം – ഇക്കോ ഷോപ്പ് (ജൈവ പച്ചക്കറി വിപണന കേന്ദ്രം) പ്രവർത്തിച്ചു വരുന്നു എന്നും അറിയിച്ചു. ഓഡിറ്റിന്റെ സമാപന യോഗത്തിൽ മേൽ വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.തുടർവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 ടെണ്ടർ ഫോമിന്റെ വില നഗരസഭ ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ - മുനി.എഞ്ചിനീയർ

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ ഇ ടെണ്ടറുകൾ വഴിയാണ് സമർപ്പിച്ചിട്ടുള്ളത്. നിലവിൽ ടെണ്ടർ ഫോറത്തിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൗണ്ടിൽ കിടക്കുകയാണ്. നഗരസഭക്ക് അർഹമായ ടെണ്ടർ ഫോറത്തിന്റെ വില, എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൗണ്ടിൽ നിന്നും നഗരസഭ ഫണ്ടിൽ ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്റ്റ് നം | ടെണ്ടർ സമർപ്പിച്ചവരുടെ എണ്ണം | ടെണ്ടർ ഫോമിന്റെ വില | ആകെ |
|---|---|---|---|
| 321/18 | 3 | 2100 | 6300 |
| 274/18 | 1 (Retender) | 1600 | 1600 |
| 157/18 | 1 (Retender) | 1600 | 1600 |
| 180/18 | 2 | 1600 | 3200 |
| 142/18 | 3 | 1200 | 3600 |
| 217/18 | 2 | 1000 | 2000 |
| 93/18 | 2 | 1000 | 2000 |
| 279/18 | 3 | 1470 | 4410 |
| 164/18 | 3 | 1600 | 4800 |
| 39/18 | 5 | 2000 | 10,000 |
| 192/18 | 2 | 1400 | 2800 |
| 229/18 | 5 | 1000 | 5000 |
| 154/18 | 2 | 1600 | 3200 |
| 196/18 | 3 | 1000 | 3000 |
| 176/18 | 2 | 1600 | 3200 |
| 288/18 | 2 | 1470 | 2940 |
| 44/18 | 2 | 1400 | 2800 |
| 360/18 | 2 | 1680 | 3360 |
| 286/18 | 2 | 2630 | 5260 |
| 49/18 | 1(retender) | 1600 | 1600 |
| 200/18 | 4 | 1600 | 6400 |
| 33/18 | 2 | 1600 | 3200 |
| 292/18 | 2 | 2000 | 4000 |
| 310/18 | 4 | 2000 | 8000 |
| 195/18 | 1(Retender) | 1200 | 1200 |
| 159/18 | 3 | 2500 | 7500 |
| 130/18 | 4 | 1200 | 4800 |
| 346/18 | 4 | 1050 | 4200 |
| 46/18 | 3 | 1200 | 3600 |
| 168/18 | 2 | 1000 | 2000 |
| 36/18 | 4 | 1200 | 4800 |
| 181/18 | 2 | 2500 | 5000 |
| 169/18 | 3 | 1500 | 4500 |
| 287/18 | 3 | 1580 | 4740 |
| 43/18 | 3 | 2500 | 7500 |
| 133/18 | 2 | 1000 | 2000 |
| 170/18 | 3 | 1600 | 4800 |
| 194/18 | 2 | 1600 | 3200 |
| 167/18 | 1(Retender) | 1200 | 1200 |
| 147 | 4 | 1600 | 6400 |

| | | | |
|---|---|---|---|
| 37/18 | 4 | 1600 | 6400 |
| 301/18 | 5 | 1370 | 6850 |
| 291/18 | 5 | 2640 | 13200 |
| Total | | | 188160 |

ടെണ്ടർ ഫോറത്തിന്റെ വില, എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൌണ്ടിൽ നിന്നും നഗരസഭ ഫണ്ടിൽ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല (AUDIT ENQUIRY No. 5 / 26.11.18)

# 2-5 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് നഗരസഭ ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല.

1996 ലെ കേരള ബിൽഡിംഗ ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. തൻവർഷത്തിൽ 602620 രൂപ നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം അടവാക്കിയിട്ടുണ്ട്. ഇതിന്റെ 1% കളക്ഷൻ ചാർജ് ഈടാക്കാത്തത് മൂലം തനത് വരുമാനത്തിൽ കുറവ് വന്നു. ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല (AUDIT ENQUIRY No. 52 / 26.11.18). ഭാവിയിൽ കളക്ഷൻ ചാർജ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 2-6 വസ്തു നികുതി പിഴപ്പലിശ ഇൗടാക്കുന്നതിലെ അപാകത

നിയമവും ചട്ടവും ബൈലോകളും പ്രകാരം ഗ്രാമ പഞ്ചായത്തിനു ലഭിക്കാനുള്ള ഏതൊരു തുകയും നിശ്ചിത സമയപരിധിക്കകം ഒടുക്കാത്ത പക്ഷം പ്രസ്തുത തുക നൽകേണ്ടതായ തിയ്യതി മുതൽ പ്രതിമാസം 1% നിരക്കിലുള്ള പിഴ സഹിതം ഈടാക്കേണ്ടതുണ്ട് (1994ലെ കേരള മുനിസിപ്പൽ ആക്ട് ,വകുപ്പ് 538 (2). കുടിശ്ശിക ഒറ്റത്തവണയായി അടയ്ക്കുന്ന പക്ഷം വസ്തു നികുതിയുടെ പിഴപ്പലിശ ഏസ്വകാലങ്ങളിലേയ്ക്ക് ഇളവ് ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്.

| സർക്കാർ ഉത്തരവ് നമ്പർ/തിയതി | പിഴപ്പലിശ ഇളവ് അനുവദിച്ച് നൽകിയ കാലയളവ് |
|---|---|
| സ.ഉ.(സാധാ) 278/2017 ത.സ്വ.ഭ.വ തിയതി 01.02.2017 | 01.02.2017 മുതൽ 31.03.2017 വരെ |
| സ.ഉ.(സാധാ) 3843/2017 ത.സ്വ.ഭ.വ തിയതി 28.11.2017 | 28.11.2017 മുതൽ 28.02.2018 വരെ |
| സ.ഉ.(സാധാ) 589/2018 ത.സ്വ.ഭ.വ തിയതി 01.03.2018 | 01.03.2018 മുതൽ 31.03.2018 വരെ |

പ്രസ്തുത ഉത്തരവുകൾ പ്രാബല്യമില്ലാത്ത കാലയളവുകളിൽ ഒടുക്കപ്പെടുന്ന കുടിശ്ശികത്തുകകൾക്ക് നിയമപ്രകാരമുള്ള നിരക്കിൽ പിഴപ്പലിശ ഈടാക്കേണ്ടതുണ്ട്. എന്നാൽ വസൂലാക്കിയ വസ്തു നികുതി കുടിശ്ശികകൾക്ക് നഗരസഭ പിഴപ്പലിശ ഈടാക്കിയതിൽ അപാകതയുള്ളതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു,

**ഉദഹരണം- 1**

**രസീതി ബുക്ക് നമ്പർ 892 (ശ്രീമതി.അനിത ടി എന്നവരുടെ പേരിൽ ഇഷ്യൂ ചെയ്തത്)**

| രസീതി നമ്പർ - 44553 (892) | ഇന വിവരം | കാലയളവ് | ഇൗടാക്കിയ തുക | റിമാർക്സ് |
|---|---|---|---|---|
| അടവാക്കിയ തിയതി - 08.11.2018<br>കെട്ടിട നമ്പർ - PMC -31 / 31 J | വസ്തു നികുതി | 2018-19 (1st Half + 2nd Half) | 900 | 1st Half - 450<br>2nd Half - 450 |
| | | | | |

| | | | | |
|---|---|---|---|---|
| കെട്ടിട ഉടമ – ശ്രീ. കണ്ണാഞ്ചേരി സുന്ദരൻ<br>വസ്തു നികുതി നിർണയിച്ചത്- 900 (450+450)<br>ലൈബ്രറി സെസ് - 45 (5% 900) | ലൈബ്രറി സെസ് | 5% 900<br>(1st Half + 2nd Half) | 45 | |
| | അടവാക്കിയ തിയതി 08.11.2018<br>പ്രതിമാസം 1% നിരക്കിലുള്ള പിഴ | 7% 450 | 32 | 1st Half – 7%<br>2nd Half – പിഴ ഇല്ല |
| | ആകെ | | 977 | |

നഗരസഭ പ്രതിമാസം 1% നിരക്കിലുള്ള പിഴ കണക്കാക്കുന്നത് താഴെ പറയും പ്രകാരമാണ്.

| നികുതി അടക്കുന്ന മാസം | | 2018 ഏപ്രിൽ | 2018 മെയ് | 2018 ജൂൺ | 2018 ജൂലൈ | 2018 ഓഗസ്റ്റ് | 2018 സെപ്ത | 2018 ഒക്ടോ | 2018 നവംബർ | 2018 ഡിസ | 2018 ജനു | 2018 ഫെബ്രു | 2018 മാർച്ച് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 2018-19 | 1st Half | അടക്കേണ്ടത് സെപ്തംബർ 30 വരെ, തുടർന്ന് വൈകുന്ന ഓരോ മാസവും പിഴപ്പലിശ 1% വീതം | | | | | | 6% | 7% | 8% | 9% | 10% | 11% |
| | 2st Half | - | | | | | | അടക്കേണ്ടത് മാർച്ച് 31 വരെ | | | | | |

യഥാർത്ഥത്തിൽ ഈടാക്കേണ്ടത് താഴെ പറയും പ്രകാരമാണ്.

| നികുതി അടക്കുന്ന മാസം | | 2018 ഏപ്രിൽ | 2018 മെയ് | 2018 ജൂൺ | 2018 ജൂലൈ | 2018 ഓഗസ്റ്റ് | 2018 സെപ്ത | 2018 ഒക്ടോ | 2018 നവംബർ | 2018 ഡിസ | 2018 ജനു | 2018 ഫെബ്രു | 2018 മാർച്ച് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 2018-19 | 1st Half | അടക്കേണ്ടത് സെപ്തംബർ 30 വരെ, തുടർന്ന് വൈകുന്ന ഓരോ മാസവും പിഴപ്പലിശ 1% വീതം | | | | | | 1% | 2% | 3% | 4% | 5% | 6% |
| | 2st Half | - | | | | | | അടക്കേണ്ടത് മാർച്ച് 31 വരെ | | | | | |

| | ഇന വിവരം | കാലയളവ് | ഈടാക്കിയ തുക | റിമാർക്സ് |
|---|---|---|---|---|
| രസീതി നമ്പർ - 44553 (892)<br>അടവാക്കിയ തിയതി - 08.11.2018<br>കെട്ടിട നമ്പർ - PMC -31 / 31 J<br>കെട്ടിട ഉടമ – ശ്രീ. കണ്ണാഞ്ചേരി സുന്ദരൻ<br>വസ്തു നികുതി നിർണയിച്ചത്- 900 (450+450)<br>ലൈബ്രറി സെസ് - 45 (5% 900) | വസ്തു നികുതി | 2018-19<br>(1st Half + 2nd Half) | 900 | 1st Half - 450<br>2nd Half - 450 |
| | ലൈബ്രറി സെസ് | 5% 900<br>(1st Half + 2nd Half) | 45 | |
| | അടവാക്കിയ തിയതി 08.11.2018<br>പ്രതിമാസം 1% നിരക്കിലുള്ള പിഴ | 2% 450 | 9 | 1st Half – 2%<br>2nd Half – പിഴ ഇല്ല |
| | ആകെ | | 954 | |

**ഉദാഹരണം- 2**

**രസീതി ബുക്ക് നമ്പർ 889 (ശ്രീ. അസ്കർ പി എന്നവരുടെ പേരിൽ ഇഷ്യു ചെയ്തത്)**

| രസീതി നമ്പർ - 44409 (889)<br>അടവാക്കിയ തിയതി - 02.11.2018<br>കെട്ടിട നമ്പർ - EP -1 / 139 A<br>കെട്ടിട ഉടമ – ശ്രീ. അയ്യിക്കൽ മുഹമ്മദ് | ഇന വിവരം | കാലയളവ് | ഈടാക്കിയ തുക | റിമാർക്സ് |
|---|---|---|---|---|
| | വസ്തു നികുതി | 2017-18<br>(1st Half + 2nd Half)<br>2018-19 | 228<br>228 | 1st Half - 114<br>2nd Half - 114 |

| | | | | |
|---|---|---|---|---|
| വസ്തു നികുതി നിർണയിച്ചത്- 228 (114+114)<br>ലൈബ്രറി സെസ് - 11 (5% 228) | | (1st Half + 2nd Half) | | |
| | ലൈബ്രറി സെസ് | 5% 228<br>2017-18<br>2018-19 | 11<br>11 | |
| | അടവാക്കിയ തിയതി 02.11.2018<br>പ്രതിമാസം 1% നിരക്കിലുള്ള പിഴ | 39% 114 | 45 | 2017-18 1st Half – 19%<br>2017-18 2nd Half – 13%<br>2018-19 1st Half – 7%<br>2018-19 2nd Half – പിഴ ഇല്ല |
| | ആകെ | | 523 | |

## നഗരസഭ പ്രതിമാസം 1% നിരക്കിലുള്ള പിഴ കണക്കാക്കുന്നത് താഴെ പറയും പ്രകാരമാണ്.

<table>
<tr><th colspan="2">നികുതി അടക്കുന്ന മാസം</th><th colspan="2">2018<br>ഏപ്രിൽ</th><th colspan="2">2018<br>മെയ്</th><th colspan="2">2018<br>ജൂൺ</th><th colspan="2">2018<br>ജൂലൈ</th><th colspan="2">2018<br>ഓഗസ്റ്റ്</th><th colspan="2">2018<br>സെപ്ത</th><th colspan="2">2018<br>ഒക്ടോ</th><th colspan="2">2018<br>നവംബർ</th><th colspan="2">2018<br>ഡിസ</th><th colspan="2">2018<br>ജനു</th><th colspan="2">2018<br>ഫെബ്രു</th><th colspan="2">2018<br>മാർച്ച്</th></tr>
<tr><td rowspan="2">2018-19</td><td>1st Half</td><td colspan="12">അടക്കേണ്ടത് സെപ്തംബർ 30 വരെ, തുടർന്ന് വൈകുന്ന ഓരോ മാസവും പിഴപ്പലിശ 1% വീതം</td><td colspan="2">6%</td><td colspan="2">7%</td><td colspan="2">8%</td><td colspan="2">9%</td><td colspan="2">10%</td><td colspan="2">11%</td></tr>
<tr><td>2st Half</td><td colspan="12">-</td><td colspan="12">അടക്കേണ്ടത് മാർച്ച് 31 വരെ</td></tr>
<tr><td rowspan="2">2017-18</td><td>1st Half</td><td>12</td><td rowspan="2">18%</td><td>13</td><td rowspan="2">20%</td><td>14</td><td rowspan="2">22%</td><td>15</td><td rowspan="2">24%</td><td>16</td><td rowspan="2">26%</td><td>17</td><td rowspan="2">28%</td><td>18</td><td rowspan="2">30%</td><td>19</td><td rowspan="2">32%</td><td>20</td><td rowspan="2">34%</td><td>21</td><td rowspan="2">36%</td><td>22</td><td rowspan="2">38%</td><td>23</td><td rowspan="2">40%</td></tr>
<tr><td>2st Half</td><td>6</td><td>7</td><td>8</td><td>9</td><td>10</td><td>11</td><td>12</td><td>13</td><td>14</td><td>15</td><td>16</td><td>17</td></tr>
</table>

യഥാർത്ഥത്തിൽ ഈടാക്കേണ്ടത് താഴെ പറയും പ്രകാരമാണ്.

<table>
<tr><th colspan="2">നികുതി അടക്കുന്ന മാസം</th><th colspan="2">2018<br>ഏപ്രിൽ</th><th colspan="2">2018<br>മെയ്</th><th colspan="2">2018<br>ജൂൺ</th><th colspan="2">2018<br>ജൂലൈ</th><th colspan="2">2018<br>ഓഗസ്റ്റ്</th><th colspan="2">2018<br>സെപ്ത</th><th colspan="2">2018<br>ഒക്ടോ</th><th colspan="2">2018<br>നവംബർ</th><th colspan="2">2018<br>ഡിസ</th><th colspan="2">2018<br>ജനു</th><th colspan="2">2018<br>ഫെബ്രു</th><th colspan="2">2018<br>മാർച്ച്</th></tr>
<tr><td rowspan="2">2018-19</td><td>1st Half</td><td colspan="12">അടക്കേണ്ടത് സെപ്തംബർ 30 വരെ, തുടർന്ന് വൈകുന്ന ഓരോ മാസവും പിഴപ്പലിശ 1% വീതം</td><td colspan="2">1%</td><td colspan="2">2%</td><td colspan="2">3%</td><td colspan="2">4%</td><td colspan="2">5%</td><td colspan="2">6%</td></tr>
<tr><td>2st Half</td><td colspan="12">-</td><td colspan="12">അടക്കേണ്ടത് മാർച്ച് 31 വരെ</td></tr>
<tr><td rowspan="2">2017-18</td><td>1st Half</td><td>7</td><td rowspan="2">8%</td><td>8</td><td rowspan="2">10%</td><td>9</td><td rowspan="2">12%</td><td>10</td><td rowspan="2">14%</td><td>11</td><td rowspan="2">16%</td><td>12</td><td rowspan="2">18%</td><td>13</td><td rowspan="2">20%</td><td>14</td><td rowspan="2">22%</td><td>15</td><td rowspan="2">24%</td><td>16</td><td rowspan="2">26%</td><td>17</td><td rowspan="2">28%</td><td>18</td><td rowspan="2">30%</td></tr>
<tr><td>2st Half</td><td>1</td><td>2</td><td>3</td><td>4</td><td>5</td><td>6</td><td>7</td><td>8</td><td>9</td><td>10</td><td>11</td><td>12</td></tr>
</table>

| രസീതി നമ്പർ - 44409 (889)<br>അടവാക്കിയ തിയതി - 02.11.2018<br>കെട്ടിട നമ്പർ - EP -1 / 139 A<br>കെട്ടിട ഉടമ – ശ്രീ. അയ്യിക്കൽ മുഹമ്മദ്<br>വസ്തു നികുതി നിർണയിച്ചത്- 228 (114+114)<br>ലൈബ്രറി സെസ് - 11 (5% 228) | ഇന വിവരം | കാലയളവ് | ഈടാക്കിയ തുക | റിമാർക്സ് |
|---|---|---|---|---|
| | വസ്തു നികുതി | 2017-18<br>(1st Half + 2nd Half)<br>2018-19<br>(1st Half + 2nd Half) | 228<br>228 | 1st Half - 114<br>2nd Half - 114 |
| | ലൈബ്രറി സെസ് | 5% 228<br>2017-18<br>2018-19 | 11<br>11 | |
| | അടവാക്കിയ തിയതി 02.11.2018 | 24% 114 | 27 | 2017-18 1st Half – 14% |

| | | | | |
|---|---|---|---|---|
| | പ്രതിമാസം 1% നിരക്കിലുള്ള പിഴ | | | 2017-18 2nd Half – 8%<br>2018-19 1st Half – 2%<br>2018-19 2nd Half – പിഴ ഇല്ല |
| | ആകെ | | 505 | |

വസൂലാക്കിയ വസ്തു നികുതി കുടിശ്ശികകൾക്ക് നഗരസഭ പിഴപ്പലിശ ഈടാക്കിയതിൽ അപാകതയുള്ളതാൽ പ്രതിമാസം 1% നിരക്കിലുള്ള പിഴ താഴെ പറയും പ്രകാരം പുന ക്രമീകരിക്കേണ്ടതാണ്.

**വസ്തു നികുതി പിഴപ്പലിശ**

| നികുതി അടക്കുന്ന മാസം | | 2018 ഏപ്രിൽ | | 2018 മെയ് | | 2018 ജൂൺ | | 2018 ജൂലൈ | | 2018 ഓഗസ്റ്റ് | | 2018 സെപ്ത | | 2018 ഒക്ടോ | | 2018 നവംബർ | | 2018 ഡിസ | | 2018 ജന | | 2018 ഫെബ്രു | | 2018 മാർച്ച് | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 2018-19 | 1st Half | അടക്കേണ്ടത് സെപ്റ്റംബർ 30 വരെ, തുടർന്ന് വൈകുന്ന ഓരോ മാസവും പിഴപ്പലിശ 1% വീതം | | | | | | | | | | | | 1% | | 2% | | 3% | | 4% | | 5% | | 6% | |
| | 2st Half | - | | | | | | | | | | | | അടക്കേണ്ടത് മാർച്ച് 31 വരെ | | | | | | | | | | | |
| 2017-18 | 1st Half | 7 | 8% | 8 | 10% | 9 | 12% | 10 | 14% | 11 | 16% | 12 | 18% | 13 | 20% | 14 | 22% | 15 | 24% | 16 | 26% | 17 | 28% | 18 | 30% |
| | 2st Half | 1 | | 2 | | 3 | | 4 | | 5 | | 6 | | 7 | | 8 | | 9 | | 10 | | 11 | | 12 | |
| 2016-17 | 1st Half | 19 | 32% | 20 | 34% | 21 | 36% | 22 | 38% | 23 | 40% | 24 | 42% | 25 | 44% | 26 | 46% | 27 | 48% | 28 | 50% | 29 | 52% | 30 | 54% |
| | 2st Half | 13 | | 14 | | 15 | | 16 | | 17 | | 18 | | 19 | | 20 | | 21 | | 22 | | 23 | | 24 | |
| 2015-16 | 1st Half | 31 | 56% | 32 | 58% | 33 | 60% | 34 | 62% | 35 | 64% | 36 | 66% | 37 | 68% | 38 | 70% | 39 | 72% | 40 | 74% | 41 | 76% | 42 | 78% |
| | 2st Half | 25 | | 26 | | 27 | | 28 | | 29 | | 30 | | 31 | | 32 | | 33 | | 34 | | 35 | | 36 | |
| 2014-15 | 1st Half | 43 | 80% | 44 | 82% | 45 | 84% | 46 | 86% | 47 | 88% | 48 | 90% | 49 | 92% | 50 | 94% | 51 | 96% | 52 | 98% | 53 | 100% | 54 | 102% |
| | 2st Half | 37 | | 38 | | 39 | | 40 | | 41 | | 42 | | 43 | | 44 | | 45 | | 46 | | 47 | | 48 | |
| 2013-14 | 1st Half | 55 | 104% | 56 | 106% | 57 | 108% | 58 | 110% | 59 | 112% | 60 | 114% | 61 | 116% | 62 | 118% | 63 | 120% | 64 | 122% | 65 | 124% | 66 | 126% |
| | 2st Half | 49 | | 50 | | 51 | | 52 | | 53 | | 54 | | 55 | | 56 | | 57 | | 58 | | 59 | | 60 | |
| 2012-13 | 1st Half | 67 | 128% | 68 | 130% | 69 | 132% | 70 | 134% | 71 | 136% | 72 | 138% | 73 | 140% | 74 | 142% | 75 | 144% | 76 | 146% | 77 | 148% | 78 | 150% |
| | 2st Half | 61 | | 62 | | 63 | | 64 | | 65 | | 66 | | 67 | | 68 | | 69 | | 70 | | 71 | | 72 | |
| 2011-12 | 1st Half | 79 | 152% | 80 | 154% | 81 | 156% | 82 | 158% | 83 | 160% | 84 | 162% | 85 | 164% | 86 | 166% | 87 | 168% | 88 | 170% | 89 | 172% | 90 | 174% |
| | 2st Half | 73 | | 74 | | 75 | | 76 | | 77 | | 78 | | 79 | | 80 | | 81 | | 82 | | 83 | | 84 | |
| 2010-11 | 1st Half | 91 | 176% | 92 | 178% | 93 | 180% | 94 | 182% | 95 | 184% | 96 | 186% | 97 | 188% | 98 | 190% | 99 | 192% | 100 | 194% | 101 | 196% | 102 | 198% |
| | 2st Half | 85 | | 86 | | 87 | | 88 | | 89 | | 90 | | 91 | | 92 | | 93 | | 94 | | 95 | | 96 | |
| 2009-10 | 1st Half | 103 | 200% | 104 | 202% | 105 | 204% | 106 | 206% | 107 | 208% | 108 | 210% | 109 | 212 % | 110 | 214 % | 111 | 216% | 112 | 218% | 113 | 220% | 114 | 222% |
| | 2st Half | 97 | | 98 | | 99 | | 100 | | 101 | | 102 | | 103 | | 104 | | 105 | | 106 | | 107 | | 108 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/ 26.11.2018) മറുപടി ലഭ്യമാക്കിയില്ല.

## 2-7 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിൽ നിഷ്കർഷിച്ച പ്രകാരമുള്ള രജിസ്റ്ററുകളിൽ നഗരസഭ കൃത്യമായ രേഖപ്പെടുത്തലുകൾ നടത്താത്തതിനാൽ വാർഷിക കണക്കുകളിലെ തുകയുടെ ആധികാരികത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ചട്ടം 10 പ്രകാരം സെക്രട്ടറി ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ച് കൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും അങ്ങനെയുള്ള സംഗതിയിൽ ഓഫീസ് മേധാവിയും സ്വയം ശമ്പളം എഴുതി വാങ്ങുന്ന ഓഫീസർമാരും നികുതി നൽകാൻ ബാദ്ധ്യസ്ഥരായ ആളുകളായിരിക്കുന്നതും അടവ് തുക അവരുടെ പേരിൽ വരവ് വെക്കേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ സ്ഥാപനങ്ങളുടെ പേരുകളും അവയ്ക്ക് നേരെ അടവാക്കിയ ആകെ തുക മാത്രം രേഖപ്പെടുത്തുകയുമാണ്. എല്ലാ സ്ഥാപനങ്ങളുടെയും, ഓഫീസർമാരുടേയും അടവ് വിവരം ഈ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ, വാർഷിക സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. തികഞ്ഞ ലാഘവത്തോടെയാണ് തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ കൈകാര്യം ചെയ്തിട്ടുള്ളത്. 2017-18 വാർഷിക ധനകാര്യപത്രിക പ്രകാരം 51,91,020 ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ മാത്രം വരവുണ്ട്. എന്നാൽ നഗരസഭയുടെ എല്ലാ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്നുള്ള വിവരങ്ങൾ പോലും ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

<u>1. സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല</u>

നഗരസഭാ പരിധിയിൽ തൊഴിൽ നികുതി അടക്കുവാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെ രജിസ്റ്റർ നഗരസഭ സൂക്ഷിക്കാത്തതിനാൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്താനായില്ല.

2 <u>അഭിഭാഷകരിൽ നിന്നും നികുതി ഈടാക്കിയില്ല.</u>

2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3(2) ൽ സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ , പാരമെഡിക്കൽ വിദഗ്ധർ തുടങ്ങിയവരിൽ നിന്ന് 1250/- രൂപ അർദ്ധവാർഷിക നികുതി ഈടാക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇവരിൽ നിന്നും 2017-18 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി പൂർണമായും പിരിച്ചെടുക്കുന്നുണ്ടെന്നും ആയത് കൃത്യമായി രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നുണ്ടെന്നും നഗരസഭയുടെ ധനകാര്യ സ്ഥിരം സമിതി ശ്രദ്ധിക്കേണ്ടതാണ്.

## 2-8 വരവ് ഇനങ്ങളിൽ വൻ തുകകൾ കുടിശ്ശികയായി അവശേഷിക്കുന്നു

നഗരസഭയുടെ വരവ് - ചെലവ് കണക്കുകൾ പരിശോധിച്ചതിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B – 15 പ്രകാരം 31-03-18 ന് വിവിധ വരവ് ഇനങ്ങളിൽ ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള തുകകൾ പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| ഇനം | തൻവർഷ കുടിശ്ശിക (Current) | മുൻവർഷങ്ങളിലെ കുടിശ്ശിക (Arrears) | ആകെ തുക |
|---|---|---|---|
| വസ്തു നികുതി | 18,35,031 | 1,09,25,476 | 1,27,60,507 |
| തൊഴിൽ നികുതി (Institutions/Professionals/Traders) | 2,66,099 | 6,97,861 | 9,63,960 |
| ലൈസൻസ് | 85,125 | 1972 | 87,097 |
| പരസ്യ നികുതി | 28,880 | 53,575 | 82,455 |
| വാടക | 4675 | 3667 | 8342 |
| മറ്റു വരവുകൾ | 6,31,223 | 1,53,13,267 | 1,59,44,490 |
| | | ആകെ | 2,98,46,851 |

ഇത്രയും ഭീമമായ തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു എന്നുള്ളത് സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രതയെ തന്നെ സാരമായി ബാധിക്കുന്നകാര്യമായതിനാൽ ആയത് അത്യന്തം ഗൗരവത്തോടെ കാണേണ്ടിയിരിക്കുന്നു. കുടിശ്ശിക രജിസ്റ്ററുകൾ സെക്ഷനുകൾ തയ്യാറാക്കാത്തതിനാൽ മേൽ തുകയുടെ ആധികാരികത ഓഡിറ്റിന് ഉറപ്പുവരുത്താനായില്ല. ആയതിനാൽ ടി തുകകൾ കാലഹരണപ്പെട്ട് പോകാതെ, സമയബന്ധിതമായി പിരിച്ചെടുക്കാൻ വേണ്ട അടിയന്തിര നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-9 നഗരസഭയിലെ അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3 (2) ൽ ക്രമ നമ്പർ 10 പ്രകാരം കരാറുകാരിൽ നിന്നും ഓരോ അർദ്ധവർഷവും 1,250/- രൂപ വീതം തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2017-18 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന കരാറുകാർ നഗരസഭയുടെ വിവിധ പദ്ധതികൾ ഏറ്റെടുത്തു നടത്തിയിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് ടെൻഡർ രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് ലഭ്യമായ കരാറുകാരുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | കരാറുകാരുടെ പേര് |
|---|---|
| 1 | ശ്രീ. ടി.വി ഷാജേഷ് |
| 2 | ശ്രീ. ദിലീഷ് ടി.പി |
| 3 | ശ്രീ. അബ്ദുൽ സത്താർ പി പി |
| 4 | ശ്രീ. മൻസൂർ എ.വി |
| 5 | ശ്രീ. ബാലകൃഷ്ണൻ കെ.കെ |
| 6 | ശ്രീ. പ്രവീൺ എസ്. |
| 7 | ശ്രീ. ഉണ്ണി കൃഷ്ണൻ ഇ |
| 8 | ശ്രീ. എ.വി മൂസക്കുട്ടി |
| | |

| ക്ര.ന | കരാറുകാരുടെ പേര് |
|---|---|
| 9 | ശ്രീ. മുജീബ് റഹ്മാൻ സി |
| 10 | ശ്രീ. റിജിൽ എ |
| 11 | ശ്രീ. പി.പി അബ്ദുൽ സത്താർ |
| 12 | ശ്രീ. അബൂബക്കർ എ.വി |
| 13 | ശ്രീ. മുഹമ്മദ് ഇക്ബാൽ |
| 14 | ശ്രീ. ഭക്ത വത്സലൻ |
| 15 | ശ്രീ. അബ്ദു സലാം |
| 16 | ശ്രീ. കുഞ്ഞിമാൻ ഹാജി എ.പി |
| 17 | ശ്രീ. പത്മനാഭൻ |
| 18 | ശ്രീ. പി. ശ്രീധരൻ |
| 19 | ശ്രീ. ഷാലു ടി വി |

എന്നാൽ ഇവരിൽ ആരും തന്നെ തൊഴിൽനികുതി റിട്ടേണുകൾ നഗരസഭയിൽ സമർപ്പിയ്ക്കുകയോ അർഹമായ നികുതി ഒടുക്കുകയോ ചെയ്യിട്ടില്ല. തൊഴിൽനികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ കരാറുകാരിൽ നിന്നും നികുതി ഈടാക്കി വിവരം ഓഡിററിനെ അറിയിക്കേണ്ടതാണ്.

## 2-10 ജീവനക്കാരുടെ തൊഴിൽ നികുതി ഇൗടാക്കുന്നില്ല

ഡി & ഒ ലൈസൻസ് അപേക്ഷ /ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾ അവയുടെ സ്ഥാപന തൊഴിൽ നികുതി അടക്കുന്നുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി അടക്കുന്നില്ല. 2017-18 ലെ ഡി & ഒ ലൈസൻസ് അപേക്ഷകൾ പ്രകാരം ഏതാനും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം ഉദാഹരണമായി താഴെ കൊടുക്കുന്നു.

| ക്ര.ന | കെട്ടിട നമ്പർ / വാർഡ് നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | PMC 30 / 36 A | എെശ്വര്യ സിൽക്സ് & വെഡ്ഡിംഗ് സെന്റർ | 4 |
| 2 | PMC 30 / 41 | പേൾ ജ്വല്ലറി | 4 |
| 3 | PMC 30 / 86 E | അറ്റ്ലസ് ഗോൾഡ് സൂക്ക് | 6 |
| 4 | PMC 30 / 86 j | ബാബൂസ് മെഡിക്കൽസ് | 6 |
| 5 | PMC 18 / 117 | കെ.പി ഓയിൽ മിൽസ് (വെളിച്ചെണ്ണ നിർമാണം) | 13 |
| 6 | PMC 18 / 9 K | ബോംബെ ഹോട്ടൽ | 4 |
| 7 | PMC 28 / 508,509 | R.V Saw Mill | 4 |
| 8 | PMC 28 / 487 | അന്നം ഫുഡ് പ്രോഡക്ട്സ് | 4 |
| 9 | PMC 27 / 36 C | സന ഹോട്ടൽ | 4 |
| 10 | EP 8 / 499 H | കെ.പി ഫാർമസി | 6 |

നഗരസഭാ പരിധിയിൽ 2017-18 വർഷത്തിൽ ഡി&ഒ ലൈസൻസെടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 2106 എണ്ണമാണ്. മേൽ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെയും തൊഴിൽനികുതി എന്നിവ ഇൗടാക്കാത്തതിനാൽ ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ഗണ്യമായി കുറവ് ഉണ്ടാവുന്നുണ്ട്. കേരള സംസ്ഥാന തൊഴിൽ വകുപ്പ് പ്രസിദ്ധീകരിച്ച മിനിമം വേതന നിരക്ക് പ്രകാരം ഓഡിറ്റ് വർഷം വ്യാപാര സ്ഥാപനങ്ങളിലെയും ഷോപ്പുകളിലേയും ഏറ്റവും താഴെയുള്ള ഗ്രേഡ് -ഇ. ജീവനക്കാരന്റെ മിനിമം വേതനം പ്രതിമാസം 8280രൂപയാണ്. ആയത് പ്രകാരം ഒരു ജീവനക്കാരന്റെ അർദ്ധ വാർഷിക വരുമാനം കണക്കാക്കി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-11 ഡി ആന്റ് ഒ ലൈസൻസ് പിരിച്ചെടുക്കുന്നതിലെ അപാകങ്ങൾ

1. ഡി ആന്റ് ഒ ഡിമാന്റ് രജിസ്റ്ററിൽ അപേക്ഷ ലഭിച്ച തിയ്യതി, കച്ചവട സ്ഥാപനത്തിലെ ആകെ ജീവനക്കാരുടെ എണ്ണം എന്നിവ

രേഖപ്പെടുത്തുന്നില്ല, ഇത് മൂലം സമയബന്ധിതമായി അപേക്ഷകൾ തീർക്കാനുണ്ടോ എന്ന് ഓഡിറ്റിന് പരിശോധിക്കാനായില്ല, കച്ചവട സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ എണ്ണം രേഖപ്പെടുത്താത്തതിനാൽ കച്ചവടസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിന്റെ കൃത്യത പരിശോധിക്കാനായില്ല.

2. ഡി ആന്റ് ഒ ഡിമാന്റ് രജിസ്റ്ററിൽ തൻവർഷം ലഭിച്ച ഓരോ വാർഡിലേയും ലഭിച്ച തുക രേഖപ്പെടുത്തുന്നുണ്ടെങ്കിലും, ലൈസൻസ് ഇനത്തിൽ ലഭിച്ച ആകെ തുക ക്രോഡീകരിച്ച് രേഖപ്പെടുത്താത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ തുകയുടെ ആധികാരികത ഉറപ്പു വരുത്താനായില്ല. വാർഷിക സംക്ഷിപ്തം തയ്യാറാക്കേണ്ടതും ആയത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. വാർഷിക ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ അക്കൗണ്ട്സ് ഓഫീസർ ലൈസൻസ് സംബന്ധിച്ച സംക്ഷിപ്ത വിവരം ഹെൽത്ത് സെക്ഷനിൽ നിന്ന് ആവശ്യപ്പെടേണ്ടതും ആയത് സംബന്ധിച്ച ശരിയായ വിവരങ്ങൾ മാത്രം അക്കൗണ്ടിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

3. ബാലൻസ് ഷീറ്റ് പരിശോധിച്ചതിൽ തൻവർഷ കുടിശ്ശിക 85,125 രൂപയാണ്. എന്നാൽ ഇത് സംബന്ധിച്ച് ഡി ആന്റ് ഒ ഡിമാന്റ് രജിസ്റ്ററിൽ ലൈസൻസ് കുടിശ്ശികയുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.
4. സർക്കുലർ (66562/RC3/12/തസ്വഭവ തിയ്യതി 10.01.2013) പ്രകാരം ഡി ആന്റ് ഒ ലൈസൻസ് പുതുക്കി നൽകുമ്പോൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തി അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണന്ന് ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ പുതുക്കാൻ ലഭിച്ച അപേക്ഷകളിലൊന്നും അന്വേഷണ റിപ്പോർട്ട് ലഭ്യമല്ല.

5. മത്സ്യ – മാംസ വ്യാപാര സ്ഥാപനങ്ങൾ, ചായക്കട, ഹോട്ടൽ, ബേക്കറി എന്നിവക്ക് സാനിറ്ററി – ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നിരിക്കേ, നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന അത്തരം സ്ഥാപനങ്ങളിൽ നിന്ന് സാനിറ്ററി സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് ലൈസൻസ് പുതുക്കി നൽകുന്നത്.

6. നഗരസഭയിൽ ഡി&ഒ ലൈസൻസ് ഫീസ് പുനർ നിർണ്ണയം ചെയ്തത് 11.2.2002ലാണ്. കാലോചിതമായി ഫീസ് പുനർ നിർണ്ണയം ചെയ്യാത്തതുമൂലം ഓരോ വർഷവും നഗരസഭയ്ക്ക് വരുമാന നഷ്ടം സംഭവിക്കുന്നു. മുൻ വർഷ റിപ്പേർട്ടിൽ ഇക്കാര്യം പരാമർശിച്ചിരുന്നു, നഗരസഭയിൽ ഡി&ഒ ലൈസൻസ് ഫീസ് പുനർ നിർണ്ണയം നടത്തുന്നതിനാവശ്യമായി നടപടി സ്വീകരിക്കേണ്ടതാണ്.

7. 2017-18 സാമ്പത്തിക വർഷത്തെ ഡി ആന്റ് ഒ ലൈസൻസ് പിരിവ് സംബന്ധിച്ച് വാർഡ് തലത്തിൽ അവലോകനം താഴെ കൊടുക്കുന്നു

| വാർഡ് നമ്പർ | 2017-18 ൽ ലൈസൻസ് പുതുക്കിയവരുടെ എണ്ണം (A) | 2017-18 ൽ ലൈസൻസിന് പുതുതായി അപേക്ഷിച്ചവരുടെ എണ്ണം (B) | 2017-18 ൽ ലൈസൻസ് അപേക്ഷകരുടെ ആകെ എണ്ണം (C) | 2016-17 ൽ ലൈസൻസ് അപേക്ഷകരുടെ എണ്ണം (D) | കുറവ് (-)/ കൂടുതൽ(+) (A-D) |
|---|---|---|---|---|---|
| EP -1 | 40 | 0 | 40 | 41 | (-) 1 |
| EP -2 | 13 | 0 | 13 | 15 | (-) 2 |
| EP -3 | 71 | 4 | 75 | 69 | (+) 3 |
| EP -4 | 40 | 2 | 42 | 40 | |
| EP -5 | 79 | 1 | 80 | 77 | (+) 2 |
| EP -6 | 30 | 0 | 30 | 30 | |
| EP -7 | 388 | 39 | 427 | 472 | (-) 84 |
| EP -8 | 137 | 11 | 148 | 147 | (-) 10 |
| EP -9 | 28 | 6 | 34 | 33 | (-) 5 |
| EP -10 | 24 | 7 | 31 | 27 | (-) 3 |
| EP -11 | 13 | 0 | 13 | 15 | (-) 2 |
| EP -12 | 10 | 0 | 10 | 12 | (-) 2 |
| **ആകെ** | **873** | **70** | **943** | **978** | |
| PMC -1 | 21 | 1 | 22 | 20 | (+) 1 |
| PMC -2 | 1 | 0 | 1 | 1 | |

| | | | | | |
|---|---|---|---|---|---|
| PMC -3 | 5 | 0 | 5 | 4 | (+) 1 |
| PMC -4 | 8 | 0 | 8 | 7 | (+) 1 |
| PMC -5 | 10 | 1 | 11 | 10 | (+) 1 |
| PMC -6 | 5 | 0 | 5 | 5 | |
| PMC -7 | 8 | 1 | 9 | 10 | (-) 1 |
| PMC -8 | 5 | 0 | 5 | 5 | |
| PMC -9 | 7 | 0 | 7 | 7 | |
| PMC -10 | 60 | 12 | 72 | 62 | (-) 2 |
| PMC -11 | 2 | 0 | 2 | 2 | |
| PMC -12 | 16 | 0 | 16 | 14 | (+) 2 |
| PMC -13 | 6 | 0 | 6 | 6 | |
| PMC -14 | 11 | 0 | 11 | 11 | |
| PMC -15 | 12 | 0 | 12 | 12 | |
| PMC -16 | 9 | 0 | 9 | 10 | (-) 1 |
| PMC -17 | 39 | 7 | 46 | 39 | |
| PMC -18 | 78 | 11 | 89 | 81 | (-) 3 |
| PMC -19 | 27 | 2 | 29 | 27 | |
| PMC -20 | 4 | 1 | 5 | 5 | (-) 1 |
| PMC -21 | 19 | 1 | 20 | 19 | |
| PMC -22 | 40 | 0 | 40 | 41 | (-) 1 |
| PMC -23 | 74 | 2 | 76 | 81 | (-) 7 |
| PMC -24 | 50 | 1 | 51 | 49 | (+) 1 |
| PMC -25 | 57 | 4 | 61 | 57 | |
| PMC -26 | 26 | 0 | 26 | 29 | (-) 3 |
| PMC -27 | 122 | 10 | 132 | 124 | (-) 2 |

| | | | | | |
|---|---|---|---|---|---|
| PMC -28 | 74 | 14 | 88 | 75 | (-) 1 |
| PMC -29 | 72 | 14 | 86 | 75 | (-) 3 |
| PMC -30 | 74 | 5 | 79 | 73 | (+) 1 |
| PMC -31 | 48 | 8 | 56 | 44 | (+) 4 |
| PMC -32 | 68 | 10 | 78 | 66 | (+) 2 |
| ആകെ | **1058** | **105** | **1163** | **1071** | 0 |

(EP = ഈഴവത്തിരുത്തി പഞ്ചായത്ത് PMC= പൊന്നാനി മുനിസിപ്പാലിറ്റി).

നിലവിൽ 44 റവന്യൂ വാർഡ് (ഈഴവത്തിരുത്തി പഞ്ചായത്തിലെ 12 വാർഡുകൾ പൊന്നാനി മുനിസിപ്പാലിറ്റിയിലെ 32 വാർഡുകൾ) അടിസ്ഥാനത്തിലാണ് ലൈസൻസ് പിരിച്ചെടുക്കുന്നത് നഗരസഭയിലെ 51 ഇലക്ഷൻ വാർഡുകളിലുമുള്ള കടകളുടെ എണ്ണം തിട്ടപ്പെടുത്തി ഓരോ വാർഡിലുമുള്ള ട്രേഡേഴ്സിന്റെ എല്ലാ വിവരങ്ങളും (ഫോൺ നമ്പർ , ഇ-മെയിൽ ഐ.ഡി ഉൾപ്പെടെ) രേഖപ്പെടുത്തിയ ട്രേഡേഴ്സ് രജിസ്റ്റർ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. 51 ഇലക്ഷൻ വാർഡുകളുടെ അടിസ്ഥാനത്തിൽ ഡി ആന്റ് ഒ ലൈസൻസ് വിതരണം കാര്യക്ഷമമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (22/ 23.11.2018) മറുപടി ലഭ്യമാക്കിയില്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഉമ്പായികട ലൈറ്റ് ഹൗസ് റോഡ് റീടാറിംഗ് & ഇന്റർലോക്ക് പാകൽ -പാഴ്ചെലവ് 3,11,646 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ – മുനിസിപ്പൽ എഞ്ചിനീയർ

(SO195/18)

എം. ബുക്ക് - 80/16-17

കരാർ - 148/17.3.17

മൂല്യനിർണ്ണയം - 4,60,000

ബിൽ - 15/11.7.17

കരാറുകാരൻ - KV.ഫിറോസ്

Cost Index -36.19%-DSR: 2014

ഉമ്പായി കട ലൈറ്റ് ഹൗസ് റോഡിൽ 2 ഇടതോടുകൾ കൂടിചേരുന്ന ജംഗ്ഷൻ ഉണ്ട്. താഴ്ന്ന് കിടക്കുന്ന ഈ ഭാഗം ഇന്റർലോക്ക് ചെയ്ത് റോഡായി ഉപയോഗിക്കുന്നതിനും താരതമ്യേനെ ഉയർന്ന ഭാഗം ടാർ ചെയ്ത് പുനർ നിർമ്മിക്കുന്നതിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. പ്രവൃത്തിയിൽ 80 mm Paving block കളാണ് ഉപയോഗിച്ചിട്ടുള്ളത്.

പ്രവൃത്തിയിൽ ചെയ്ത ഇനങ്ങൾ താഴെ പറയുന്നു

| കോഡ് | ഇനം | അളവ് / തുക | ഇന്റർലോക്ക് വിരിച്ചതിന്റെ ചെലവ് |
|---|---|---|---|
| 4.11.2.1 | GSB | 23.73m3x1850.15m3=43904.05 | |
| 4.9 | WMM | 23.73m3x2980.51=70727.5 | |
| 5.1.1a | Prime coat | 158.18m2x31.61/m2=4978.57 | |
| 5.2.3a | Tack Coat | 157.5m2x11.36/m2=1789.20 | |
| 5.9.1.2a | Chiping Carpet | 157.50m2x152.12/m2=23958.90 | |
| | | | |

| | | | |
|---|---|---|---|
| 5.12.A.3.2a | Seal Coat | 157.50m2x57.53/m2=9060.97 | |
| 4.11.2 | GSB | 37.50m3x1850.15/m3=69380.63 | 311646 |
| 6.7.1 | Interlock Paving | 249.99m2x969.10/m2=242265.31 | |
| | | Total- 4,60000 | 3,11,646 |

27.5.17 നാണ് പ്രവൃത്തി പൂർത്തിയായത്. 11.7.17 ന് ബിൽ തുക കരാറുകാരന് അനുവദിച്ചു. 24.11.18 ന് പ്രവൃത്തി ഓഡിറ്റ് നേരിൽ പരിശോധിച്ചതിൽ മേൽ പ്രവൃത്തിയുടെ ഭാഗമായി ഇന്റർലോക്ക് ചെയ്തതിന് മുകളിലൂടെ 2018-19 സാമ്പത്തിക വർഷത്തിൽ 413/19 പ്രൊജക്റ്റ് പ്രകാരം (മീൻ തെരുവ് വടക്ക് ഭാഗത്തെ ഇടവഴികൾ ഇന്റർലോക്ക് ചെയ്യൽ,ഉമ്പായികട റോഡ് ഇന്റർലോക്ക് ചെയ്യൽ എന്ന പദ്ധതി) വീണ്ടും ഇന്റർലോക്ക് പാകിയതായി കണ്ടു.പഴയ ഇന്റർലോക്ക് കട്ടകൾ പ്രവൃത്തി സ്ഥലത്ത് കുറച്ച് കൂട്ടിയിട്ടിട്ടുണ്ട്. പുതിയ പദ്ധതിയിൽ 60 mm Paving block കളാണ് ഇന്റർലോക്കിനായി ഉപയോഗിച്ചിട്ടുള്ളത്.

2018-19 വർഷത്തിൽ 413/19 പ്രൊജക്റ്റ് പ്രകാരം (മീൻ തെരുവ് വടക്ക് ഭാഗത്തെ ഇടവഴികൾ ഇന്റർലോക്ക് ചെയ്യൽ,ഉമ്പായികട റോഡ് ഇന്റർലോക്ക് ചെയ്യൽ) ഈ പ്രവൃത്തിക്ക് വേണ്ടി 5,43,323 രൂപ ചെലവഴിച്ചിട്ടുണ്ട്. കോൺക്രീറ്റ് റോഡുകൾക്ക് 10 വർഷവും ടാറിംഗ് റോഡുകൾക്ക് 3-4 വർഷവും ലൈഫ് കിട്ടുമെന്നിരിക്കെ അതേ ഇനത്തിൽപ്പെട്ട മറ്റൊരു പ്രവൃത്തിയാണ് റോഡിൽ ഇന്റർലോക്ക് പാകൽ. പ്രവൃത്തി നടത്തി ഒന്നര വർഷത്തിനുള്ളിൽ, അതേ പ്രവൃത്തി തന്നെ പ്രസ്തുത സ്ഥലത്ത് നടത്തിയതിനാൽ ആദ്യം ചെയ്ത പ്രവൃത്തിയിൽ ഇന്റർലോക്ക് വിരിക്കുന്നതിനായി ചെലവഴിച്ച 3,11,646 രൂപ പാഴ്ച്ചെലവായി മാറി. പ്രവൃത്തിയുടെ Deffect liability period പോലും കഴിഞ്ഞിട്ടില്ല എന്നതും ശ്രദ്ധേയമാണ്.




ഓഡിറ്റ് അന്വേഷണത്തിനുള്ള (AUDIT ENQUIRY No. 50 / 26.11.18) മറുപടി ലഭ്യമാക്കിയിട്ടില്ല. തൃപ്തികരമായ വിശദീകരണം ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ പ്രവൃത്തിയിലെ പാഴ്ച്ചെലവായ തുക ഉത്തരവാദികളിൽ നിന്നും ഈടാക്കുന്നതിന് ശുപാർശചെയ്യുന്നതാണ്.

## 3-2 സിമന്റ് കോൺക്രീറ്റിംഗ് - സൈഡ് ഷട്ടറിംഗ് ചെയ്യാത്ത പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചു - അധികം നൽകിയത് 49,529 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ – മുനിസിപ്പൽ എഞ്ചിനീയർ

താഴെ പറയുന്ന പ്രവൃത്തികൾ 24.11.18 ന് ഓഡിറ്റ് നേരിൽ പരിശോധിച്ചതിൽ പ്രവൃത്തികളിൽ 1:2:4 (Using 40 mm) Cement Concreting ചെയ്തിട്ടുള്ളത് സൈഡ് ഷട്ടറിംഗ് ചെയ്യാതെയും ചില പ്രവൃത്തികളിൽ ഭാഗികമായി ചെയ്തവയാണെന്നും (പ്രവൃത്തികളിൽ റോഡിന്റെ എഡ്ജ് കയറിയിറങ്ങിയതിനാലും സൈഡ് ഷട്ടറിംഗ് ചെയ്തിട്ടില്ല എന്ന് സ്ഥലപരിശോധനയിൽ

പങ്കെടുത്ത ഓവർസീയർ സമ്മതിച്ചിട്ടുള്ളതിനാലും) ബോധ്യപ്പെട്ടു. DSR കോഡ് 16.42 പ്രകാരമുള്ള നിരക്കാണ് പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുള്ളത്. ഇതിൽ സൈഡ് ഷട്ടറിംഗ് കുറച്ച നിരക്കാണ് കരാറുകാർക്ക് / കൺവീനർക്ക് അനുവദിക്കേണ്ടത്. അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

DATA without Side Shuttering

| | | | | |
|---|---|---|---|---|
| Stone 40mm | Cum | 0.52000 | 1050 | 546 |
| Stone 20mm | Cum | 0.22000 | 1175 | 258 |
| Stone 10mm | Cum | 0.11000 | 1175 | 129.25 |
| Carriage-<br>Stone 40mm | Cum | 0.52000 | 115.75 | 60.19 |
| Carriage-<br>Stone below 40mm | Cum | 0.33000 | 106.49 | 35.14 |
| Coarse sand | Cum | 0.44500 | 1200 | 534 |
| Carriage-<br>Stone below 40mm | Cum | 0.44500 | 106.49 | 47.39 |
| Portland Cement | Tonne | 0.32000 | 6300 | 2016 |
| Carriage-cement | Tonne | 0.32000 | 94.65 | 30.29 |
| Labour | | | | |
| Mason(Average) | Day | 0.10000 | 417 | 41.70 |
| Beldar | Day | 1.63000 | 329 | 536.27 |
| Bhisti | Day | 0.70000 | 363 | 254.10 |
| Hire charge-concrete mixer | Day | 0.07700 | 800 | 61.60 |
| Vibrator | Day | 0.07000 | 350 | 24.50 |
| Sundries | L.S | 1.43000 | 1.78 | 2.55 |
| | | | Total | 4577.48 |
| | | | Water charge 1% | 45.77 |
| | | | | 4623.25 |
| | | | Add CPOH 15% | 693.48 |
| | | | | 5316.73 |
| | | | Add Cost Index 36.19%<br>DSR:2014 | **7240.85/m3** (Contract Work) |
| 7240.85/115x100x7.5=6768.61 | | | | **6768.61/m3** (Convenor Work) |

| പ്രവൃത്തി | കോൺക്രീറ്റിംഗിന് അനുവദിച്ച തുക | സൈഡ് ഷട്ടറിംഗ് ചെയ്യാത്ത അളവിന് അനുവദിച്ച തുക | സൈഡ് ഷട്ടറിംഗ് ചെയ്യാത്ത അളവിന് അനുവദിക്കാവുന്ന തുക | കരാറുകാരന് / കൺവീനർക്ക് അധികം അനുവദിച്ച തുക |
|---|---|---|---|---|
| പള്ളപ്രം സ്കൂൾ റോഡ് കോണ്ക്രീറ്റിംഗ്<br>(SO328/18) | 22.73 m3 x6938.86/m3 = 157720 | 18.63m3 x6938.86/m3 = 129271 | 18.63m3x6768.61/m3 = 126099 | 3172 |

| | | | | |
|---|---|---|---|---|
| എം. ബുക്ക് - 73/16-17<br>മൂല്യനിർണ്ണയം - 198284<br>ബിൽ - 32/30.6.17<br>കൺവീനർ - ഹരിഹരൻ<br>Cost Index-36.19% | (length-72.2 m) | (length-72.2 -13(4.1m3) )=59.2 m | | |
| Cvജംഗ്ഷൻ പള്ളി മുതൽ എരിക്കമണ്ണ ഗണേശൻ വീട് വരെ റോഡ് കോണ്ക്രീറ്റിംഗ്<br>(SO401/18)<br>എം. ബുക്ക് - 76/16-17<br>മൂല്യനിർണ്ണയം - 322130<br>cheque- 2494848/4.8.17<br>കൺവീനർ - VP.പ്രബീഷ്<br>Cost Index-36.19% | 38.65m3 x6938.86/m3 = 268187 | 38.65m3 x6938.86/m3 = 268187 | 38.65m3x6768.61/m3 = 261607 | 6580 |
| പറങ്കിവളപ്പ് ക്ഷേത്രം റോഡ് കോണ്ക്രീറ്റിംഗ്<br>(SO291/18)<br>എം. ബുക്ക് - 215/16-17<br>മൂല്യനിർണ്ണയം - 841128<br>ബിൽ- 66/16.8.17<br>കരാറുകാരൻ - മുജീബ് റഹ്മാൻ<br>Tender below-24.56%(7422.98)<br>Cost Index-36.19% | 129.97m3 x5600/m3 = 727832 | 129.97m3 x5600/m3 = 727832 | 129.97m3 x5462/m3 = 709896<br>(7240.85-24.56%) | 17936 |
| സേലംപടി മുതൽ ആറ്റുപുറം റോഡ് കാന നിർമ്മാണം & റോഡ് കോണ്ക്രീറ്റിംഗ്<br>(SO321/18)<br>എം. ബുക്ക് - 246/16-17<br>മൂല്യനിർണ്ണയം - 1033934<br>ബിൽ-77/9.1.17<br>കരാറുകാരൻ - റിജിൻ<br>Tender below-16.48%(7422.98)<br>Cost Index-36.19% | 30.44m3 x6200/m3 = 188728<br>(length-206.2 m) | 25.01m3 x6200/m3 = 155062<br>(length-206.2 -47.3(5.43m3) )=158.9 m | 25.01m3x6047.55/m3 = 151249<br>(7240.85-16.48%) | 3813 |
| ചെറുപായ്കര പറയ കോളനി റോഡ് കോണ്ക്രീറ്റിംഗ്<br>(SO332/18)<br>എം. ബുക്ക് - 230/16-17<br>മൂല്യനിർണ്ണയം - 470317 | 68.76m3 x5797/m3 = 398628<br>(length-148.2 m) | 50.03m3 x5797/m3 = 290024<br>(length- 148.2 -34(18.73m3) )=114.2mtre | 50.03m3x5654.37/m3 = 282888<br>(7240.85-21.91%) | 7136 |

| | | | | |
|---|---|---|---|---|
| ബിൽ-46/28.7.17<br>കരാറുകാരൻ - TV.ഷാജേഷ്<br>Tender below-21.91%(7422.98)<br>Cost Index-36.19% | | | | |
| പ്രശാന്തി റോഡ് കോൺക്രീറ്റിംഗ്<br>(SO331/18)<br>എം. ബുക്ക് - 249/16-17<br>മൂല്യനിർണ്ണയം - 602860<br>ബിൽ-81/23.10.17<br>കരാറുകാരൻ - മുജീബ് റഹ്മാൻ<br>Tender below-20.52%(7422.98)<br>Cost Index-36.19% | 90..72m3 x5900/m3 = 535248<br>(length-201.3 m) | 75.12m3 x5900/m3 = 443208<br>(length-201.3 -32.7(15.6m3) )=168.6 m | 75.12m3x5755/m3 = 432316<br>(7240.85-20.52%) | 10892 |
| ആകെ | | | 49529 | |

**അധികം നൽകിയതിന് = 49529 രൂപ**

ഓഡിറ്റ് അന്വേഷണത്തിനുള്ള (AUDIT ENQUIRY No. 46 / 26.11.18) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ **49,529** രൂപ, പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയർ , ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

## 3-3 ഗ്രാമം റോഡിൽ ഡ്രൈനേജ് നിർമ്മാണം -അപാകത - അധികം നൽകിയത് 25488 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ – മുനിസിപ്പൽ എഞ്ചിനീയർ

(SO310/18)

എം. ബുക്ക് - 66/16-17

മൂല്യനിർണ്ണയം - 725732

ബിൽ - 26/11.7.17

കരാറുകരൻ- E.ശിവദാസൻ

Cost Index -36.19%

കരാർ - 144/17.3.17

ശക്തമായ വെള്ളക്കെട്ട് മൂലം യാത്രാസൗകര്യം ഇല്ലാതെ കിടക്കുന്ന ഈ റോഡിൽ സുഗമമായ യാത്രാ സൗകര്യം ഒരുക്കുന്നതിനുള്ള ശാശ്വത പരിഹാരം കാണുന്നതിനാണ് ഈ പദ്ധതി. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 1:3:6 സിമന്റ് കോൺക്രീറ്റിംഗ് ഉപയോഗിച്ച് സൈഡ് വാൾ, 1:4:8 അനുപാതത്തിൽ PCC, 1:1:5:3 (Using 20 mm) അനുപാതത്തിൽ സ്ലാബും അടങ്ങുന്ന ഡ്രൈൻ നിർമ്മാണം നടത്തുന്നു.

മേൽ പ്രവൃത്തിയുടെ ഇനം 5 പ്രകാരം 1:1:5:3 (Using 20 mm) അനുപാതത്തിൽ സ്ലാബ് 1.30 വീതിയിലും 0.20 cmകനത്തിലും സ്ഥാപിച്ചതിന് 29.69 m3നടത്തിയതിന് 7200/m3 നിരക്ക് വച്ച് 213768 രൂപ അനുവദിച്ചു. 24.11.18 ന് പ്രവൃത്തി ഓഡിറ്റ് നേരിൽ പരിശോധിച്ചതിൽ സ്ലാബിന്റെ വീതി 1.275 m (1.30+1.25/2), കനം 0.18 cmമാത്രമാണെന്ന് ബോധ്യപ്പെട്ടു. അളവ് പുസ്തകപ്രകാരമുള്ള അളവ് പ്രവൃത്തിയിൽ നടത്തിയിട്ടില്ലാത്തതിനാൽ അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

29.69 m3 /(1.30x1-0.20)x(1.275x0.18) = 26.15 m3

26.15 m3 x 7200/m3 = 188280

**അധികം നൽകിയതിന് = 25488 ( 213768 – 188280)**

ഓഡിറ്റ് അന്വേഷണത്തിനുള്ള (AUDIT ENQUIRY No. 48 / 26.11.18) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ **25488** രൂപ, പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയർ , ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

# 3-4 ടാറിംഗ് പ്രവൃത്തികളിൽ അധിക നിരക്ക് അനുവദിച്ചു – കരാറുകാർക്ക് അധികം നൽകിയത് 5,26,593 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ – മുനിസിപ്പൽ എഞ്ചിനീയർ

താഴെ പറയുന്ന ടാറിംഗ് പ്രവൃത്തികളിൽ സബ് ബേസ് ഉറപ്പാക്കുന്നതിന് ക്വാറി മക്ക് ഉപയോഗിക്കുന്നതിനുള്ള നിരക്ക് (Observed Data) അനുവദിക്കുന്നതിന് പകരം MORD 4.11.2 കോഡ് പ്രകാരമുള്ള നിരക്ക് അനുവദിച്ചത് വഴി അധിക ചെലവുണ്ടായി. തൻവർഷത്തിൽ ചെയ്ത കോൺക്രീറ്റ് പ്രവൃത്തികളിലെല്ലാം തന്നെയും 2018-19 വർഷത്തിലെ ടാറിംഗ് പ്രവൃത്തികളിലും സബ് ബേസ് ഉറപ്പാക്കുന്നതിന് ക്വാറി മക്ക് ഉപയോഗിക്കുന്നതിനുള്ള നിരക്കാണ് (Observed Data) അനുവദിച്ചിട്ടുള്ളത്.

| ക്രമ നം | പ്രൊജക്റ്റ് | ഇനം | അനുവദിച്ചത് (4.11.2 പ്രകാരം) | അനുവദിക്കാവുന്നത് (OD പ്രകാരം) (167271/17) | കുറവ് |
|---|---|---|---|---|---|
| 1 | SO44/18<br>ഓം തൃക്കാവ് 62ാം നമ്പർ അംഗനവാടി റോഡ് ടാറിംഗ്<br>MB-31/17-18<br>ബിൽ-135/28.3.18<br>മൂല്യനിർണ്ണയം-625130<br>കരാറുകാരൻ-PP.അബ്ദുൽ സത്താർ<br>Cost Index – 40.2%<br>Tender below – 3.3% | 1 | (2171.85/m3)<br>73.24 m3 x 2100 /m3 =153804 | (890.14 m3)<br>73.24 m3 x 860.76 m3 =63042 | 90762 |
| 2 | SO288/18<br>അണ്ടിത്തോട് കല്ലിക്കട റോഡ് ടാറിംഗ്<br>MB-199/16-17<br>ബിൽ-33/11.7.17<br>മൂല്യനിർണ്ണയം-648458<br>കരാറുകാരൻ-TP.ദിലീഷ്<br>Cost Index – 36.19% | 2.1 | (1850.15/m3)<br>24 m3 x 1850 /m3 =44400 | (889.60/ m3)<br>24 m3 x 889.51 m3 =21348 | 23052 |

| | | | | | |
|---|---|---|---|---|---|
| | Tender below – 0.01% | | | | |
| 3 | SO360/18<br>VV ഹംസ റോഡ് ടാറിംഗ്<br>MB-227/16-17<br>ബിൽ-53/16.8.17<br>മൂല്യനിർണ്ണയം-695922<br>കരാറുകാരൻ-റിജിൻ<br>Cost Index – 36.19%<br>Tender below – 18.9% | 2 | (1850.15/m3)<br>122.50m3 x 1500/m3 =183750 | (889.60/ m3)<br>122.50 m3 x 721.46 m3 =88379 | 95371 |
| 4 | SO287/18<br>ITC റോഡ് ടാറിംഗ്<br>MB-201/16-17<br>ബിൽ-78/9.10.17<br>മൂല്യനിർണ്ണയം-371089<br>കരാറുകാരൻ-AV.മൻസൂർ<br>Cost Index – 36.19%<br>(Estimate rate) | 1 | (1850.15/m3)<br>52.92 m3 x 1850.15 /m3 =97909 | (889.60/ m3)<br>52.92 m3 x 889.60 m3 =47078 | 50831 |
| 5 | SO357/18<br>കോട്ട റോഡ് ടാറിംഗ്<br>MB-261/16-17<br>ബിൽ-89/8.2.18<br>മൂല്യനിർണ്ണയം-343388<br>കരാറുകാരൻ-P.രാജൻ<br>Cost Index – 36.19%<br>Tender below – 0.01% | 2 | (1850.15/m3)<br>35.76m3 x 1850 /m3 =66156 | (889.60/ m3)<br>35.76 m3 x 889.51 m3 =31809 | 34347 |
| 6 | SO353/18 | 1 | (1850.15/m3) | (889.60/ m3) | 22794 |

| | | | | | |
|---|---|---|---|---|---|
| | ഉമ്പായി കട ലൈറ്റ് ഹൗസ് റോഡ് ടാറിംഗ് | | 23.73 m3 x 1850.15 /m3 =43904 | 23.73 m3 x 889.60 m3 =21110 | |
| | MB-80/16-17<br>ബിൽ-15/11.7.17<br>മൂല്യനിർണ്ണയം-460000<br>കരാറുകാരൻ-KV.ഫിറോസ്<br>Cost Index – 36.19%<br>(Estimate rate) | 2.1 | (1850.15/m3)<br>37.50 m3 x 1850.15 /m3 =69380.63 | (889.60/ m3)<br>37.50 m3 x 889.60 m3 =33360 | 36021 |
| 7 | SO35/18<br>നെയ്ത്തല്ലൂർ റോഡ് കല്ലുവെട്ടിക്കുഴി റോഡ് ടാറിംഗ്<br>MB-41/17-18<br>ബിൽ-137/28.3.18<br>മൂല്യനിർണ്ണയം-1266439<br>കരാറുകാരൻ-മുഹമ്മദ് ഇക്ബാൽ<br>Cost Index – 40.2%<br>Tender below – 3.3% | 3 | (2171.85/m3)<br>97.91 m3 x 2100 /m3 =205611 | (890.14 m3)<br>97.91 m3 x 860.76 m3 =84277 | 121334 |
| 8 | SO311/18<br>ചാണാ റോഡ്-ജിം റോഡ് ടാറിംഗ്<br>MB-68/16-17<br>ബിൽ-4/11.7.17<br>മൂല്യനിർണ്ണയം-474144<br>കരാറുകാരൻ-KV.ഫിറോസ്<br>Cost Index – 36.19%<br>(Estimate rate) | 2.1 | (1850.15/m3)<br>54.22 m3 x 1850.15 /m3 =100315 | (889.60/ m3)<br>54.22 m3 x 889.60 m3 =48234 | 52081 |
| | ആകെ | | | | 5,26,593 |

ഓഡിറ്റ് അന്വേഷണത്തിനുള്ള (AUDIT ENQUIRY No. 43 / 26.11.18) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ **5,26,593** രൂപ, പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയർ അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

## 3-5 ഹരിഹരമംഗലം ക്ഷേത്രം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി -അപാകത - അധികം നൽകിയത് 15,723 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ – മുനിസിപ്പൽ എഞ്ചിനീയർ

(SO304/18)

എം. ബുക്ക് - 158/16-17

മൂല്യനിർണ്ണയം - 409985

ബിൽ - 42/26.7.17

കൺവീനർ - പ്രശാന്ത്

Cost Index -36.19%

24.11.18 ന് പ്രവൃത്തി ഓഡിറ്റ് നേരിൽ പരിശോധിച്ചതിൽ ക്വാറി മക്ക് ഫില്ലിംഗ്, സിമന്റ് കോൺക്രീറ്റിംഗ് ,സൈഡ് ഷട്ടറിംഗ് എന്നിവ അളവ് പുസ്തകപ്രകാരമുള്ള അളവിൽ നടത്തിയിട്ടില്ലെന്ന് ബോധ്യപ്പെട്ടു. മൊത്തം 98.5 മീറ്റർ നീളത്തിലാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. ഇതിൽ 44.4 മീറ്റർ നീളം 2 മീറ്റർ വീതിയിലാണ് ക്വാറി മക്ക് ഫില്ലിംഗ്, 1:2:4 (Using 40 mm) Cement Concretingഎന്നിവ ചെയ്തിട്ടുള്ളത്. ചെയ്യാത്ത പ്രവൃത്തിക്ക് അനുവദിച്ച തുക താഴെ പറയുന്നു.

| ഇനം | അളവ് പുസ്തകപ്രകാരം അനുവദിച്ച തുക | പ്രവൃത്തിയിൽ ചെയ്തത് പ്രകാരം അനുവദിക്കാവുന്ന തുക | കരാറുകാരന് അധികം അനുവദിച്ച തുക |
|---|---|---|---|
| ക്വാറി മക്ക് ഫില്ലിംഗ് | 32.98m3x831.58/m3=<br>27425.51<br>(2.20 മീറ്റർ വീതിയിലും 0.15 cm കനത്തിലും ) | 31.65 m3x831.58/m3 = 26319.50<br>(2 മീറ്റർ വീതിയിലും 0.15 cm കനത്തിലും ) | 1106 |
| 1:2:4 (Using 40 mm) Cement Concreting | 32.98m3x6938.86/m3=<br>228843.60<br>(2.20 മീറ്റർ വീതിയിലും 0.15 cm കനത്തിലും ) | 31.65 m3x6768.61/m3 = 214226.50<br>(2 മീറ്റർ വീതിയിലും 0.15 cm കനത്തിലും ) | 14617 |
| ആകെ | 15723 | | |

പ്രവൃത്തിയിൽ സൈഡ് ഷട്ടറിംഗ് ചെയ്യാതെയാണ് 1:2:4 (Using 40 mm) Cement Concreting ചെയ്തിട്ടുള്ളത്. ആയതിനാൽ ഈയിനത്തിന് അനുവദിക്കാവുന്ന നിരക്ക് 6768.61/m3 രൂപയാണ്.

**കരാറുകാരന് അധികം നൽകിയതിന് = 15723**

ഓഡിറ്റ് അന്വേഷണത്തിനുള്ള (AUDIT ENQUIRY No. 41 / 26.11.18) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ **15723** രൂപ, പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയർ , ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു

## 3-6 സർവീസ് ടാക്സ് അടവാക്കിയില്ല – കരാറുകാർക്ക് അധികം നൽകിയത് 1,59,016 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ – മുനിസിപ്പൽ എഞ്ചിനീയർ

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ സർവീസ് ടാക്സ് മൂല്യനിർണ്ണയത്തിലുൾപ്പെടുത്തി കരാറുകാർക്ക് തുക അനുവദിച്ചു. സർവീസ് ടാക്സ് അടവാക്കിയിട്ടില്ലാത്തതിനാൽ കരാറുകാരിൽ നിന്നും സർവീസ് ടാക്സ് ഇനത്തിലുള്ള തുക തിരികെ ഈടാക്കിയിട്ടില്ല.

| ക്രമ നം | പ്രൊജക്റ്റ് | മൂല്യ നിർണ്ണയം | അടവാക്കേണ്ട നികുതി | അടവാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|
| 1 | SO396/18<br>മുനിസിപ്പൽ ഓഫീസ് കെട്ടിടം അടിയന്തിര പ്രവൃത്തികൾ - ഒന്നാം ഘട്ടം<br>MB-63/16-17<br>ബിൽ-21/11.7.17<br>കരാറുകാരൻ-KK.ഗോപിനാഥൻ | 494246<br>(466270+27976 ST) | 27976 | 0 | 27976 |
| 2 | SO398/18<br>മുനിസിപ്പൽ ഓഫീസ് കെട്ടിടം സ്റ്റയർകേസ് കൈവരി സ്ഥാപിക്കൽ,സാനിറ്ററി ഫിറ്റിംഗ്സ്<br>MB-25/16-17<br>ബിൽ-20/11.7.17<br>കരാറുകാരൻ-KK.ഗോപിനാഥൻ | 429738<br>(405412.99+24325 ST) | 24325 | 0 | 24325 |
| 3 | SO399/18<br>കടവനാട് ഫിഷറീസ് LPS മെയിന്റനൻസ്<br>MB-175/16-17<br>ബിൽ-24/11.7.17<br>കരാറുകാരൻ-K.പത്മനാഭൻ | 471310<br>(426524.83+44785 ST) | 44785 | 0 | 44785 |
| 4 | SO279/18<br>75ാം നമ്പർ അംഗനവാടി കെട്ടിട നിർമ്മാണം<br>MB-251/16-17<br>ബിൽ-79/9.10.17<br>കരാറുകാരൻ-TV.ഷാജേഷ് | 614098<br>(579338.49+34760 ST) | 34760 | 0 | 34760 |
| 5 | SO397/18<br>മുനിസിപ്പൽ ഓഫീസ് പ്ളംബിംഗ്,വാട്ടർ ടാങ്ക്,സോക്ക് പിറ്റ് നിർമ്മാണം<br>MB-133/16-17 | 480000<br>(452830+27170 ST) | 27170 | 0 | 27170 |

| | | | | | |
|---|---|---|---|---|---|
| | ബിൽ-7/11.7.17<br>കരാറുകാരൻ-<br>KK.ഗോപിനാഥൻ | | | | |
| | ആകെ | | | | 1,59,016 |

സർവ്വീസ് ടാക്സ് മൂല്യനിർണ്ണയത്തിൽ ഉൾപ്പെടുത്തി കരാറുകാർക്ക് അനുവദിച്ചു. നടപടി അംഗീകരിക്കുന്നില്ല. സർവ്വീസ് ചാർജ് അടവാക്കിയ രേഖകൾ ഹാജരാക്കുകയോ അധികമായി കൈപ്പറ്റിയ തുക തിരിച്ചടവാക്കുകയോ ചെയ്യേണ്ടതാണ്.

ഓഡിറ്റ് അന്വേഷണത്തിനുള്ള (AUDIT ENQUIRY No. 45 / 26.11.18) മറുപടി ലഭ്യമാക്കിയിട്ടില്ല. സർവീസ് ടാക്സ് അടവാക്കിയ രേഖകൾ ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ അധികം നൽകിയ **1,59,016** രൂപ, പ്രവൃത്തിയുടെ പേയ്മെന്റ് അനുവദിച്ച അസി.എഞ്ചിനീയർ എന്നവരുടെ ബാധ്യതയായി ചുമത്തുന്നു.

## 3-7 പടിഞ്ഞാറേകണ്ടം റോഡ് പ്രവൃത്തി -അപാകത - അധികം നൽകിയത് 78,824 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ – മുനിസിപ്പൽ എഞ്ചിനീയർ

(SO299/18)

എം. ബുക്ക് - 129/17-18

കരാർ - 142/17.3.17

മൂല്യനിർണ്ണയം - 276789

ബിൽ - 151/31.3.18

കൺവീനർ - അഷറഫ്.KP

Cost Index -36.19%

മേൽ റോഡ് കോൺക്രീറ്റ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം വെള്ളകെട്ട് ഒഴിവാക്കുന്നതിന് വേണ്ടി റോഡിൽ 20 cm കനത്തിൽ ക്വാറി വേസ്റ്റ് ഇട്ട് മുകളിൽ 15 cm കനത്തിൽ 1:2:4 (Using 40 mm) സിമന്റ് കോൺക്രീറ്റിംഗ് നടത്തുന്നു.

മേൽ റോഡ് കോൺക്രീറ്റ് പ്രവൃത്തിയുടെ ഇനം 3 പ്രകാരം 15 cm കനത്തിൽ 1:2:4 (Using 40 mm) സിമന്റ് കോൺക്രീറ്റിംഗ് 34.07 m3നടത്തിയതിന് 6938.86/m3 നിരക്ക് വച്ച് 236406 രൂപ അനുവദിച്ചു. 24.11.18 ന് പ്രവൃത്തി ഓഡിറ്റ് നേരിൽ നഗരസഭ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ പരിശോധിച്ചതിൽ സിമന്റ് കോൺക്രീറ്റിംഗ് നടത്തിയതിന്റെ കനം 10 cm മാത്രമാണെന്ന് ബോധ്യപ്പെട്ടു. അളവ് പുസ്തകപ്രകാരമുള്ള അളവ് പ്രവൃത്തിയിൽ നടത്തിയിട്ടില്ലാത്തതിനാൽ അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

34.07 m3 / 15x10 = 22.71 m3

22.71 m3 x 6938.86/m3 = 157582

**അധികം നൽകിയതിന് = 78824 (236406 – 157582)**

ഓഡിറ്റ് അന്വേഷണത്തിനുള്ള (AUDIT ENQUIRY No. 42 / 26.11.18) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ **78824** രൂപ, പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയർ , ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

## 3-8 ഈശ്വരമംഗലം മൃഗാശുപത്രി അറ്റകുറ്റപണി -അപാകത - അധികം നൽകിയത് 25,339 രൂപ



നിർവഹണ ഉദ്യോഗസ്ഥൻ – മുനിസിപ്പൽ എഞ്ചിനീയർ

(SO389/18)

എം. ബുക്ക് - 109/16-17

കരാർ - 152/11.9.17(Estimate rate)

മൂല്യനിർണ്ണയം - 267682

ബിൽ - 116/21.3.18

കരാറുകാരൻ - TV.ഷാജേഷ്

Cost Index -36.19%

മൃഗാശുപത്രി അറ്റകുറ്റപണിയുടെ ഭാഗമായി ഫീഡിംഗ് കെട്ടിടത്തിന് മേൽക്കൂര നിർമ്മിച്ചപ്പോൾ പർലിൻ/സിംഗിൾ സെക്ഷൻ ഉൾപെടെയുള്ള സ്റ്റീൽ വർക്ക് പ്രവൃത്തിക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള 140.14/kg നിരക്കാണ് അനുവദിച്ചിട്ടുള്ളത് (DSR 10.16.1). എന്നാൽ ഈ പ്രവൃത്തി പർലിൻ /സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്ന നിരക്ക് (DSR 5.10.2) പ്രകാരം 111.06/kg രൂപയാണ്. 26.11.18 ന് നടത്തിയ സ്ഥല പരിശോധനയിൽ പ്രവൃത്തി സിംഗിൾ സെക്ഷനാണെന്ന് ബോധ്യപ്പെട്ടു. വിശദ വിവരം ചുവടെ

| ഇനം | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|
| 6 | 871.34 kg x 140.14/kg = 122109.59 | 871.34 kg x 111.06/kg = 96771.02 | 25339 |

ഓഡിറ്റ് അന്വേഷണത്തിനുള്ള (AUDIT ENQUIRY No. 47 / 26.11.18) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ **25339** രൂപ, പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

# 3-9 പ്രബലിത സിമന്റ് കോൺക്രീറ്റിംഗ് (RCC) നടത്താത്ത പ്രവൃത്തികളിൽ അധിക നിരക്ക് നൽകി - അധികം നൽകിയത് 5944

# രൂപ

**നിർവഹണ ഉദ്യോഗസ്ഥൻ – മുനിസിപ്പൽ എഞ്ചിനീയർ**

താഴെ പറയുന്ന പ്രവൃത്തികളിൽ എസ്റ്റിമേറ്റ് പ്രകാരം പ്രബലിത സിമന്റ് കോൺക്രീറ്റിംഗ് (RCC) (1:2:4 (20mm) ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രവൃത്തി നടത്തിയപ്പോൾ സിമന്റ് കോൺക്രീറ്റിംഗ് (CC) (1:2:4 (20mm) ആണ് നടത്തിയിട്ടുള്ളത്. പ്രവൃത്തികളിൽ 4.1.3 കോഡ് പ്രകാരമുള്ള നിരക്ക് അനുവദിക്കുന്നതിന് പകരം 5.1.3 കോഡ് പ്രകാരമുള്ള നിരക്ക് അനുവദിച്ചത് വഴി കരാറുകാർക്ക് അധിക തുക നൽകാനിടയായി.

| പ്രൊജക്റ്റ് | ഇനം | 5.1.3 കോഡ് പ്രകാരം അനുവദിച്ചത് | 4.1.3 കോഡ് പ്രകാരം അനുവദിക്കാവുന്നത് | അധികം അനുവദിച്ചത് |
|---|---|---|---|---|
| SO192/18<br>മീൻതെരുവ് തെക്ക് ഭാഗം ഇടവഴി ഇന്റർലോക്ക് ഇടൽ<br>MB-90/16-17<br>ബിൽ-156/31.3.18<br>കരാറുകാരൻ- PP.അബ്ദുൽ സത്താർ<br>മൂല്യ നിർണ്ണയം -665790<br>കരാർ-29/28.12.17 (Estimate rate)<br>Cost Index-40.2%<br>DSR:2016 | 4<br>(Bracing) | 11.82/m3x8093.26/m3 = 95662.33 | 11.82/m3x7685.69/m3 = 90844.85 | 4817 |
| SO189/18<br>ഹിദായത്ത് പള്ളി-ഹംസത്ത് പള്ളി നടപ്പാത ഇന്റർലോക്ക് ഇടൽ<br>MB-43/16-17<br>ബിൽ-143/31.3.18<br>കരാറുകാരൻ- PP.അബ്ദുൽ സത്താർ<br>മൂല്യ നിർണ്ണയം -156218<br>കരാർ-31/28.12.17 (Estimate rate)<br>Cost Index-40.2% | 4<br>(Bracing) | 2.764/m3x8093.26/m3 = 22369.77 | 2.764/m3x7685.69/m3 = 21243.24 | 1127 |
| ആകെ | | | | 5944 |

ഓഡിറ്റ് അന്വേഷണത്തിനുള്ള (AUDIT ENQUIRY No. 44 / 26.11.18) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ **5944** രൂപ, പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയർ , ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

# 3-10 ഹാജ്യാർ പറമ്പ് പുത്തൻകുളം റോഡ് പ്രവൃത്തി -അപാകത - അധികം നൽകിയത് 20,880 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ – മുനിസിപ്പൽ എഞ്ചിനീയർ

(SO195/18)

എം. ബുക്ക് - 81/17-18

കരാർ - 99/16.2.18

മൂല്യനിർണ്ണയം - 537251

ബിൽ - 151/31.3.18

കരാറുകാരൻ - മുജീബ് റഹ്മാൻ

Cost Index -36.19%

DSR:2014

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം വെള്ളകെട്ട് ഒഴിവാക്കുന്നതിന് വേണ്ടി റോഡ് മണ്ണിട്ട് ഉയർത്തി ക്വാറി വേസ്റ്റ് ഇട്ട് മുകളിൽ ഇന്റർലോക്ക് വിരിച്ച് ഇരുവശങ്ങളിലും 1:2:4 (Using 20 mm) പ്രബലിത സിമന്റ് കോൺക്രീറ്റിംഗ് (Bracing) നടത്തുന്നു.

പ്രവൃത്തിയുടെ ഇനം 3 പ്രകാരം ഇന്റർലോക്ക് പാകിയതിന്റെ ഇരുവശങ്ങളിലായി 20 cm വീതിയിലും 0.15 cm കനത്തിലുമായി 1:2:4 (Using 20 mm) പ്രബലിത സിമന്റ് കോൺക്രീറ്റിംഗ് (DSR Code 5.1.3(Bracing) 13.01 m3നടത്തിയതിന് 104080 രൂപ അനുവദിച്ചു (13.01 m3 x 8000/m3). 24.11.18 ന് പ്രവൃത്തി ഓഡിറ്റ് നഗരസഭ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ പ്രബലിത സിമന്റ് കോൺക്രീറ്റിംഗ് (Bracing) നടത്തിയതിന്റെ വീതി 16 cm മാത്രമാണെന്ന് ബോധ്യപ്പെട്ടു. അളവ് പുസ്തകപ്രകാരമുള്ള അളവ് പ്രവൃത്തിയിൽ നടത്തിയിട്ടില്ലാത്തതിനാൽ അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

13.01 m3 / 20x16 = 10.40 m3

10.40 m3 x 8000/m3 = 83200

**അധികം നൽകിയതിന് = 20880 (104080 – 83200)**

ഓഡിറ്റ് അന്വേഷണത്തിനുള്ള (AUDIT ENQUIRY No. 49 / 26.11.18) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ **20880** രൂപ, പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

## 3-11 ഗുണഭോക്തൃസമിതി പ്രവൃത്തികളിൽ ആദായ നികുതി കുറവായി ഈടാക്കി - കൺവീനർക്ക് അധികം നൽകിയത് 46,657 രൂപ

**നിർവഹണ ഉദ്യോഗസ്ഥൻ – മുനിസിപ്പൽ എഞ്ചിനീയർ**

ആദായ നികുതി നിയമം വകുപ്പ് 194 C പ്രകാരം കൺവീനർമാരിൽ നിന്നും ആദായ നികുതി 2% കുറവ് വരുത്തേണ്ടതാണ്. താഴെ പറയുന്ന ഗുണഭോക്തൃസമിതി പ്രവൃത്തികളിൽ നിന്നും ആദായ നികുതി 2% കുറവ് വരുത്തുന്നതിന് പകരം 1% കുറവ് വരുത്തിയതിനാൽ കൺവീനർമാർക്ക് 46657 രൂപ അധികം നൽകി.

| ക്രമ നം | പ്രൊജക്റ്റ് | ആദായ നികുതി ഈടാക്കേണ്ടത് | ആദായ നികുതി ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| 1 | SO282/18<br>കല്ലിക്കട റോഡിൽ കാനക്ക് സ്ലാബിടൽ<br>MB-114/16-17<br>ബിൽ-29/11.7.17<br>കൺവീനർ- KT.വാസു<br>മൂല്യ നിർണ്ണയം-183250 | 3666 | 1833 | 1833 |
| 2 | SO372/18<br>MES കോളേജിന് കിഴക്ക് വശം | 1560 | 780 | 780 |

| | | | | |
|---|---|---|---|---|
| | സൈഡ് കെട്ടൽ<br>MB-268/17-18<br>ബിൽ-97/28.2.18<br>കൺവീനർ- ഉമ്മർ കുട്ടി<br>മൂല്യ നിർണ്ണയം-78060 | | | |
| 3 | SO398/18<br>പൊതുകുളം സൈഡ് പ്രൊട്ടക്ഷൻ<br>MB-257/16-17<br>ബിൽ-85/31.10.17<br>കൺവീനർ- സലീമ<br>മൂല്യ നിർണ്ണയം-94829 | 1896 | 948 | 948 |
| 4 | SO354/18<br>മുല്ല റോഡ് കിഴക്ക് - PT കമാലുദീന്റെ വീട് വരെ നടപ്പാത<br>MB-67/16-17<br>ബിൽ-55/16.8.17<br>കൺവീനർ- ഫാറൂഖ്<br>മൂല്യ നിർണ്ണയം-74525 | 1490 | 745 | 745 |
| 5 | SO308/18<br>NH 17 മുതൽ പുഴ വരെ നടപ്പാത നിർമ്മാണം<br>MB-70/16-17<br>ബിൽ-75/20.9.17<br>കൺവീനർ- രഞ്ജിത്ത്<br>മൂല്യ നിർണ്ണയം-277452 | 5550 | 2775 | 2775 |
| 6 | SO317/18<br>പാണ്ടിത്തറ നടമ്പ്രുവിന്റെ വീട് മുതൽ കോൺക്രീറ്റ് | 882 | 441 | 441 |

| | | | | |
|---|---|---|---|---|
| | MB-88/16-17<br>ബിൽ-12/11.7.17<br>കൺവീനർ-ഉണ്ണികൃഷ്ണൻ.VA<br>മൂല്യ നിർണ്ണയം-44148 | | | |
| 7 | SO328/18<br>പള്ളപ്രം സ്കൂൾ റോഡ് നടപ്പാത<br>MB-73/16-17<br>ബിൽ-32/11.7.17<br>കൺവീനർ-ഹരിഹരൻ<br>മൂല്യ നിർണ്ണയം-198284 | 3966 | 1983 | 1983 |
| 8 | SO327/18<br>സഹദേവൻ വീട് മുതൽ ചെറിയ കവല വരെ കോൺക്രീറ്റിംഗ്<br>MB-206/16-17<br>ബിൽ-62/12.8.17<br>കൺവീനർ-അഷറഫ്<br>മൂല്യ നിർണ്ണയം-86798 | 1736 | 868 | 868 |
| 9 | SO298/18<br>വിളക്ക് മാടം പള്ളി റോഡ് പ്രവൃത്തി<br>MB-253/16-17<br>ബിൽ-80/23.10.17<br>കൺവീനർ-സുബ്രമണ്യൻ<br>മൂല്യ നിർണ്ണയം-359441 | 7188 | 3594 | 3594 |
| 10 | SO303/18<br>ലീഗ് ഓഫീസ് മുതൽ KV ഹംസയുടെ വീട് വരെ നടപ്പാത<br>MB-89/16-17 | 1240 | 620 | 620 |

| | | | | |
|---|---|---|---|---|
| | ബിൽ-30/11.7.17<br>കൺവീനർ- അർജീഷ്<br>മൂല്യ നിർണ്ണയം-62000 | | | |
| 11 | SO390/18<br>മാപ്പിള സ്കൂൾ വേട്ടപറമ്പ് റോഡ് കോൺക്രീറ്റിംഗ്<br>MB-220/16-17<br>ബിൽ-19/11.7.17<br>കൺവീനർ- KP.താമി<br>മൂല്യ നിർണ്ണയം-178992 | 3580 | 1790 | 1790 |
| 12 | SO384/18<br>MLA റോഡ്- കനോലി കനാൽ റോഡ് കോൺക്രീറ്റിംഗ്<br>MB-225/16-17<br>ബിൽ-84/31.10.17<br>കൺവീനർ- ഹരിഹരൻ<br>മൂല്യ നിർണ്ണയം-119242 | 2384 | 1192 | 1192 |
| 13 | SO388/18<br>കളത്തിൽപറമ്പ് റോഡ് നിർമ്മാണം<br>MB-224/16-17<br>ബിൽ-61/18.8.17<br>കൺവീനർ- മോഹനൻ.TV<br>മൂല്യ നിർണ്ണയം-73586 | 1472 | 736 | 736 |
| 14 | SO304/18<br>ഹരിഹരമംഗലം ക്ഷേത്രം റോഡ് കോൺക്രീറ്റിംഗ്<br>MB-158/16-17<br>ബിൽ-42/28.7.17 | 8200 | 4100 | 4100 |

| | | | | |
|---|---|---|---|---|
| | കൺവീനർ-പ്രശാന്ത്<br>മൂല്യ നിർണ്ണയം-409995 | | | |
| 15 | SO299/18<br>പടിഞ്ഞാറേകണ്ടം റോഡ് കോൺക്രീറ്റിംഗ്<br>MB-129/16-17<br>ബിൽ-34/11.7.17<br>കൺവീനർ-PK.അഷറഫ്<br>മൂല്യ നിർണ്ണയം-276789 | 5536 | 2768 | 2768 |
| 16 | SO304/18<br>സൂറച്ചിൽ മൊയ്തീൻ വീട് മുതൽ MLA റോഡ് വരെ റോഡ് കോൺക്രീറ്റിംഗ്<br>MB-207/16-17<br>ബിൽ-68/16.8.17<br>കൺവീനർ-PK.സലീം<br>മൂല്യ നിർണ്ണയം-320000 | 6400 | 3200 | 3200 |
| 17 | Cvജംഗ്ഷൻ പള്ളി മുതൽ എരിക്കമണ്ണ ഗണേശൻ വീട് വരെ റോഡ് കോണ്ക്രീറ്റിംഗ്<br>(SO401/18)<br>എം. ബുക്ക് - 76/16-17<br>മൂല്യനിർണ്ണയം - 322130<br>cheque-2494848/4.8.17<br>കൺവീനർ - VP.പ്രബീഷ് | 6442 | 3221 | 3221 |
| 18 | കരിമ്പന റോഡ് കോണ്ക്രീറ്റിംഗ്<br>(SO382/18) | 4444 | 2222 | 2222 |

| | | | | |
|---|---|---|---|---|
| | എം. ബുക്ക് - 195/16-17<br><br>മൂല്യനിർണ്ണയം - 222167<br><br>Bill – 82/23.10.17<br><br>കൺവീനർ - VP.പ്രബീഷ് | | | |
| 17 | തറയിൽ അംഗനവാടി റോഡ് കോൺക്രീറ്റിംഗ്<br><br>(SO383/18)<br><br>എം. ബുക്ക് - 223/16-17<br><br>മൂല്യനിർണ്ണയം - 249032<br><br>Bill – 60/16.8.17<br><br>കൺവീനർ - TV.മോഹനൻ | 4982 | 2491 | 2491 |
| 18 | KP താരു വീട് പരിസരം റോഡ് കോൺക്രീറ്റിംഗ്<br><br>(SO334/18)<br><br>എം. ബുക്ക് - 236/16-17<br><br>മൂല്യനിർണ്ണയം - 244546<br><br>Bill – 48/28.7.17<br><br>കൺവീനർ - CK.മിനി | 4890 | 2445 | 2445 |
| 19 | കുഞ്ഞണ്ടായി ഫുട്പാത്ത് നിർമ്മാണം<br><br>(SO268/18)<br><br>എം. ബുക്ക് - 238/16-17<br><br>മൂല്യനിർണ്ണയം - 309074<br><br>Bill – 44/28.7.17<br><br>കൺവീനർ - K.മുകുന്ദൻ | 6182 | 3091 | 3091 |
| 20 | ഹംസകുട്ടിയുടെ | 6700 | 3350 | 3350 |

| | | | | |
|---|---|---|---|---|
| | വീട് മുതൽ അംഗനവാടി വരെ നടപ്പാത<br><br>(SO302/18)<br><br>എം. ബുക്ക് - 219/16-17<br><br>മൂല്യനിർണ്ണയം - 335000<br><br>Bill – 28/11.7.17<br><br>കൺവീനർ - അർജിഷ് | | | |
| 21 | NH 17 മുതൽ മാക്കാന്റെ വീട് വരെ നടപ്പാത<br><br>(SO309/18)<br><br>എം. ബുക്ക് - 71/16-17<br><br>മൂല്യനിർണ്ണയം - 146426<br><br>Bill – 14/11.7.17<br><br>കൺവീനർ - റസാക്ക് | 2928 | 1464 | 1464 |
| ആകെ | | | | 46657 |

ഓഡിറ്റ് അന്വേഷണത്തിനുള്ള (AUDIT ENQUIRY No. 38 / 26.11.18) മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ കൺവീനർമാർക്ക് അധികം നൽകിയ 46,657 രൂപ തിരിച്ച് പിടിച്ച് ആദായ നികുതി വകുപ്പിൽ അടവാക്കുന്നത് വരെ നിർവഹണ ഉദ്യോഗസ്ഥരുടെ ബാധ്യതയായി ചുമത്തുന്നു.

## 3-12 MES കോളേജ് കിഴക്ക് വശം സൈഡ് കെട്ടൽ -നികുതി കുറക്കാതെ പണം നൽകി - അധികം നൽകിയത് 4683 രൂപ

**നിർവഹണ ഉദ്യോഗസ്ഥൻ – മുനിസിപ്പൽ എഞ്ചിനീയർ**

ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഓവർഹെഡ് ചാർജ്ജ് അനുവദിക്കാൻ വ്യവസ്ഥയുണ്ട്. ഇത്തരത്തിൽ ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നത് നിലവിലുള്ള നികുതികൾ അടവാക്കുന്നതിനാണ് എന്നാണ് ഇതുസംബന്ധിച്ച സർക്കാർ കത്തിൽ വ്യക്തമാക്കിയത്. GST നിലവിൽ വന്നശേഷം വാറ്റ് അടക്കേണ്ടാത്തതിനാൽ ആദായ നികുതി, നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ മാത്രമെ നിലവിൽ അടക്കേണ്ടി വരുന്നുള്ളൂ. ലഭേച്ഛയില്ലാതെ പ്രവർത്തിക്കേണ്ട ഗുണഭോക്തൃസമിതികൾക്ക് നികുതി വിഹിതം അടക്കുന്നതിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ തുക നികുതി അടവാക്കേണ്ടതില്ലാത്ത സാഹചര്യത്തിൽ കൺവീനർക്ക് അനുവദിക്കേണ്ടതില്ല. GST നിലവിൽ വന്നശേഷം വാറ്റ് അടക്കേണ്ടാത്തതിനാൽ ഗുണഭോക്തൃ സമിതികൾക്ക് ഫൈനൽ ബിൽ നൽകുമ്പോൾ എസ്റ്റിമേറ്റിൽ 7.5 % ഓവർഹെഡ് ചാർജ്ജ് അനുവദിച്ച പ്രവൃത്തികളിൽ 5% കുറവ് ചെയ്ത് ബിൽ നൽകേണ്ടതാണ് എന്ന് എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനിയറുടെ 16.03.2018 ലെ ഡി.ബി3-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലും വ്യക്തമാക്കിയിട്ടുണ്ട്. തലകെട്ടിൽ പരാമർശിച്ച മരാമത്ത് പ്രവൃത്തിയിൽ നിയമാനുസൃത നികുതി കുറവ് ചെയ്യാത്തതിനാലാണ് കൺവീനർക്ക് അധികം തുക നൽകാനിടയുണ്ടായത്.

(SO379/18) പ്രൊജക്റ്റ്

എം. ബുക്ക് - 268/16-17

കരാർ - 107/30.3.17

മൂല്യനിർണ്ണയം - 78060

ബിൽ - 97/28.2.18

കൺവീനർ - ഉമ്മർ കുട്ടി

| കൺവീനർക്ക് അനുവദിക്കാവുന്നത് | കൺവീനർക്ക് അനുവദിച്ചത് | അധികം |
|---|---|---|
| മൂല്യനിർണ്ണയം - 78060 (-)<br>VAT - 3903<br>IT - 1560<br>KCWF - 780<br>- 71817 | മൂല്യനിർണ്ണയം - 78060 (-)<br>IT - 780<br>KCWF - 780<br>- 76500 | 4683 |

ഓഡിറ്റ് അന്വേഷണത്തിനുള്ള (AUDIT ENQUIRY No. 40 / 26.11.18) മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ കൺവീനർക്ക് അധികം നൽകിയ **4683 രൂപ** രൂപ നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി ചുമത്തുന്നു.

## 3-13 കരാർ പ്രവൃത്തിയുടെ ആദായ നികുതി കുറവായി ഈടാക്കി - അധികം നൽകിയത് 8411 രൂപ

**നിർവഹണ ഉദ്യോഗസ്ഥൻ – മുനിസിപ്പൽ എഞ്ചിനീയർ**

(SO291/18)

പറങ്കിവളപ്പ് ക്ഷേത്രം റോഡ് കോൺക്രീറ്റിംഗ്

എം. ബുക്ക് - 215/16-17

കരാർ - 179/22.3.17

മൂല്യനിർണ്ണയം - 841128

ബിൽ - 66/16.8.17

കരാറുകാരൻ - FATHIMA Group

മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കരാർ ഏറ്റെടുത്തത് വ്യക്തികളാണെങ്കിൽ ആദായ നികുതിയിനത്തിൽ 1% വും കൺവീനർ / കമ്പനി / ഗ്രൂപ്പ് ആണെങ്കിൽ 2% വും ഈടാക്കേണ്ടതുണ്ട് (ആദായ നികുതി നിയമം വകുപ്പ് 195 C). മേൽ പ്രവൃത്തിയുടെ മൂല്യ നിർണ്ണയത്തിൽ നിന്നും ആദായ നികുതി 2% കുറവ് വരുത്തുന്നതിന് പകരം 1% കുറവ് വരുത്തിയതിനാൽ കരാറുകാരന് 8411 രൂപ അധികം നൽകി. ഫൈനൽ ബിൽ പ്രകാരമുള്ള പേമെന്റ് താഴെ കൊടുക്കുന്നു.

മൂല്യനിർണ്ണയം - 841128 (-)

VAT +Cess(4.04%)-33982

IT - 8411

KCWF - 8411

- 790324 (കരാറുകാരന് നൽകിയത്)

ഓഡിറ്റ് അന്വേഷണത്തിനുള്ള (AUDIT ENQUIRY No. 39 / 26.11.18) മറുപടി ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ കൺവീനർമാർക്ക് അധികം നൽകിയ 8411 രൂപ തിരിച്ച് പിടിച്ച് ആദായ നികുതി വകുപ്പിൽ അടവാക്കുന്നത് വരെ നിർവഹണ ഉദ്യോഗസ്ഥരുടെ ബാധ്യതയായി ചുമത്തുന്നു.

## 3-14 അംഗനവാടികളിലേക്ക് കസേര വാങ്ങൽ - അംഗീകരിച്ച ടെന്റർ തുകയേക്കാൾ അധിക തുക നൽകി.

നിർവ്വഹണോദ്യോഗസ്ഥൻ -ഐ.സി.ഡി.എസ്. സൂപ്പർവൈസർ.

ബിൽ നം. തി. 02/29.07.17 -664000

പ്രോജക്റ്റ് നം. 407/18

വകയിരുത്തിയ തുക -664000/-

മേൽ പദ്ധതി പ്രകാരം ടെന്റർ വിളിച്ചതിൽ ഫൌസിയ ഗ്രൂപ്പ്,കൊണ്ടോട്ടി എന്ന സ്ഥാപനത്തിന്റെ ടെന്റർ അംഗീകരിക്കുകയുണ്ടായി. നിൽകമൽ ,ഫൈബർ ആം ചെയറിന് (മോഡൽ6021) 474.72 രൂപ വീതവും ,നിൽകമൽ ആംലസ്സ് ചെയറിന് (മോഡൽ4002) 368.59 രൂപ വീതവുമാണ് ടെന്റർ പ്രകാരം അംഗീകരിച്ചിട്ടുള്ളത്.'നികുതിയടക്കമുള്ള നിരക്കാണ് ടെന്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ടെന്ററിൽ കാണിച്ചിട്ടുള്ള നിരക്കിനേക്കാൾ അധികം തുക സപ്ലയർക്ക് നൽകിയതിനാൽ നഗരസഭക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്. പർച്ചേസ് കമ്മിറ്റി തീരുമാനം ഹാജരാക്കിയെങ്കിലും ഐ.സി.ഡി.എസ്. ഓഫീസർ മാത്രമാണ് ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്. ആംഡ് ചെയറിന് 474.72 രൂപയും ആംലെസ് ചെയറിന് 368.59 രൂപയുമാണ് ആയത് പ്രകാരം അംഗീകരിച്ചിട്ടുള്ളത്. വിശദവിവരം താഴെ കൊടുക്കുന്നു.

| ഇനം. | എണ്ണം | നല്കാവുന്ന തുക | | നൽകിയ തുക | |
|---|---|---|---|---|---|
| | | നിരക്ക് | തുക | നിരക്ക് | തുക |
| Fibre Arm chair,Nilkamal Model -6021 | 456 | 474.72 | 216472.32 | 484.72 | 221032.32 |
| Fibre Armless chair,Nilkamal Model-4002 | 974 | 368.59 | 359006.66 | 368.59+ | 359006.66 |
| GST | | | -- | | 84105.65 |
| ആകെ | | | 575478.98 | | 664144.63 |
| അധികം | | | | | 88665..65 |

ടെന്റർ തുകയിൽ പരിമിതപ്പെടുത്തി സപ്ലൈയർക്ക് ബിൽ നൽകാതിരുന്നതിനാൽ നഗരസഭക്ക് 88665/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്..ടി തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി നഗര സഭഫണ്ടിൽ അടവാക്കേണ്ടതാണ്. മാത്രമല്ല 500000/- രൂയിൽ കൂടുതലുള്ള വാങ്ങലുകൾക്ക് ഇ-ടെന്റർ നടത്തണമെന്നിരിക്കെ അപ്രകാരം ചെയ്തിട്ടില്ല.ആയതിന് വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

## 3-15 അംഗനവാടി പോഷകാഹാരം (ജനറൽ)- അധിക തുക നൽകി

നിർവ്വഹണോദ്യോഗസ്ഥൻ -ഐ.സി.ഡി.എസ്. സൂപ്പർവൈസർ.

പ്രോജക്റ്റ് നം. 105/18

ബിൽ നം. തി. തുക -06/19.10.17 -2252588/-

അംഗനവാടിയിലേക്കാവശ്യമായ പലവ്യഞ്ജനങ്ങൾ സപ്ലൈകോയിൽ നിന്നും വാങ്ങുന്നതിന് നിർദ്ദേശമുണ്ടെങ്കിലും വെളിയങ്കോട് മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് സ്റ്റോറിൽ നിന്നുമാണ് വാങ്ങി വരുന്നത്.ഭക്ഷ്യവസ്തുക്കൾ ഏറ്റെടുത്ത് വിതരണം ചെയ്യുന്നതിന് വെളിയങ്കോട് മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിച്ചു കൊണ്ട് 29,06.17 ലെ 33-ാം നമ്പർ പ്രകാരം കൌൺസിൽ തീരുമാനമെടുത്തിട്ടുണ്ട്.ആഗസ്റ്റ് മാസത്തെ അംഗനവാടിയിലേക്കാവശ്യമായ പലവ്യഞ്ജനങ്ങൾ വെളിയങ്കോട് മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് സ്റ്റോറിൽ നിന്നും ഇൻവോയ്സ് നം.1539/15.08.17 പ്രകാരം581888/-രൂപക്ക് വാങ്ങിയിട്ടുണ്ട്. എന്നാൽ വാങ്ങിയ ഇനങ്ങളും സ്റ്റോക്കിലെടുത്തതും തമ്മിൽ വ്യതിയാനമുണ്ട്. സ്റ്റോക്കിലെടുത്ത ഇനങ്ങളുടെ തുകയേക്കാൾ അധികം തുക സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട് എന്ന് ബോധ്യമായിട്ടുണ്ട്. അപാകത പരാമർശിച്ച് നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ ബിൽ മാറി വച്ചതിനാൽ വന്ന അപാകതയാണ്. അധികമായി 163553/-രൂപ നൽകാനിടയാക്കിയത് എന്ന് വിശദീകരിച്ചു. മേൽ സ്ഥാപനത്തിന് നൽകാനുള്ള ബാലൻസ് തുകയിൽ നിന്ന് നഷ്ട തുക ഈടാക്കി അടവാക്കുന്നതാണ് എന്നും മറുപടി നൽകി. ആഗസ്റ്റ് മാസം ലഭിച്ച ബിൽ നഷ്ടപ്പെട്ടിരുന്നു. മെയ് മാസത്തെ ബില്ലിന്റെ കോപ്പിയിൽ ആഗസ്റ്റ് മാസത്തെ തിയ്യതി ചേർത്ത് തുക നൽകിയതാണ് സപ്ലയർക്ക് അധിക തുക നൽകാൻ ഇടയാക്കിയത് എന്ന് വ്യക്തമാവുന്നു. ആയത് പ്രകാരമുള്ള തുക നൽകുകയും ചെയ്തു. അധികം നൽകിയ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | തൂക്കം | നൽകിയത് | | നൽകാവുന്നത് | |
|---|---|---|---|---|---|---|
| | | | നിരക്ക് | വില | നിരക്ക് | വില |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 1 | വെളിച്ചെണ്ണ | 146/packet | 458 | 66868 | 378 | 55188 |
| 2 | നിലക്കടല | 136/kg | 650 | 88400 | -- | -- |
| 3 | പട്ടാണി | 37/kg | 171 | 6327 | 185 | 6845 |
| 4 | ഉഴുന്ന് | 82/kg | 130 | 10660 | -- | -- |
| 5 | ശർക്കര | 57/kg | 1410 | 80370 | 1255 | 71535 |
| 6 | ചെറുപയർ | 69.75/kg | 907 | 63263 | 745 | 51964 |
| 7 | ഫെർട്ടിലൈസ്ഡ് ഗോതമ്പ് | 65/kg | 3875 | 251875 | 3160 | 205400 |
| 8 | റാഗിപ്പൊടി | 56.50/kg | 250 | 14125 | 485 | 27402.5 |
| | | | | 581888 | | 418334 |

സ്ഥാപനത്തിന് 418334/- രൂപ കൈമാറേണ്ടതിന് പകരം 581888 രൂപ കൈമാറിയതിനാൽ 163553/-

രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. അധികം നൽകിയ തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്.

## 3-16 അംഗനവാടി പോഷകാഹാരം (ജനറൽ)- വൌച്ചർ പ്രകാരമുള്ള ചെലവിനേക്കാൾ അധികം തുക നൽകി

ബിൽ നം. തി.12/15.3.18/- 263591/-

പ്രോജക്റ്റ് നം. 105/18

ഓഡിറ്റിന് ഹാജരാക്കിയ 2017 ആഗസ്റ്റ് മാസത്തെ വൌച്ചർ പ്രകാരം 9 -ാം നമ്പർ അംഗനവാടിയുടെ ഐ.സി.ഡി.എസ് സൂപ്പർവൈസർ അംഗീകരിച്ച പച്ചക്കറിയുടെ ചെലവ് 510/-രൂപയാണ് .എന്നാൽ മേൽ വൌച്ചർ പ്രകാരം അംഗനവാടി ടീച്ചർക്ക് 1140/ രൂപ നൽകിയിട്ടുണ്ട്.ആയത് പ്രകാരം ഈയിനത്തിൽ 630/- രൂപ അധികം നൽകിയിട്ടുണ്ട്.ആയത് തിരികെ ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-17 പച്ചക്കറി-വിറക് എന്നിവയുടെ വൌച്ചറുകൾ ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു.

അംഗനവാടി പോഷകാഹാരം (ജനറൽ)

ബിൽ നം. തി.14/28.03.18/- 100186/-

പ്രോജക്റ്റ് നം. 105/18

വിവിധ അംഗനവാടികളുടെ 2017 മാർച്ച്,ഏപ്രിൽ,മെയ്,ജൂൺ,നവംബർ എന്നീ മാസങ്ങളിലെ പച്ചക്കറി-വിറക് എന്നിവയുടെ താഴെ പറയുന്ന വൌച്ചറുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ബിൽ നം. തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 14/28.03.18 | 100186 | 2017 നവംബർ മാസത്തെ അംഗനവാടി നം. 1മുതൽ 29 വരെയുള്ള (18,27 നമ്പർ ഒഴികെ, 42,56 നമ്പർ ഉൾപ്പടെ) അംഗനവാടികളിലെ 18645/- രൂപയുടെ വൌച്ചറുകൾഹാജരാക്കിയിട്ടില്ല. |
| 2 | ബിൽ നം തി. 12/15.03.18 | 263591/- | 2017 മാർച്ച്,ഏപ്രിൽ,മെയ്,ജൂൺ മാങ്ങളിലെ തേർഡ് സെക്ടറിലെ 41791/-രൂപയുടെ |

| | | | |
|---|---|---|---|
| | | | വൌച്ചറുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. |
| | | | 60436 |

വൌച്ചറുകൾ ഹാജരാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച തുക 60436/- രൂപ ഓഡിറ്റിൽ തടസ്പ്പെടുത്തുന്നു. അപാകത ശ്രദ്ധയിൽപ്പെടുത്തിയ ഓഡിറ്റ് എൻക്വയറിക്ക്, വൗച്ചറുകൾ ഉടൻ ലഭ്യമാക്കുന്നതാണ് എന്ന് മറുപടി നൽകി.

# 3-18 ദേശീയ നഗര ഉപജീവന മിഷൻ (NULM) പദ്ധതി അപാകതകൾ

ദേശീയ നഗര ഉപജീവന മിഷൻ (NULM) പദ്ധതിക്ക് വേണ്ടി പൊന്നാനി ഐ.സി.ഐ.സി.ഐ. ബാങ്കിൽ സെക്രട്ടറിയുടേയും,ഹെൽത്ത് ഇൻസ്പെക്ടറുടേയും പേരിൽ അക്കൌണ്ട് ആരംഭിച്ചിട്ടുണ്ട്.തൻ വർഷം ഈ പദ്ധതിക്ക് വേണ്ടി 839131/ രൂപ ചെലവഴിച്ചിട്ടുണ്ട്. പാസ് ബുക്ക് പ്രകാരം 31.03.18 ൽ 2046262/- രൂപ നീക്കിയിരിപ്പുണ്ട്.
അപാകതകൾ

1)സ്ഥാപനം സൂക്ഷിക്കുന്ന ക്യാഷ് ബുക്കിൽ മേൽ പ്രോജക്റ്റിന് വേണ്ടി ലഭിക്കുന്ന തുകകളുടെ വിവരം രേഖപ്പെടുത്തുന്നില്ല. ചെലവുകൾ മാത്രമാണ് രേഖപ്പെടുത്തി വരുന്നത്. വാർഷിക കണക്കുകൾ പ്രകാരം 2000962/-രൂപയാണ് നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്. പാസ് ബുക്ക്, ബാങ്ക് ബുക്ക്, വാർഷിക കണക്ക് എന്നിവയിലെ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

2.മാസാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തി പാസ്ബുക്കുമായി പൊരുത്തപ്പെടുത്തുന്നില്ല.

3.തൻവർഷം 2017 സെപ്തംബർ മുതൽ ടി സ്കീമിൽ ജോലി ചെയ്യുന്ന മൂന്ന് ജീവനക്കാർക്ക് 303965/- രൂപ ശമ്പളമിനത്തിൽ വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ ആയതിന്റെ ഫയൽ, കൈപ്പറ്റ് രശീത്, അക്വിറ്റൻസ് രജിസ്റ്റർ എന്നിവ പരിശോധനക്ക് ഭല്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

# 3-19 ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ -ഗുണഭോക്തൃ വിഹിതം,ശുചിത്വ മിഷൻ വിഹിതം എന്നിവ ഉപയോഗപ്പെടുത്താതെ പദ്ധതി വിഹിതം മാത്രം ഉപയോഗിച്ച് പദ്ധതി നടപ്പാക്കി.

പ്രോജക്റ്റ് നം. 406/18

നിർവ്വഹണോദ്യോഗസ്ഥൻ -ഹെൽത്ത് ഇൻസ്പെക്ടർ

ബിൽ നം. തി -തുക -01/27.07.17 -429000/-

ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ പദ്ധതി പ്രകാരം 2012-13 മുതൽ 2014-15 വർഷം വരെ പ്രോജക്റ്റ് സ്പിൽ ഓവറായി നടപ്പാക്കി വന്നിരുന്നു.2012-13 മുതൽ 2013-14 വരെ ആകെ 282 ബയോഗ്യാസ് പ്ലാന്റുകളും 2014-15 വർഷം 33 എണ്ണവും നിർമ്മിച്ച് നൽകിയിട്ടുണ്ട്. ആകെ 334 പേർ ഗുണഭോക്തൃവിഹിതം അടവാക്കിയെങ്കിലും 2017-18 സാമ്പത്തിക വർഷം ഉൾപ്പടെ ആകെ 315 പ്ലാന്റുകൾ സ്ഥാപിച്ച് നൽകിയിട്ടുണ്ട്.ശുചിത്വ മിഷന്റെ ഉത്തരവ് പ്രകാരം 0.5m3 കപ്പാസിറ്റിയുള്ള ബയോഗ്യാസ് പ്ലാന്റുകളാണ് സ്ഥാപിക്കേണ്ടത്. എന്നാൽ ആയതിന് വിരുദ്ധമായി 2012 മുതൽ 1m3 കപ്പാസിറ്റിയുള്ള ബയോഗ്യാസ് പ്ലാന്റുകൾ റെയ്ഡ്കോ എന്ന സ്ഥാപനം വഴി മുനിസിപ്പാലിറ്റി സ്ഥാപിച്ചു നൽകിയിട്ടുള്ളത്. 2014-15 വർഷം 41ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ടെങ്കിലും 33 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുകയുണ്ടായി. എന്നാൽ ശുചിത്വ മിഷൻ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി നിർവ്വഹണം നടത്തിയതിനാൽ ടി വർഷം റെയ്ഡ്കോക്ക് തുകയൊന്നും കൈമാറിയിട്ടില്ല.2017-18 സാമ്പത്തിക വർഷം താഴെ പറയും പ്രകാരം തുക വകയിരുത്തി പ്രോജക്റ്റ് തയ്യാറാക്കി . വിശദവിവരം താഴെ കൊടുക്കുന്നു.

ഗുണഭോക്തൃവിഹിതം -651000

പദ്ധതി വിഹിതം -651000

ശുചിത്വ മിഷൻ വിഹിതം -1302000

ആകെ - 2604000

മുൻ വർഷങ്ങളിൽ ഒരു പ്ലാന്റ് സ്ഥാപിക്കുന്നതിന് താഴെ പറയും പ്രകാരമുള്ള തുക കണക്കാക്കിയിരുന്നു

ശുചിത്വ മിഷൻ വിഹിതം -6500/-

ഗുണഭോക്തൃ വിഹിതം -3500

നഗരസഭവിഹിതം 3000

ആകെ-13000

ശുചിത്വ മിഷന്റെ അനുമതി നൽകിയ പ്രോജക്റ്റിന് വിരുദ്ധമായി 0.5m3 ന് പകരം 1m3 കപ്പാസിറ്റിയുള്ള പ്ലാന്റുകൾ സ്ഥാപിച്ചതിനാൽ ശുചിത്വ മിഷൻ ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ആയതിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 10.12.17 ലെ സാധാ. നം. 387/2017 -ാം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2012 മുതൽ 2015 വരെയുള്ള കാലഘട്ടത്തിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ 41 ബയോഗ്യാസ് പ്ലാന്റുകൾ ജനറൽ വിഭാഗത്തിൽ ഗുണഭോക്തൃ വിഹിതം സ്വീകരിച്ച് സ്ഥാപിച്ചു നൽകിയ നടപടിക്ക് സാധൂകരണം നൽകിയിട്ടുണ്ട്. എന്നാൽ ടി വർഷം 33 പ്ലാന്റുകൾ മാത്രമാണ് സ്ഥാപിച്ചു നൽകിയത്. ശുചിത്വ മിഷൻ ഫണ്ട് ക്ലോസ്സ് ചെയ്ത് അക്കൌണ്ടിലുള്ള പണം തിരിച്ചടക്കുന്നതിന് ഉത്തരവിട്ടിരുന്നെങ്കിലും നീക്കിയിരിപ്പുണ്ടായ 1260833 രൂപയിൽ നിന്നും 1208833 രൂപ മാത്രമാണ് ചെക്ക് നം. 174962/03/02/18 പ്രകാരം തിരിച്ചടച്ചത്. മുൻ വർഷങ്ങളിൽ നടപ്പാക്കിയ പദ്ധതിക്കാണ് സർക്കാർ അനുമതി നൽകിയിരുന്നതെങ്കിലും 2018-19 വർഷം ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശുചിത്വ മിഷൻ ഫണ്ടിൽ അവശേഷിക്കുന്ന 52000/-രൂപയിൽ നിന്നും ഒരുപ്ലാന്റിന്റെ പണം 13000/- രൂപ റെയ്ഡ്കോക്ക് നൽകിയതായി ഫയൽ പരിശോധിച്ചതിൽ കാണുന്നു. 33 ബയോഗ്യാസ് പ്ലാന്റുകളുടെ വിഹിതമായി 429000/- രൂപ തൻവർഷം പദ്ധതി വിഹിതം മാത്രം ഉപയോഗപ്പെടുത്തി നടപ്പാക്കി..

തൻ വർഷം നടപ്പാക്കിയ പദ്ധതിയിൽ ഗുണഭോക്തൃ വിഹിതമിനത്തിൽ പിരിച്ചെടുത്ത തുകയും,ശുചിത്വമിഷനിൽ നിന്നുമുള്ള ഫണ്ടും ഉപയോഗപ്പെടുത്താതെ പദ്ധതി വിഹിതം മാത്രം ഉപയോഗപ്പെടുത്തി പദ്ധതി നടപ്പാക്കി. അധികം പിൻവലിച്ച പദ്ധതി വിഹിതം തിരികെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## 3-20 എഗ്രിമെന്റ് രജിസ്ട്രേഷൻ ഫീസ് നൽകൽ - എഗ്രിമെന്റ് രജിസ്റ്റർ ചെയ്യാത്ത ഗുണഭോക്താവിന് തുക നൽകി-

ബിൽ നം. തി. -07/28.09.17 -160000/-

നിർവ്വഹണോദ്യോഗസ്ഥർ- പ്രോജക്റ്റ് ഓഫീസർ

പ്രോജക്റ്റ് നം. 78/18

ഭവന നിർമ്മാണത്തിന് ധനസഹായം കൈപ്പറ്റുന്ന ഗുണഭോക്താക്കൾക്ക് ആറ് ഗഡുക്കളായാണ് ധനസഹായം അനുവദിക്കുന്നത്. അഞ്ചാം ഗഡു കൈപ്പറ്റിയതിന് ശേഷവും അവസാനഗഡു കൈപ്പറ്റുന്നതിന് മുൻപുമായി 12 വർഷത്തിനകം വസ്തു കൈമാറുകയോ,വിൽക്കുകയോ ചെയ്യില്ലെന്ന കരാർ ചമച്ച് രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. കരാർ രജിസ്റ്റർ ചെയ്യുന്നതിനുള്ള രജിസ്ട്രേഷൻ ഫീസ് നഗരസഭ അഞ്ചാംഗഡു നൽകി രജിസ്ട്രേഷൻ നടത്തിയതിന് ശേഷമാണ് രജിസ്ട്രേഷൻ തുക ഗുണഭോക്താവിന് കൈമാറേണ്ടത്. എന്നാൽ ആദ്യ ഗഡു മാത്രം കൈപ്പറ്റിയ പാത്തുട്ടി ഉമ്മ,ഹാജ്യാരകത്ത് ,വാർഡ്- 31 എന്ന ഗുണഭോക്താവിന് റജിസ്ട്രേഷൻ ഫീസിനത്തിൽ 4000/-രൂപ മേൽ ബിൽ പ്രകാരം നൽകിയിട്ടുണ്ട്.ക്രമപ്രകാരമല്ലാതെ നൽകിയ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടവാക്കേണ്ടതാണ്.ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (60/27-11-2018)മറുപടി ലഭ്യമായിട്ടില്ല.

## 3-21 ലൈഫ് മിഷൻ പദ്ധതി -അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ -പ്രോജക്റ്റ് ഓഫീസർ.

പ്രോജക്റ്റ് നം.75/18 -2015-16 ലെ ഗുണഭോക്താക്കൾക്ക്)

പ്രോജക്റ്റ് നം.69/18 -2014-15 ലെ ഗുണഭോക്താക്കൾക്ക്)

മുൻ വർഷങ്ങളിൽ ധനസഹായം കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് നൽകുവാൻ ബാക്കിയുള്ള തുകക്ക് ആനുപാതികമായി 400000/-രൂപയിൽ പരിമിതപ്പെടുത്തി തുക നൽകുകയും അതു വഴി ഭവനനിർമ്മാണം പൂർത്തീകരിക്കുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്.ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് രണ്ട്,മൂന്ന്,നാല്,അഞ്ച് ഗഡുക്കൾ നൽകുന്ന പ്രോജക്റ്റാണിത്.

1.മേൽ പദ്ധതി പ്രകാരം (പ്രോജക്റ്റ് നം.75/18)ഉണ്ണികൃഷ്ണൻ, കുണ്ടുകടത്തിൽ,വാർഡ്- 23 എന്ന ഗുണഭോക്താവിന് 40000/- രൂപ(ബിൽ നം. 3/17-18 dt. 20.03.18-104000/-) നൽകിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താവിന് തുക കൈമാറുന്നതിന് ഹാജരാക്കേണ്ട സ്റ്റേജ് സർട്ടിഫിക്കറ്റുകളൊന്നും ഫയലിൽ ലഭ്യമല്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. ലൈഫ് മിഷൻ പദ്ധതി പ്രകാരം നാണി കറുത്തേടത്ത് ,ഉണ്ണികൃഷ്ണൻ.കെ.കെ, (ബിൽ നം തി. തുക 01/14.03.18) എന്നീ ഗുണഭോക്താക്കൾക്ക് യഥാക്രമം 60000,30000 രൂപ എന്നിങ്ങനെ കൈമാറിയിട്ടുയിട്ടുണ്ടെങ്കിലും മുൻപ് നൽകിയ തുകകളുടെ

വിശദാംശങ്ങൾ ഫയലിൽ ഇല്ല. ലൈഫ് മിഷൻ പദ്ധതി പ്രകാരം തുക കൈമാറിയിട്ടുണ്ടെങ്കിലും നൽകുന്ന തുകകൾ രേഖപ്പെടുത്തുന്ന രജിസ്റ്ററും സ്ഥാപനം സൂക്ഷിക്കുന്നില്ല. ആയതിനാൽ നൽകിയ തുകയുടെ കൃത്യത ഉറപ്പ് വരുത്തുന്നതിന് സാധിക്കുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

3)സർക്കാർ ഉത്തരവ് നം.(എം.എസ് ) നം. 80/17/ത.സ്വ.ഭ.വ.തി.03.04.17 ലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക8.6(6) പ്രകാരം പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് ധനസഹായം നൽകുന്ന സംഗതികളിൽ വിസ്തീർണ്ണം 60 ച.മീറ്റർ എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അതിന് വിരുദ്ധമായി താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ധനഹായം നൽകിയിട്ടുണ്ട്.66m2 ൽ കൂടുതൽ നിർമ്മാണം നടത്തിയെന്ന് ബോദ്ധ്യപ്പെട്ടാൽ ധനസഹായം റദ്ദ ചെയ്യുന്നതാണെന്ന് എഗ്രിമെന്റിൽ വ്യക്തമാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം ധനസഹായം കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ 66 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണത്തിൽ ഭവന നിർമ്മാണം(ബിൽഡിങ്ങ് പെർമിറ്റ് പ്രകാരം) നടത്തിയ ഏതാനം ഗുണഭോക്താക്കളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വിസ്തീർണ്ണം | പ്രോജക്റ്റ് നം. | ബിൽ നം .തി |
|---|---|---|---|---|
| 1 | ഫൌസിയ,ഇരുമ്പിലകത്ത്,വാർഡ് | 72.28m2 | 75/18 | 01/14.08.17-<br>3350000/- |
| 2 | ശ്രീജ,കോയ്മ വളപ്പിൽ,വാർഡ് | 89.73m2 | ,, | ,, |
| 3 | സലിം&അനീസ,എരഞ്ഞിക്കൽ<br>കറുകത്തിരുത്തി. | 96.21 | ,, | ,, |
| 4 | മല്ലിക ഗണേഷൻ,കിണറ്റുകര വളപ്പിൽ<br>വാർഡ്- | 80.26m2 | ,, | ,, |
| 5 | സുഹറ<br>വെളിയിലകത്ത്<br>വാർഡ്-5 | 109.67m2 | ,, | ,,` |
| 6 | റഹ്മത്ത്<br>ചെറിയ പുരക്കൽ<br>വാർഡ്-46 | 110.47m2 | ,, | ,, |
| 7 | അനിത,തട്ടപറമ്പിൽ<br>വാർഡ് | 76.13m2 | ,, | ,, |
| 8 | മാധവി, ,കുഴിക്കണ്ടത്തിൽ<br>വാർഡ്-28 | 93.62m2 | ,, | ,, |
| 1 | കദീജ.പന്തലിങ്ങൽ,ബിയ്യം | 98.88m2 | 69/18 | 02/24.08.17<br>-4212000/- |
| 2 | സഫിയ,പള്ളിക്കലകത്ത്,പൊന്നാനി | 86.10m2 | ,, | ,, |
| 3 | ശാരദ,തേറയിൽ | 78.85m2 | ,, | ,, |
| 4 | സൈറ പിലാക്കൽ വീട്ടിൽ<br>വാർഡ് 24 | 83.3m2 | ,, | ,, |

സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നടത്തിയ ചെലവുകൾ ചെയ്തിട്ടുള്ളതിനാൽ ഈയിനത്തിൽ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ള തുക എഗ്രിമെന്റിൽ പറഞ്ഞിട്ടുള്ള പ്രകാരം തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

4) രണ്ടാംഗഡു കൈപ്പറ്റുന്നതിന് മുൻപ് ബിൽഡിങ്ങ് പെർമിറ്റ് ഹാജരാക്കണമെന്ന നിബന്ധന പാലിക്കാതെ ഗുണഭോക്താക്കൾക്ക് തുക കൈമാറിയിട്ടുമുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പ്രോജക്റ്റ് നം. | ബിൽ നം.തി.തുക | നൽകിയ തുക |
|---|---|---|---|---|
| 1 | സുപ്രിയ രാംദാസ് വാർഡ്-16 | 75/18 | 01/14.08.17- 335000/ | 50000 |
| 2 | സുലൈഖകൊടവത്ത് വളപ്പിൽ | ,, | ,, | 60000 |
| 3 | ഷൈനി വലിയവീട്ടിൽ വാർഡ് -8 | 69/18,, | 02/24.08.17- 4212000/ | 60000 |
| 4 | പാത്തുട്ടി ഉമ്മഹാജ്യാരകത്ത് വാർഡ് -51 | ,, | ,, | 60000 |
| 5 | സൌദനാലകത്ത് വാർഡ് -45 | ,, | ,, | 60000 |
| 6 | ആമിനചക്കകാരന്റെ വാർഡ് -45 | ,, | 4/25.08.17- 730000/- | 60000 |
| 7 | ദീപപുന്നള്ളി വാർഡ്-21 | ,, | ,, | 70000 |
| 8 | അബ്ദു റഹിമാൻഊന്തറക്കൽ | ,, | ,, | 60000 |

മേൽ പറഞ്ഞഗുണഭോക്താക്കൾക്ക് പെർമിറ്റ് രേഖകൾ ഹാജരാക്കാതെയാണ് തുടർന്നുള്ള ഗഡുക്കൾ നൽകിയത് എന്ന് ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-22 ലൈഫ് മിഷൻ ഭവന നിർമ്മാണം -ഫയലുകൾ ഹാജരാക്കിയിട്ടില്ല.

ഭവന നിർമ്മാണത്തിന് വേണ്ടി തൻവർഷം ധനസഹായം നൽകിയ താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഫയലുകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് എൻക്വയറി 8/19-11-2018 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഫയൽ ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയിട്ടില്ല..വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമനം. | പ്രോജക്റ്റ് നം | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | ബിൽ നം. തി |
|---|---|---|---|---|
| 1 | 69/18 | റീന മങ്കുഴിയിൽ വാര്ഡ് -4 | 50000(4) | 2/24.08.17 4212000/- |
| 2 | ,, | വനജാക്ഷിപത്തനകത്ത് വാര്ഡ് -13 | 110000/- (3,4) | ,, |
| 3 | ,, | സരളകണ്ണംതിരിക്കയിൽ വാര്ഡ് -24 | 60000/(2) | ,, |
| 4 | ,, | സുചിത്രഅമ്പാട്ട് വാര്ഡ് -32 | 60000(3) | ,, |
| 5 | ,, | സുശീലകോതമ്പത്ത് വാര്ഡ് -40 | 50000/-(4) | ,, |
| 6 | ,, | സലീനകറുത്തമ്മാടക്കന്റെ വാര്ഡ് - | 10000/-(5) | ,, |
| 7 | ,, | റുക്കിയ രാരുവളപ്പിൽ വാര്ഡ് -5 | 60000/-(3) | ,, |
| | | | | |

| | | | | |
|---|---|---|---|---|
| 8 | ,, | നഫീസകമ്മുട്ടികനകത്ത് വാര്ഡ് -34 | 10000/-(5) | ,, |
| 9 | ,, | ഷക്കീലഅച്ചിപ്രവളപ്പിൽ വാര്ഡ് -12 | 50000/-(4) | ,, |
| 10 | ,, | സക്കീന മാളിയേക്കൽ വാര്ഡ് -40 | 60000/-(2) | ,, |
| 11 | ,, | കുഞ്ഞിപ്പാത്തുവസൂരിന്റെ വാര്ഡ് -47 | 50000/-(4) | |
| 12 | ,, | ഷൈനി വലിയവീട്ടിൽ വാർഡ്-8 | 60000(3) | 04/25.08.17 730000/- |
| 13 | ,, | റുക്കിയ രാരുവളപ്പിൽ വാർഡ്-5 | 50000(4) | ,, |
| 14 | ,, | താരപടുന്ന വളപ്പിൽ വാർഡ്-30 | 50000(4) | ,, |
| 15 | ,, | ഷീല.കെ.പി. വാർഡ്-9 | 60000(2) | ,, |
| 16 | ,, | ഉമൈബവലിയതൊടി വാർഡ്-4 | 50000(4) | ,, |
| 17 | ,, | കോമളവല്ലികടക്കത്ത് വാർഡ്-28 | 50000/(4) | 11/27.10.17 50000/- |
| 18 | 76/18 | ശിവദാസൻകൊടക്കാട്ട് വാർഡ്-29 | 35000(5) | 03/25.08.17 505000/- |
| 19 | ,, | മൊയ്തുവെളുത്തമ്മത്തിന്റെ വാർഡ്-41 | 35000(5) | ,, |
| 20 | ,, | റുക്കിയചമന്റകത്ത് വാർഡ്-34 | 35000(5) | ,, |
| 21 | ,, | സിദ്ദിഖ്ഇണ്ടിപ്പാട്ടിൽ വാർഡ്-4 | 60000(4) | ,, |
| 22 | ,, | നാണികറുത്തേടത്ത് വാർഡ്-30 | 25000(2) | ,, |
| 23 | ,, | ഭവാനിഏനത്ത് പറമ്പിൽ വാർഡ്-21 | 90000(3,4) | ,, |
| 24 | ,, | വിശ്വനാഥൻപുന്നക്കൽ വാർഡ്-29 | 35000(5) | ,, |
| 25 | ,, | യൂസഫ്മാണിയംപറമ്പിൽ 48 | 35000(5) | ,, |
| 26 | ,, | സുധവളപ്പിലകത്ത് 27 | 35000(5) | ,, |

| | | | | |
|---|---|---|---|---|
| 27 | ,, | അബ്ദുൾകരീംനമ്പ്രവീട്ടിൽ<br>വാർഡ്-32 | 60000(4) | ,, |
| 28 | ,, | ഇബ്രാഹിംചന്തക്കാരന്റെ<br>വാർഡ്-26 | 60000(4) | ,, |
| 29 | ,, | അഷറഫ്കണ്ടുങ്ങൽ<br>വാർഡ്-42 | 35000(5) | 08/28.09.17<br>265000/- |
| 30 | ,, | അനിതഉണ്ണിക്കാട്ട്<br>വാർഡ്-16 | 20000(5) | 12/27.10.17<br>39000/- |
| 31 | ,, | മറിയക്കുട്ടി.എം.സി.<br>വാർഡ്-5<br>1 | 19000(5) | ,, |
| 32 | 75/18 | മീനാക്ഷികരിപ്പാളി<br>വാർഡ്-14 | 60000(2) | 01/14.08.17<br>3350000/- |
| 33 | ,, | ബുഷറകൊട്ടാരത്തിൽ<br>വാർഡ്-3 | 60000(2) | ,, |
| 34 | ,, | സാബിറപിക്കിന്റെ<br>വാർഡ്-46 | 60000(2) | ,, |
| 35 | ,, | സരസ്വതിപൊറ്റയിൽ<br>വാർഡ്-31 | 50000(4) | ,, |
| 36 | ,, | സുഭദ്രഎന്നാഴിയിൽ<br>വാർഡ്-11 | 60000(3) | 06/20.09.17<br>640000/- |
| 37 | ,, | റീനമാമ്പ്ര<br>വാർഡ്-31 | 60000(2) | ,, |
| 38 | ,, | സുനിതപൂവ്വക്കാട്ട്<br>വാർഡ്-28 | 50000(4) | ,, |
| 39 | ,, | ധന്യവള്ളിക്കാട്ട്<br>വാർഡ്-40 | 10000(5) | 14/28.10.17<br>10000/- |

മേൽ ഗുണഭോക്താക്കൾക്കുടെ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-23 പൊന്നാനി ഗവ.ഹോമിയോ ഡിസ്പെൻസറി അടിസ്ഥാന സൗകര്യങ്ങൾ ഇല്ല.

നഗരസഭയുടെ കീഴിലെ ഏക ഹോമിയോ ഡിസ്പെൻസറിയാണ് കൊല്ലൻപടിയിലെ ഗവ.ഹോമിയോ ഡിസ്പെൻസറി പൊന്നാനി, വാടക കെട്ടിടത്തിലാണ് സ്ഥാപനം പ്രവർത്തിക്കുന്നത്. ദിനം പ്രതി 130നടുത്ത് രോഗികൾ ഈ ഡിസ്പെൻസറിയെ ആശ്രയിക്കുന്നുണ്ട്. എന്നാൽ ഡിസ്പെൻസറിയിൽ വേണ്ടത്ര ഭൗതിക സൗകര്യങ്ങൾ നഗരസഭ ഒരുക്കിയിട്ടില്ല. കെട്ടിടം പ്രവർത്തിക്കുന്നത് ഒന്നാം നിലയിലെ 3 ഷട്ടർ റൂമുകളിലായിട്ടാണ്, രോഗികളുടെ എണ്ണം വർദ്ധിച്ചാൽ പുറത്ത് നിന്ന് വെയിൽ കൊള്ളേണ്ട അവസ്ഥയാണുള്ളത്. മരുന്നുകൾ സൂക്ഷക്കാനുള്ള സ്റ്റോർ റൂമുകൾ ഒന്നും തന്നെ സ്ഥാപനത്തിൽ ഇല്ല. റാമ്പ് സൗകര്യം(വീൽചെയർ സൗഹൃദ കവാടം) ഇല്ലാത്തതിനാൽ ഒന്നാം നിലയിലേക്ക് എത്തിച്ചേരാൻ സാധിക്കാത്ത രോഗികളെ

ഗ്രൗണ്ട് ഫ്ലോറിൽ വന്ന് പരിശോധിക്കേണ്ടി വരുന്ന സാഹചര്യമാണ് ഡോക്ടർക്കുള്ളത്.




മേൽ വിഷയം ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് നഗരസഭാ ചെയർമാൻ ഓഡിറ്റിനെ അറിയിച്ചു. നഗരസഭ സ്ഥലം കണ്ടെത്തി സ്വന്തം കെട്ടിടം നിർമ്മിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-24 HMC വരവ്- ചെലവ് കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കുന്നില്ല.

സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകം (ജൂലൈ 31) വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കണമെന്നിരിക്കെ നഗരസഭയുടെ കീഴിൽ വരുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ HMC കണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് സമർപ്പിക്കുന്നില്ല.

<u>1- താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, പൊന്നാനി</u>

എച്ച്.എം.സി ഫണ്ട് രൂപീകരിച്ചതു മുതൽ 2017-18 വരെയുള്ള എച്ച്.എം.സി കണക്കുകൾ നാളിതു വരെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. അടിയന്തിരമായി താലൂക്ക് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>2. ഈഴവത്തിരുത്തി പ്രാഥമികാരോഗ്യ കേന്ദ്രം</u>

2015-16, 2016-17, 2017-18 വർഷത്തെ എച്ച്.എം.സി കണക്കുകൾ നാളിതു വരെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

നഗരസഭയുടെ കീഴിലെ മറ്റു സ്ഥാപനങ്ങളായ ഗവ.ആയുർവേദ ഡിസ്പെൻസറി ഈഴവത്തിരുത്തി, ഗവ.ആയുർവേദ ഹോസ്പിറ്റൽ പൊന്നാനി , എന്നീ സ്ഥാപനങ്ങൾ സമയബന്ധിതമായി എച്ച്.എസ്.സി കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കുന്നുണ്ട്, എന്നാൽ ഗവ.ഹോമിയോ ഡിസ്പെൻസറി, പൊന്നാനി എന്ന സ്ഥാപനത്തിൽ ആശുപത്രി മാനേജ് മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും എച്ച്.എം.സി ഫണ്ട് രൂപീകരിച്ചിട്ടില്ല. എച്ച്.എം.സി ഫണ്ട് രൂപീകരിക്കുന്നതിനാവശ്യമായി നടപടികൾ സ്വീകരിക്കേണ്ടതാണ്. എച്ച.എം.സി. വരവ് ചെലവ് കണക്കുകൾ തയ്യാറാക്കുന്നതിനും ഓഡിറ്റിന് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-25 പ്രധാനമന്ത്രി ആവാസ് യോജന(പി എം എ വൈ) -ഭവനനിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

പ്രധാനമന്ത്രി ആവാസ് യോജന പ്രകാരം താഴെ പട്ടികയിൽ പരാമർശിച്ച ഗുണഭോക്താക്കൾ ഒന്നാംഗഡു കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ തുടർ ഗഡുക്കൾ കൈപ്പറ്റുകയോ ഭവനനിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തുകയോ ചെയ്തിട്ടില്ല.

നിർവ്വഹണം-സെക്രട്ടറി

| | | | |
|---|---|---|---|
| | ഡി പി ആർ 1 | | |
| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | രശീതി നമ്പർ/ തീയതി |
| 1 | സറഫുന്നീസഎസ്പിന്റകത്ത് | 30000 | 366851/12-7-17 |
| 2 | ഫാത്തിമപൂക്കോട്ട്പള്ളിയാലിൽ | 30000 | 366853/22-9-17 |
| 3 | അബ്ദുൾനാസർകമ്മുകുട്ടിഹാജിയാരകത്ത് | 30000 | 366852/17-3-17 |
| 4 | കരീംചക്കരക്കാരന്റെ | 30000 | 366852/17-8-17 |
| 5 | ചാത്താൻകുട്ടിവെളിയിൽ | 30000 | 366853/22-9-17 |
| 6 | സജ്ജമോൻരായിമരയ്ക്കാർ വീട് | 30000 | 366853/22-9-17 |
| 7 | ഷൈനികൊട്ടേപാടത്ത് | 30000 | 366855/13-10-17 |
| 8 | ആയിഷവലിയപുരയ്ക്കൽ | 30000 | 366857/26-10-17 |
| 9 | അബ്ബുരായിമരയ്ക്കാർ | 30000 | 366857/26-10-17 |
| 10 | സഫിയആലിയ മക്കാനത്ത് | 30000 | 366863/28-11-17 |
| | ഡി പി ആർ 2 | | |
| 11 | നബീശുവലിയകത്ത് | 30000 | 366852/17-8-17 |
| 12 | ഫാത്തിമകുറുപ്പംവീട്ടിൽ | 30000 | 366852/17-8-17 |
| 13 | നവാസ്പുതിയപുരയിൽ | 30000 | 366855/13-10-17 |
| 14 | പ്രദീപ്കോഴിപ്പറമ്പിൽ | 30000 | 366855/13-10-17 |
| 15 | ആസ്യകുറുപ്പംവീട്ടിൽ | 30000 | 366860/7-11-17 |

പിഎംഎവൈ സർക്കുലർ നമ്പർ 9534/എൻ/2016/കെഎസ്എച്ച്ഒ തി.11-4-18 പ്രകാരം സമയപരിധിക്കുള്ളിൽ എല്ലാ ഗുമഭോക്താക്കളും കൃത്യമായ ഇടവേളകളിൽ ഭൗതിക പുരോഗതി കൈവരിച്ചെന്ന് നഗരസഭ ഉറപ്പാക്കേണ്ടതാണ്. 2മാസത്തിനുള്ളിൽ അടുത്ത ഗഡു വാങ്ങാൻ എത്താത്തവരെ പ്രത്യേകം കണ്ടെത്തേണ്ടതും കാരണം മനസ്സിലാക്കി പരിഹാര നടപടി സ്വീകരിക്കേണ്ടതുമാണ്. മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.അല്ലാത്ത പക്ഷം കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ചീടാക്കേണ്ടതാണ്. നിലവിലെ പുരോഗതി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 3-26 തുടർ സാക്ഷരതാ പദ്ധതി സംബന്ധിച്ച്

തുടർ സാക്ഷരതാ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിന്റെ വിശദാംശങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത്.

| | |
|---|---|
| വർഷം | 2017-18 |
| പ്രോജെക്ട് നമ്പർ | 418/18(സ്പിൽ ഓവർ) |
| പ്രോജെക്ടിന്റെ പേര് | തുടർ സാക്ഷരതാ പദ്ധതി |
| അടങ്കൽ | 2,00,000(വികസനഫണ്ട്) |
| സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | 1/29-5-17 |
| നിർവഹണഉദ്യോഗസ്ഥൻ | പ്രിൻസിപ്പൽ ഗവ.ഹയർസെക്കൻഡറി സ്കൂൾ തൃക്കാവ് |
| ബിൽ നമ്പർ/തീയതി | 2/17-18 തിയതി 13-11-2017 52800 രൂപ |

പത്താംതരം തുല്യതാ പരീക്ഷയ്ക്കായി പ്രിൻസിപ്പൽ നിർവ്വഹണ ഉദ്യോഗസ്ഥനായി വികസനഫണ്ടിൽ നിന്നും 52,800 രൂപ പിൻവലിച്ച് കേരളസംസ്ഥാന സാക്ഷരതാമിഷന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.

മേൽ പ്രോജെക്ടിന്റെ നിർവ്വഹണം സംബന്ധിച്ച് താഴെ പറയുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

1. കേരളസംസ്ഥാന സാക്ഷരതാമിഷനിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം

2. ഗുണഭോക്താക്കളുടെ വിവരങ്ങൾ അടങ്ങിയ തുടർ ഫയൽ

മേൽ സാഹചര്യത്തിൽ 52,800 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.ഇതു സംബന്ധിച്ച് നമ്പർ

16/22-11-2018 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.എന്നാൽ മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 3-27 വിദ്യാർത്ഥികൾക്ക് ഫർണിച്ചർ-രേഖകൾ ലഭ്യമാക്കിയില്ല

7,8 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് മേശ,കസേര എന്നിവ വാങ്ങിനൽകിയ പ്രോജെക്റ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷം | 2017-18 |
| പ്രോജെക്റ്റ് നമ്പർ | 244/18(സ്പിൽ ഓവർ) |
| പ്രോജെക്റ്റിന്റെ പേര് | 7,8 ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് മേശ,കസേര |
| അടങ്കൽ | 455000(വികസനഫണ്ട്) |
| സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി<br>1/29-5-17 |
| നിർവഹണഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| ബിൽ നമ്പർ/തീയതി | 2/17-18 തീയതി 10-7-2017-440000 |

പട്ടികജാതി വികസനഓഫീസർ നിർവഹണഉദ്യോഗസ്ഥനായി വികസനഫണ്ടിൽ നിന്നും

4,40,000 രൂപ പിൻവലിച്ച് സിഡ്‌ക്കോയിൽ നിന്നും ഇൻവോയ്സ് നമ്പർ SMCMJ10328/23-3-17

പ്രകാരം 110 സ്റ്റീൽ ടേബിളുകളും 110 ഫൈബർ ചെയറുകളും വാങ്ങിയിട്ടുണ്ട്. കാഷ് ബുക്ക്, ബിൽ ബുക്ക്, സിഡ്കോയുടെ ഇൻവോയ്സ്, പ്രൊജക്റ്റ് എന്നിവ ഹാജരാക്കി.

മേൽ പ്രോജെക്റ്റിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

1 ഗുണഭോക്താക്കളുടെ അപേക്ഷകൾ അനുബന്ധരേഖകൾ

2 സ്കൂൾ അധികൃതർ നൽകിയ ലിസ്റ്റ്

3 വാർഡ് സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്

4സ്കൂൾ അധികൃതർ മുഖേന കുട്ടികൾ ഫർണ്ണിച്ചർ കൈപ്പറ്റിയതിന്റെ രേഖകൾ

മേൽ സാഹചര്യത്തിൽ 4,40,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. രേഖകളുടെ അഭാവത്തിൽ പ്രോജെക്റ്റിന്റെ നിർവ്വഹണം പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഇതു സംബന്ധിച്ച് 18/22-11-18 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയോടൊപ്പം പരാമർശിച്ച മുഴുവൻ രേഖകളും ഹാജരാക്കിയില്ല.

# 3-28 പത്താംക്ലാസ്സ് വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ-രേഖകൾ ലഭ്യമാക്കിയില്ല.

പത്താംക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകിയ പ്രോജെക്റ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷം | 2017-18 |
| പ്രോജെക്റ്റ് നമ്പർ | 243/18(സ്പിൽ ഓവർ) |
| പ്രോജെക്റ്റിന്റെ പേര് | പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ |
| അടങ്കൽ | 145000(വികസനഫണ്ട്) |
| സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നമ്പർ 1/29-5-17 |
| നിർവഹണഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| ബിൽ നമ്പർ/തീയതി | 3/17-18 തീയതി 10-7-201 -120590 |

പട്ടികജാതി വികസനഓഫീസർ നിർവഹണഉദ്യോഗസ്ഥനായി വികസനഫണ്ടിൽ നിന്നും 120590 രൂപ പിൻവലിച്ച് ടെണ്ടർ നടപടികളിലൂടെ റിയൽ ഗ്രൂപ്പ് ഓഫ് കമ്പനീസ് കുറ്റൂർ നോർത്തിൽ നിന്ന് ഇൻവോയ്സ് നമ്പർ 75/28-3-17 പ്രകാരം പെൺകുട്ടികൾക്കുള്ള 31 സൈക്കിളുകൾ വാങ്ങിയിട്ടുണ്ട്. കാഷ് ബുക്ക്, ബിൽ ബുക്ക്, ടെണ്ടർ വിവരങ്ങൾ, ബിൽ, പ്രൊജക്ട് എന്നിവ ഹാജരാക്കി. മേൽ പ്രോജെക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

1 ഗുണഭോക്താക്കളുടെ അപേക്ഷകൾ അനുബന്ധരേഖകൾ

2 സ്കൂൾ അധികൃതർ നൽകിയ ലിസ്റ്റ്

3 വാർഡ് സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്

4 കുട്ടികൾ സ്കൂൾ അധികൃതർ മുഖേന സൈക്കിളുകൾ കൈപ്പറ്റിയതിന്റെ രേഖകൾ

രേഖകൾ ഹാജരാക്കാത്തതിനാൽ 1,20,590രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.രേഖകളുടെ അഭാവത്തിൽ പ്രോജെക്ടിന്റെ നിർവ്വഹണം കൃത്യമായി പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഇതു സംബന്ധിച്ച് 19/22-11-2018 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയോടൊപ്പം ആവശ്യപ്പെട്ട മുഴുവൻ രേഖകളും ഹാജരാക്കിയില്ല.

# 3-29 വിതരണ വിവരം രേഖകൾ സഹിതം ഹാജരാക്കിയില്ല.

കൃഷി ഫീൽഡ് ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജെക്ടിന്റെ വിവരങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

| | |
|---|---|
| പ്രോജെക്ട് നമ്പർ | 9/17-18 |
| പ്രോജെക്ടിന്റെ പേര് | പൊന്നാര്യൻ കൊയ്യും പൊന്നാനി(നെൽകൃഷി വികസനം) |
| അടങ്കൽ | 1170000(വികസനഫണ്ട്) |
| ബിൽ നമ്പർ/തീയതി | 28/17-18 തിയതി 28-3-18 54000 രൂപ |

പ്രോജെക്ട് നമ്പർ 9/17-18 പൊന്നാര്യൻ കൊയ്യും പൊന്നാനി(നെൽകൃഷി വികസനം)-കേരള കാർഷിക സർവ്വകലാശാല മേഖല കൃഷി വിജ്ഞാനകേന്ദ്രം പട്ടാമ്പിയിൽ നിന്നും വാങ്ങിയ 54000 രൂപയുടെ അത്യുൽപ്പാദനശേഷിയുള്ള നെൽവിത്തുകളുടെ വിതരണവിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. സ്റ്റോക്ക്, വിതരണ വിവരം യഥാസമയം രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-30 ഗാർഹിക കുടിവെള്ള കണക്ഷൻ സംബന്ധിച്ച്

2017-18 വർഷത്തിൽ സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായി പ്രോജെക്ട് നമ്പർ 225/18 ഗാർഹിക കുടിവെള്ള പദ്ധതി സബ്സിഡിയിനത്തിൽ താഴെ പട്ടികയിൽ പറയുന്ന ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്.

ബിൽ നമ്പർ-52/17-18 തി.28-2-18 415000 രൂപ

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച സബ്സിഡി |
|---|---|---|
| 1 | അണ്ടിപ്പാട്ടിൽ കാദർ<br>കുറ്റിക്കാട്<br>5ാം വാർഡ് | 5000 |
| 2 | ഷിജി പാണേക്കാട്ട്<br>പൊന്നാനി<br>21ാം വാർഡ് | 5000 |
| | ആകെ | 10000 |

മേൽ ഗുണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയില്ല. ബാക്കിയുള്ള ഗുണഭോക്താക്കൾ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച് 37/26-11-2018 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.എന്നാൽ മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ 10,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

# 3-31 മരുന്നുകൾ മുഴുവനും ലഭ്യമായിട്ടില്ല

ഡയാലിസിസ് സെന്ററിലേയ്ക്കും ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതി, പരിരക്ഷ പദ്ധതി എന്നിവയ്ക്കുമായി കെ.എം.എസ്.സി.എല്ലിൽ നിന്ന് മരുന്ന് വാങ്ങുന്നതിന് അവരുടെ പ്രൊഫോർമ ഇൻവോയ്സുകൾ പ്രകാരം പണം ഒടുക്കിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമായ വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് | പ്രൊഫോർമ ഇൻവോയ്സ് നം. | ബിൽ / ചെക്ക് നം. | തുക | ആകെ ലഭിച്ച മരുന്നുകളുടെ വില | | ശേഷിക്കുന്ന മരുന്നുകളുടെ വില |
|---|---|---|---|---|---|---|
| | | | | ഇൻവോയ്സ് | വില | |
| SO071/18 പരിരക്ഷ | PRF284/ 23.11.17 (37items 88436/-) | 07/17-18 / 13.12.2017 (വികസന ഫണ്ട്) | 4,72,900/- | 7304/4.01.18 | 17361 | 3,62,482 |
| | PRF 2364/ 23.11.17 (111 items 384464/-) | | | 136/04.01.18 | 36406 | |
| | | | | 7576/22.1.18 | 3904 | |
| | | | | 1075/30.9.18 | 16818 | |
| | | | | 5226/24.7.18 | 7157 | |
| | | | | 9626/30.9.18 | 28772 | |
| | | | | **total** | **110418** | |
| SO420/18 ഡയാലിസിസ് സെന്ററിലേയ്ക്ക് മരുന്നും സർജിക്കൽസും വാങ്ങൽ | PRF2409/ 25.11.17 (24items 487000/-) | 15/17-18 /14.03.18 (വികസന ഫണ്ട്) | 4,87,000/- | 416/01.10.18 | 86800 | 1,68,836 |
| | | | | 454/23.10.18 | 228941 | |
| | | | | 455/23.10.18 | 2423 | |
| | | | | **total** | **318164** | |
| 065/18 പരിരക്ഷ (സെക്കന്ററി) | PRF3589/ 16.01.18 (13items 40550/-) | 16/17-18 /14.03.18 (വികസന ഫണ്ട്) | 40,550/- | -- | 00 | 40,550 |
| SO006/18 ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതി | PRF3045/ 18.12.17 (10items 249826/-) | JC No. 5107235/ 12.02.18 (തനത് ഫണ്ട്) | 5,20,000/- | 1851/19.5.18 | 28819 | 2,29,036 |
| | PRF696/ 18.12.17 (091items 270174/-) | | | 5836/02.8.18 | 12025 | |
| | | | | 9688/1.10.18 | 33123 | |
| | | | | 1791/18.5.18 | 71566 | |
| | | | | 5330/25.7.18 | 71566 | |
| | | | | 5839/02.8.18 | 34994 | |
| | | | | 755/02.08.18 | 26829 | |
| | | | | 808/19.08.18 | 12042 | |
| | | | | **total** | **290964** | |
| SO405/18 ഡയാലിസിസ് സെന്ററിലേയ്ക്ക് മരുന്നും സർജിക്കൽസും വാങ്ങൽ | PRF3346/ 29.12.17 (24items 396441/-) | 09/17-18 / 19.01.18 (വികസന ഫണ്ട്) | 3,96,441/- | 439/22.03.18 | 87062 | 62,019 |
| | | | | 440/22.03.18 | 166236 | |
| | | | | 09/18-19 | 1266 | |
| | | | | 35/24.04.18 | 33645 | |
| | | | | 36/24.04.18 | 44070 | |

| | | | | | | |
|---|---|---|---|---|---|---|
| | | | | 453/23.10.18 | 2143 | |
| | | | | total | 334422 | |
| SO403/18 പരിരക്ഷ (പ്രൈമറി) | PRF4747/ 08.03.18 (09items 52057/-) | 19/17-18 / 17.03.18 | 52,057/-- | 9504/30.9.18 | 8274 | 43,783 |
| **ആകെ** | | | **19,68,948** | **11,07,242** | | **9,06,706** |

പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള തുക മുൻകൂറായി ഒടുക്കുന്നതിനാൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനുമായി ചമയ്ക്കുന്ന കരാർപ്രകാരമുള്ള സമയപരിധിക്കകം തന്നെ മരുന്നുകൾ ലഭ്യമാക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുണ്ട്. എന്നാൽ കരാറുകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതി പ്രകാരമുള്ള മരുന്നുകൾ യഥാർത്ഥത്തിൽ ആശുപത്രിയിലേക്ക് വാങ്ങുന്ന മരുന്നുകളാണ്. മാർഗ്ഗരേഖ പ്രകാരം ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്ന പ്രസ്തുത പ്രോജക്ട് രൂപീകരിക്കുന്നതിനു മുമ്പ് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവൈലബിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതുണ്ട്. ആയത് ലഭ്യമാക്കിയിട്ടില്ല. എന്നാൽ കെ.എം.എസ്.സി.എൽ.ന്റെ ജില്ലാ മരുന്ന് ഡിപ്പോയിൽ വിതരണത്തിന് മരുന്ന് ഇല്ല എന്നൊരു സാക്ഷ്യപത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ആയത് മാർഗ്ഗരേഖ പ്രകാരം നിഷ്കർഷിക്കപ്പെട്ടതല്ല. ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിച്ച / ലഭിക്കാവുന്നവയ്ക്ക് പുറമെ ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിനാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പദ്ധതി പണം ചെലവഴിക്കേണ്ടത്. പ്രസ്തുത കാര്യം വ്യക്തമാക്കുന്നതിനാവശ്യമായ സാക്ഷ്യപത്രം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

മരുന്ന് ലഭ്യമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ 9,06,706 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 3-32 സ്കൂളുകൾക്ക് സ്ഥലം വാങ്ങൽ പദ്ധതി-രജിസ്ട്രേഷനിലെ അപാകതകൾ

വിവിധ സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്നതിനായി/സ്കൂൾ ഏറ്റെടുക്കുന്നതിനായി താഴെപ്പറയുന്ന പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട് .

| ക്രമ നം. | പദ്ധതി | വൗച്ചർ നം. | തുക | സ്ഥലം - അളവ് |
|---|---|---|---|---|
| 1 | കടവനാട് ജി.എൽ.പി.എസ് സ്ഥലം വാങ്ങൽ | ട്രഷറി ബിൽ 72/28-3-18 | 17,00,000 | 8.10 ആർ |
| 2 | തെയ്യങ്ങാട് ജി.എൽ.പി സ്കൂളിന് സ്ഥലം വാങ്ങൽ | ട്രഷറി ബിൽ 73/28-3-18 | 83,87,214 | 12.14 ആർ |
| 3 | അഴീക്കൽ ജി.എഫ്.എൽ.പിസ്കൂളിന് സ്ഥലം വാങ്ങൽ | ചെലവ് 2018-19 ൽ | 4,26,900 | 1.92 |

കടവനാട് ജി.എൽ.പി.എസ് സ്ഥലം വാങ്ങൽ,തെയ്യങ്ങാട് ജി.എൽ.പി സ്കൂളിന് സ്ഥലം വാങ്ങൽ എന്നീ പ്രൊജക്ടുകളിൽ രണ്ട് സ്കൂളുകൾക്ക് സ്ഥലം വാങ്ങി രജിസ്ട്രേഷൻ നടപടികൾ 2017-18 ൽ തന്നെ പൂർത്തിയാക്കിയിട്ടുണ്ട്.

2000 -ലെ കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 5(3) പ്രകാരം ഉഭയ സമ്മത പ്രകാരം ആർജ്ജിക്കുന്ന വസ്തുവിന്റെ ആധാരം ഈ ചട്ടങ്ങളുടെ അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം-1 ന് അനുയോജ്യമായിരിക്കണം. പ്രസ്തുത ഫാറത്തിലെ " (വിൽക്കുന്നയാൾ) ഒരു ഭാഗത്തും, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൻ(1994 ലെ 20) കീഴിൽ രൂപീകൃതമായ (പൊന്നാനി) മുനിസിപ്പാലിറ്റി മറുഭാഗത്തുമായി ഉണ്ടാക്കിയ ഉടമ്പടി തീറാധാരം" എന്ന വാചകത്തിനു പകരം "പൊന്നാനി നഗരസഭക്കു വേണ്ടി ഇപ്പോഴത്തെ സെക്രട്ടറി തൃശ്ശൂർ ജില്ല തലപ്പിള്ളി താലൂക്ക് കടവല്ലൂർ വില്ലേജ് കൊരട്ടിക്കര ദേശത്ത് ( പി.ഒ. കൊരട്ടിക്കര 680543) ചന്ദ്രൻ എന്നവർ മകൻ 47 വയസ്സ് നഗരസഭ സെക്രട്ടറി (PAN BBJPA 3952Q) കാവ്യം എന്ന ഭവനത്തിൽ താമസം അരുൺ കുമാർ വി.സി എന്നവർക്ക് സെക്രട്ടറി എന്ന നിലക്ക് എഴുതിക്കൊടുത്ത ജന്മം തീറാധാരം" എന്ന വാചകമാണ് ഉപയോഗിച്ചിരിക്കുന്നത്.

ചട്ട പ്രകാരമല്ലാത്ത ആധാരം രജിസ്റ്റർ ചെയ്തത് ഭരണ സമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു, തെറ്റ് തിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-33 റഗുലർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതിലെ അപാകത.

സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവ് ജി.ഒ(പി)നം. 7/2016 ഫിൻ തിയ്യതി 20-01-16 പ്രകാരം പുതുക്കിയ നിരക്കിലുള്ള പ്രതിമാസ അലവൻസുകൾക്ക് 1-02-2016 മുതൽക്ക് മാത്രമാണ് അർഹത. ഇതനുസരിച്ച് വീട്ടുവാടക അലവൻസ്,സിറ്റി കോമ്പൻസേറ്ററി അലവൻസ്,പി.സി.എ മുതലായവക്ക് ഫെബ്രുവരി 2016 മുതലാണ് പ്രാബല്യം. ശമ്പള പരിഷ്കരണ കുടിശ്ശിക കണക്കാക്കിയതിൽ ഇത്തരം അലവൻസുകൾ 1-7-2014 പ്രാബല്യത്തിൽ നൽകിയതായി കാണുന്നു. ശമ്പള പരിഷ്കരണ കുടിശ്ശികയുടെ മൂന്ന് ഗഡുക്കൾ ജീവനക്കാരുടെ പ്രൊവിഡണ്ട് ഫണ്ടിൽ ലയിപ്പിക്കുകയോ റിട്ടയർ ചെയ്തവർക്ക് പണമായി നൽകുകയോ ചെയ്തിട്ടുണ്ട്.ഇപ്രകാരം അനർഹമായ നിരക്കിൽ നൽകിയത് തിരികെ ഈടാക്കേണ്ടതാണ്.നാലാം ഗഡു സംഖ്യ പണമായി നൽകുമ്പോൾ പുന:പരിശോധിച്ച ശേഷം മാത്രം നൽകേണ്ടതാണ്. കുടിശ്ശിക തുകയുടെ പലിശ കണക്കാക്കിയത് പുന:പരിശോധിക്കേണ്ടതും അർഹമായ തുകക്ക് മാത്രമായി നിജപ്പെടുത്തേണ്ടതുമാണ്.

1/7/2014 മുതൽ31/1/2016 വരെ അർഹമല്ലാത്ത അധികനിരക്കിൽ കണക്കാക്കിയത് വഴിയുള്ള അധിക തുകയുടെ സംഗ്രഹം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പേര് | തസ്തിക | അനുവദിച്ചത് | | | ആകെ | അർഹമായത് | | | ആകെ | അധികം |
|---|---|---|---|---|---|---|---|---|---|---|---|
| | | | HRA | PCA | PH | | HRA | PCA | PH | | |
| 1 | സുധാകരൻ | സൂപ്രണ്ട് | 28458 | - | - | 28458 | 8968 | - | - | 8968 | 19490 |
| 2 | രമ.എൻ ആർ | സീ.ക്ലർക്ക് | 17226 | - | - | 17226 | 6316 | - | - | 6316 | 10910 |
| 3 | അനിത.ടി | ക്ലർക്ക് | 23750 | - | 15200 | 38950 | 7410 | - | 11400 | 18810 | 20140 |
| 4 | അശോകൻ.എ | ക്ലർക്ക് | 25667 | | 15200 | 40867 | 8008 | | 11400 | 19408 | 21459 |
| 5 | ബിനേഷ് | ക്ലർക്ക് | 25000 | - | - | 25000 | 7800 | - | - | 7800 | 17200 |
| 6 | ഇല്യാസ് | ക്ലർക്ക് | 25000 | 10000 | 15200 | 50200 | 7800 | 6400 | 11400 | 25600 | 24600 |
| 7 | കുഞ്ഞിമുഹമ്മദ്.എം..സി | ക്ലർക്ക് | 24417 | - | 15200 | 39617 | 7618 | - | 11400 | 19018 | 20599 |
| 8 | സനീഷ്.എ.എസ് | ക്ലർക്ക് | 25000 | 3048 | - | 28048 | 7800 | 1970 | - | 9770 | 18278 |
| 9 | ശാന്ത.എ.പി | ക്ലർക്ക് | 18000 | - | - | 18000 | 6600 | - | - | 6600 | 11400 |
| 10 | ഉമേഷ്.എസ് | ക്ലർക്ക് | 7298 | 993 | - | 8291 | 2277 | 642 | - | 2919 | 5372 |
| 11 | വരുൺ | ക്ലർക്ക് | 26250 | 2380 | - | 28630 | 8190 | 1540 | - | 9730 | 18900 |
| 12 | അബ്ദുൽ ഹമീദ് | എച്ച്.ഐ.Gr 2 | 30000 | 3230 | - | 33230 | 11000 | 2090 | - | 13090 | 20140 |
| 13 | ബിസ്മി റാണി.എൽ.ആർ | എച്ച്.ഐ.Gr 2 | 23750 | 3230 | - | 26980 | 10450 | 2090 | - | 12540 | 14440 |
| 14 | എസ്.ഗോപകുമാർ | ജെ.എച്ച്.ഐ.Gr 2 | 24708 | 3115 | - | 27823 | 7709 | 2011 | - | 9720 | 18103 |
| 15 | മോഹനൻ.പി.പി | ജെ.എച്ച്.ഐ.Gr 2 | 25000 | 3169 | - | 28169 | 11000 | 2049 | - | 13049 | 15120 |
| 16 | ക്രിസിൽഡ | ഓ.എ | 24417 | - | 15200 | 39617 | 7076 | - | 11342 | 18418 | 21199 |
| 17 | ഗിരിജ.പി.ടി | ,, | 6250 | - | - | 6250 | 1350 | - | - | 1350 | 4900 |
| 18 | എം.എൻ.ഗൗരി | ,, | 25209 | - | 15200 | 40409 | 7625 | - | 11400 | 19025 | 21384 |
| 19 | ഹരിദാസൻ.കെ | ,, | 25000 | - | 15200 | 40200 | 7560 | - | 11400 | 18960 | 21240 |
| 20 | മുഹമ്മദ്.കെ | ,, | 24667 | - | 15200 | 39867 | 6976 | - | 11400 | 18376 | 21491 |
| 21 | സന്ധ്യ | ,, | 4919 | - | - | 4919 | 1063 | - | - | 1063 | 3856 |
| 22 | സ്മിത | ,, | 13589 | - | - | 13589 | 2935 | - | - | 2935 | 10654 |
| 23 | അബ്ദുറഹീം | ടൈപ്പിസ്റ്റ് | 23417 | - | 14400 | 37817 | 7306 | - | 10800 | 18106 | 19711 |
| 24 | സിന്ധുമോൾ | ,, | 8750 | - | - | 8750 | 2730 | - | - | 2730 | 6020 |
| 25 | സരിത | സീ.ക്ലർക്ക് | 6700 | - | - | 6700 | 2948 | - | - | 2948 | 3752 |
| 26 | ഷൈൻമോൻ | ,, | 6700 | - | - | 6700 | 2948 | - | - | 2948 | 3752 |
| 27 | മമ്മദ്.ബി.കെ | ,, | 12209 | - | 6739 | 18948 | 5372 | - | 4339 | 9711 | 9237 |
| 28 | ബിഹാസ്.ജെ | ,, | 13666 | - | - | 13666 | 6013 | - | - | 6013 | 7653 |
| 29 | ജയ്സൺ ജോൺ | ,, | 6170 | - | - | 6170 | 2715 | - | - | 2715 | 3455 |
| 30 | അഭിലാഷ് | ,, | 1500 | - | - | 1500 | 550 | - | - | 550 | 950 |
| 31 | മോനിഷ്.പി.എ | ,, | 18000 | - | - | 18000 | 7113 | - | - | 7113 | 10887 |
| 32 | രഞ്ജിത്ത് | ,, | 8916 | - | - | 8916 | 3923 | - | - | 3923 | 4993 |
| 33 | ഷാൻ.എസ്.ആർ | ,, | 8916 | - | - | 8916 | 3923 | - | - | 3923 | 4993 |
| 34 | കൃഷ്ണനുണ്ണി | ,, | 8834 | - | - | 8834 | 3887 | - | - | 3887 | 4947 |
| 35 | മനോജ്. | ,, | 23750 | - | - | 23750 | 7800 | - | - | 7800 | 15950 |
| 36 | അബ്ദുൽ റഷീദ്.കെ | ഒ.എ | 13167 | - | - | 13167 | 3742 | - | - | 3742 | 9425 |
| 37 | വിജയ.പി.ആർ | ആർ.ഐ | 10950 | 1971 | - | 12921 | 4015 | 1314 | - | 5329 | 7592 |
| 38 | ഷൈജ | സീ.ക്ലർക്ക് | 3041 | - | - | 3041 | 1338 | - | - | 1338 | 1703 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 39 | അനിൽകുമാർ.പി | ,, | 8468 | - | - | 8468 | 3726 | - | - | 3726 | 4742 |
| 40 | ശ്യാം | ,, | 1500 | - | - | 1500 | 550 | - | - | 550 | 950 |
| 41 | സന്തോഷ് കുമാർ.പി | എച്ച്.ഐ Gr 2 | 30000 | 4849 | - | 34849 | 11000 | 3232 | - | 14232 | 20617 |
| | ആകെ | | 688229 | 35985 | 142739 | 866953 | 235130 | 23338 | 106281 | 364749 | 502204 |

താഴെ രേഖപ്പെടുത്തിയ ബില്ലുകൾ/ചെക്കുകൾ പ്രകാരം മൂന്ന് ഗഡുക്കൾ അനുവദിച്ചിട്ടുണ്ട്

1. 744881 രൂപ( 529787+215093 പലിശ) ചെക്ക്2494895/17-11-17

2.598925 രൂപ( 529787+ 69138 പലിശ) ചെക്ക് 2494896/17-11-17

3.570058 രൂപ ( 529787+ 40271പലിശ)ചെക്ക് 3053447/25-5-18 ( 2018-19 ൽ)

ആകെ 41 ജീവനക്കാരുടെ കുടിശ്ശിക കണക്കാക്കിയത് കാൽക്കുലേഷൻ ഷീറ്റ് പ്രകാരം 2119150 രൂപയും അതിന് അർഹമായ പലിശയുമാണ്.

നൽകിയ 3 ഗഡു കുടിശ്ശിക തുകയായ 1589362 രൂപയും അതിന് അർഹമായ പലിശയും നൽകിക്കഴിഞ്ഞു.അനർഹമായി കണക്കാക്കിയ 502204 രൂപ കുറച്ചാൽ യഥാർത്ഥത്തിൽ അർഹമായ കുടിശ്ശിക (പലിശയില്ലാതെ) 1616946 രൂപ മാത്രമാണ്.അതിൽ 1589362 രൂപ ഇതിനോടകം അനുവദിച്ചതിനാൽ ഇനി അർഹമായത് 27584 രൂപയും പലിശയും മാത്രമാണ്.

ബന്ധപ്പെട്ട ഫയൽ പരിശോധിച്ച് അർഹത പുനർനിർണ്ണയിക്കേണ്ടതും അധികം അനുവദിച്ചതും ആയതിന് കണക്കാക്കിയ പലിശയും ക്രമീകരിക്കേണ്ടതാണ്. അധികം കൈപ്പറ്റിയ സംഗതിയിൽ തിരികെ ഈടാക്കേണ്ടതുണ്ടെങ്കിൽ ഈടാക്കി റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ അറിയിക്കേണ്ടതുമാണ്.

## 3-34 ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതിലെ അപാകത. അധികം നൽകിയത് 4,56,942 രൂപ

ഫയൽ നമ്പർ H2- 17562/16

ജി.ഒ.(എം.എസ്) 118/2016ത.സ്വ.ഭ.വ തീയ്യതി 17-8-16 ഉത്തരവ് പ്രകാരം പ്രാബല്യത്തിൽ വന്ന മുനിസിപ്പാലിറ്റി കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിലെ ഖണ്ഡിക VIII പ്രകാരം സർക്കാർ ജീവനക്കാരുടെ പുതിയ ശമ്പള പരിഷ്കരണ ഉത്തരവിലെ മറ്റ് വ്യവസ്ഥകൾ, ശമ്പള പരിഷ്കരണത്തെ സംബന്ധിച്ച് പിന്നീട് സർക്കാർ പുറപ്പെടുവിക്കുന്ന ഭേദഗതികൾ എന്നിവ കണ്ടിജന്റ് ജീവനക്കാർക്കും ബാധകമായിരിക്കും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ ജീവനക്കാരുടെ പുതിയ ശമ്പള പരിഷ്കരണ ഉത്തരവ് ജി.ഒ(പി)നം.7/2016 ഫിൻ തിയ്യതി 20-01-16 പ്രകാരം പുതുക്കിയ നിരക്കിലുള്ള പ്രതിമാസ അലവൻസുകൾക്ക് 1-02-2016 മുതൽക്ക് മാത്രമാണ് അർഹത. ഇതനുസരിച്ച് വീട്ടുവാടക അലവൻസ്,സിറ്റി കോമ്പൻസേറ്ററി അലവൻസ്,സ്പെഷ്യൽ അലവൻസ്, റിസ്ക് അലവൻസ്,എച്ച്.ടി.എ, വാഷിംഗ് അലവൻസ് മുതലായവക്ക് ഫെബ്രുവരി 2016 മുതലാണ് പ്രാബല്യം. എന്നാൽ സാനിറ്റേഷൻ വർക്കർമാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക നൽകിയതിൽ ഇത്തരം അലവൻസുകൾ 1-7-2014 പ്രാബല്യത്തിൽ നൽകിയതായി കാണുന്നു.ഇപ്രകാരം അനർഹമായ നിരക്കിൽ നൽകിയത് തിരികെ ഈടാക്കേണ്ടതാണ്. കുടിശ്ശിക തുകയുടെ പലിശ കണക്കാക്കിയത് പുന:പരിശോധിക്കേണ്ടതും അർഹമായ തുകയ്ക്ക് മാത്രമായി നിജപ്പെടുത്തേണ്ടതുമാണ്.

1.7.2014 മുതൽ 31.1.16 വരെ അധികനിരക്കിൽ അനുവദിച്ചതിന്റെ സംഗ്രഹം താഴെ കൊടുക്കുന്നു.

വൗച്ചർ 21701060/17-11-17

വൗച്ചർ 21700168/12-5-17

ചെക്ക് 926357/12-5-17 , 43840 രൂപ.

ചെക്ക് 2494899/17-11-17

,, 979491/24-11-17

,, 979492/24-11-17

,, 2494898/17-11-17

,, 2494897/17-11-17

| ക്രമ നം | പേര് | അനുവദിച്ചത് | | | | | | അർഹമായത് | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | HRA | RA | SA | WA | BA | ആകെ | HRA | RA | SA | WA | BA | ആകെ | അധികം |
| 1 | കെ.വി.അച്ചുതൻ | 28500 | 3800 | 2375 | 3800 | 0 | 38475 | 10450 | 1900 | 1425 | 1900 | 0 | 15675 | 22800 |
| 2 | ശശികുമാർ.പി.പി | 31500 | 3800 | 2375 | 3800 | 5000 | 46475 | 11550 | 1900 | 1425 | 1900 | 3325 | 20100 | 26375 |
| 3 | പി.ശ്രീലത | 30000 | 3800 | 2375 | 3800 | 4750 | 44725 | 11000 | 1900 | 1425 | 1900 | 3325 | 19550 | 25175 |
| 4 | വിജയകുമാർ | 30000 | 3740 | 2337 | 3740 | 4675 | 44492 | 10360 | 1871 | 1403 | 1871 | 3274 | 18779 | 25713 |
| 5 | കെ.കെ.രാധ | 30000 | 3800 | 2375 | 3800 | 4750 | 44725 | 9240 | 1900 | 1425 | 1900 | 3325 | 17790 | 26935 |
| 6 | പി.ചന്ദ്രമതി | 25000 | 4000 | 2500 | 4000 | 4883 | 40383 | 7800 | 2000 | 1500 | 2000 | 3418 | 16718 | 23665 |
| 7 | നളിനി.കെ | 25000 | 3800 | 2375 | 3800 | 4750 | 39725 | 7800 | 1900 | 1425 | 1900 | 3325 | 16350 | 23375 |
| 8 | എ.പി.ദാക്ഷായണി | 25000 | 3800 | 2375 | 3800 | 4750 | 39725 | 8760 | 1900 | 1425 | 1900 | 3325 | 17310 | 22415 |
| 9 | കെ.വി.ജയപ്രകാശ് | 25000 | 3800 | 2375 | 3800 | 4750 | 39725 | 7800 | 1900 | 1425 | 1900 | 3325 | 16350 | 23375 |
| 10 | കെ.സമീർബാബു | 25000 | 3452 | 2157 | 3451 | 4316 | 38376 | 7800 | 1726 | 1294 | 1725 | 3020 | 15565 | 22811 |
| 11 | രാജ്കുമാർ.എം.ടി | 25000 | 3800 | 2375 | 3800 | 4750 | 39725 | 7800 | 1900 | 1425 | 1900 | 3325 | 16350 | 23375 |
| 12 | സത്യപാൽ.എം | 25000 | 3800 | 2375 | 3800 | 4750 | 39725 | 7800 | 1900 | 1425 | 1900 | 3325 | 16350 | 23375 |
| 13 | ഗോപാലകൃഷ്ണൻ.പി.വി | 23226 | 3516 | 2198 | 3516 | 4395 | 36851 | 7246 | 1758 | 1319 | 1758 | 3077 | 15158 | 21693 |
| 14 | മുഹമ്മദ് ഹനീഫ.സി.പി | 25000 | 3800 | 2375 | 3800 | 4750 | 39725 | 7800 | 1900 | 1425 | 1900 | 3325 | 16350 | 23375 |
| 15 | പി.പി.പ്രതാപൻ | 25000 | 3800 | 2375 | 3800 | 4750 | 39725 | 7800 | 1900 | 1425 | 1900 | 3325 | 16350 | 23375 |
| 16 | ഇബ്രാഹിംകുട്ടി | 2097 | 335 | 210 | 335 | 419 | 3396 | 654 | 168 | 126 | 167 | 294 | 1409 | 1987 |
| 17 | ഷാജി മോഹൻ.എൻ.ടി | 1976 | 316 | 198 | 316 | 395 | 3201 | 616 | 158 | 119 | 158 | 277 | 1328 | 1873 |
| 18 | അബ്ദുറഹിമാൻ | 28500 | 3600 | 2250 | 3600 | 4250 | 42200 | 10450 | 1800 | 1350 | 1800 | 2975 | 18375 | 23825 |
| 19 | ഗായത്രി | 27000 | 3200 | 2000 | 3200 | 4000 | 39400 | 10450 | 1700 | 1275 | 1700 | 2975 | 18100 | 21300 |
| 20 | സൗദാമിനി | 30000 | 3800 | 2375 | 3800 | 4000 | 43975 | 11000 | 1900 | 1425 | 1900 | 2800 | 19025 | 24950 |
| 21 | സുഹാസിനിദേവി.ജെ | 30000 | 3800 | 2375 | 3800 | 4750 | 44725 | 11000 | 1900 | 1425 | 1900 | 3325 | 19550 | 25175 |
| | ആകെ | 517799 | 71559 | 44725 | 71558 | 83833 | 789474 | 175176 | 35881 | 26911 | 35879 | 58685 | 332532 | 456942 |

ബന്ധപ്പെട്ട ഫയൽ പരിശോധിച്ച് അർഹത പുനർനിർണ്ണയിക്കേണ്ടതും അധികം അനുവദിച്ചത് ഈടാക്കി അറിയിക്കേണ്ടതുമാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ കുറിപ്പിന് (13/19-11-18,20/22-11-18) എച്ച്1-23007/18 തിയ്യതി 20-11-18 നമ്പറായി ലഭ്യമാക്കിയ മറുപടിയിൽ അധികം കൈപ്പറ്റിയ ജീവനക്കാർക്ക് നോട്ടീസ് നൽകിക്കൊണ്ട് ശമ്പളത്തിൽ നിന്നും തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. റിക്കവറി വിവരം റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.അതുവരെ അധികം നൽകിയത് നഗരസഭാ ഫണ്ടിന്റെ വ്യക്തമായ നഷ്ടമായി കണക്കാക്കുന്നു.

## 3-35 ജി.എൽ.പി.സ്കൂൾ തെയ്യങ്ങാട്- സ്ഥലം വാങ്ങൽ -30% വരെ സെലേഷ്യം അനുവദിച്ചു,രേഖകൾ ഹാജരാക്കിയില്ല.

പ്രൊജക്ട് നമ്പർ 146/18 ജി.എൽ.പി.സ്കൂൾ തെയ്യങ്ങാട്- സ്ഥലം വാങ്ങൽ.

83,87,214 രൂപ
ഫയൽ നമ്പർ ജി5-10745/17

ട്രഷറി ബിൽ നമ്പർ 73/28-03-2018 വികസന ഫണ്ട് പൊതുവിഭാഗം

2017-18 വർഷം സെക്രട്ടറി നടപ്പാക്കിയ ജി.എൽ.പി.സ്കൂൾ തെയ്യങ്ങാട്- സ്ഥലം വാങ്ങൽ എന്ന പ്രൊജക്ടിൽ പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും 83,87,214 രൂപ 30 സെന്റ് സ്ഥലത്തിന്റെ വിലയായി ബിൽ നമ്പർ 17150447000301333182/28-3-18 പ്രകാരം ശ്രീമതി.പത്മാവതി അമ്മ, ശ്രീമതി.ദേവകിയമ്മ, ശ്രീമതി.വിജയലക്ഷ്മി എന്നിവരുടെ അക്കൗണ്ടിലേക്ക് യഥാക്രമം

2096804/-രൂപ, 2096807 രൂപ, 4193606/-രൂപ വീതം (PAN നമ്പർ യഥാക്രമം EMBLQPP1544J, BUJPK9024Q, ASWPV6346C) നൽകിയിട്ടുണ്ട്.

സ്ഥലപരിമിതി അനുഭവപ്പെട്ടുന്നതിനാൽ വിദ്യാലയത്തോട് ചേർന്ന് കിടക്കുന്ന കോഴിക്കോട്ടകത്തിട്ട വീട്ടിൽ കെ.വി. പത്മാവതി മുതൽ പേരുടെ ഉടമസ്ഥതയിലുള്ള ഈഴവത്തിരുത്തി വില്ലേജിലെ റീ.സ 42/1,42/2 ൽ ഉൾപ്പെട്ട 30 സെന്റ് സ്ഥലം ഏറ്റെടുത്ത് സൗകര്യം ഉണ്ടാക്കണമെന്ന തെയ്യങ്ങാട് ജി.എൽ.പി സ്കൂൾ എച്ച്.എം- ന്റെ കത്തിന്റെ അടിസ്ഥാനത്തിൽ നഗര സഭ പ്രസ്തുത സ്ഥലം ഏറ്റെടുക്കാൻ നടപടികൾ ആരംഭിച്ചു.

പൊന്നാനി തഹസിൽദാറുടെ 26-3-18 ലെ ഡി1. 8324/2017 നമ്പർ ഭൂവില നിർണ്ണയ സാക്ഷ്യപത്രത്തിൽ 30 സെന്റ് ഭൂമിയുടെ വില ആർ ഒന്നിന് 5,31,398 രൂപ പ്രകാരം12.141 ആർ ഭൂമിക്ക് 64,51,703 രൂപ ആണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.സ്കൂൾ ഏറ്റെടുക്കൽ സംബന്ധിച്ച യോഗത്തിൽ സ്ഥലവില നെഗോഷിയേഷൻ നടത്തി സെന്റ് ഒന്നിന് 3 ലക്ഷം ആണെന്നും ഈ സാഹചര്യത്തിൽ വിലയായി ആകെ 90 ലക്ഷം കാണേണ്ടി വരുമെന്നും സർക്കാർ നിശ്ചയിച്ച വിലയിൽ 30% വരെ വർദ്ധനവ് കൗൺസിലിന് വരുത്താവുന്നതാണെന്നും അപ്രകാരം വർദ്ധനവ് വരുത്തിയാൽ ആകെ 83,87,214 രൂപ മാത്രമേ നൽകാൻ കഴിയൂ എന്ന് ബന്ധപ്പെട്ട ജി-5 സെക്ഷൻ നോട്ട് എഴുതി സമർപ്പിച്ചു.മേൽ സാഹചര്യത്തിൽ സ്ഥലമുടമകളുമായി വിദ്യാഭ്യാസകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ നഗരസഭ തീരുമാനിച്ച 83,87,214 രൂപയ്ക്ക് സന്നദ്ധത അറിയിച്ചതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ നഗരസഭാ ചെയർമാൻ നിർദ്ദേശിച്ചു കൊണ്ട് കുറിപ്പ് നൽകി.

26-3-2018 ന് രാവിലെ 10:30 ന് കൂടിയ കൗൺസിൽ യോഗത്തിലെ 16-ാം നമ്പർ തീരുമാനം ഇങ്ങനെയാണ്. " ഭൂവില നിർണ്ണയ സാക്ഷ്യപത്ര പ്രകാരം തിട്ടപ്പെടുത്തിയ വിലയേക്കാൾ 30% അധികരിച്ച നിരക്കിൽ ഭൂമിയുടെ വില കണക്കാക്കി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു".

പ്രസ്തുത തീരുമാനത്തിൽ അധികനിരക്ക് നൽകുന്നതിനുള്ള സാഹചര്യം വ്യക്തമാക്കപ്പെട്ടിട്ടില്ല. കൗൺസിലിന് മുമ്പാകെ വന്ന കുറിപ്പിൽ സർക്കാർ നിശ്ചയിച്ച് നൽകുന്ന വിലയുടെ 30% അധികരിക്കാത്ത തുക കൗൺസിലിന് വർദ്ധിപ്പിച്ച് നൽകാവുന്നതാണ് എന്ന് കൗൺസിൽ മിനിട്സിൽ സൂചിപ്പിച്ചിട്ടുണ്ട്.

അധികവില ആവശ്യപ്പെട്ട് കക്ഷികൾ നൽകിയ കത്ത്, വില നെഗോഷിയേഷൻ നടത്തിയതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് 12-11-18 ന് നൽകിയ അന്വേഷണക്കുറിപ്പിന് ( നമ്പർ 1) രേഖാമൂലമുള്ള യാതൊരു മറുപടിയും നഗരസഭ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കും എന്ന് ഓഡിറ്റ് സമാപന യോഗത്തിൽ പ്രസ്താവിക്കുക മാത്രമാണ് ഉണ്ടായത്. ജില്ലാകളക്ടർ നിശ്ചയിച്ച വില പാർട്ടി ആവശ്യപ്പെട്ട വിലയേക്കാൾ കുറവായതു മൂലം ഭൂവുടമ ഭൂമി നൽകാത്ത സാഹചര്യത്തിൽ 30% വരെ സെലേഷ്യം അനുവദിക്കാം. എന്നാൽ ഓഡിറ്റ് ആവശ്യപ്പെട്ടിട്ടും അത്തരത്തിൽ ഭൂവുടമ കൂടുതൽ വില ആവശ്യപ്പെട്ടത് സംബന്ധിച്ച രേഖ നഗരസഭ ഹാജരാക്കിയിട്ടില്ല.ഭൂവുടമ അധിക വില ആവശ്യപ്പെട്ടതായോ അക്കാരണത്താലാണ് അധികം നൽകുന്നതിനുള്ള തീരുമാനം എന്നോ കൗൺസിലിന് മുമ്പാകെ വന്ന കുറിപ്പിലോ കൗൺസിൽ തീരുമാനത്തിലോ വ്യക്തമാക്കപ്പെട്ടിട്ടില്ല. 30% അധികം നൽകാം എന്നതിനാൽ അപ്രകാരം തീരുമാനം കൈക്കൊണ്ടതായാണ് തീരുമാനം സൂചിപ്പിക്കുന്നത്.രേഖകളുടെ അഭാവത്തിൽ തഹസിൽദാറുടെ 26-3-18 ലെ ഡി1. 8324/2017 നമ്പർ ഭൂവില നിർണ്ണയ സാക്ഷ്യപത്ര പ്രകാരമുള്ള വിലയായ 64,51,703 രൂപയിൽ അധികരിച്ച് നൽകിയ 19,35,511 രൂപ തടസ്സത്തിൽ വെക്കുന്നു. അധികനിരക്കിൽ നൽകുന്നതിന് ആധാരമായ രേഖകൾ റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

# 3-36 വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തിയത്- വിശദാംശങ്ങൾ ലഭ്യമല്ല

നഗര സഭയുടെ വിവിധ ഭാഗങ്ങളിൽ കുടിവെള്ള വിതരണം നടത്തിയതിന് താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | വൗച്ചർ നം/ തിയ്യതി | തുക | പണം കൈപ്പറ്റിയ ആൾ | കാലയളവ് | റിമാർക്സ് |
|---|---|---|---|---|---|
| 1 | 21700786/15-9-17 | 2,92,000 | തേറയിൽ കുഞ്ഞുണ്ണി | 1.വാർഡ്42-77ട്രിപ്പ്.<br>2.വാർഡ് 4 -78ട്രിപ്പ്.<br>3.വാർഡ് 23 19ട്രിപ്പ്.<br>4.വാർഡ് 27-20ട്രിപ്പ്. | 25-5-14മുതൽ 6-6-14 വരെ<br>ട്രിപ്പിന്1000രൂപ നിരക്കിൽ ആകെ 292 ട്രിപ്പിന്. |

| | | | | | |
|---|---|---|---|---|---|
| | | | | 5.വാർഡ്25-49ട്രിപ്പ്.<br>6.വാർഡ് 24 -49ട്രിപ്പ്. | |
| 2 | 21700319/15-6-17 | 110175 | മിലാദ്പുളിക്കലകത്ത് | 26-4-17 മുതൽ 31-5-17 വരെ കാലയളവിൽ 16 ദിവസം | ട്രിപ്പിന് 1695 രൂപ നിരക്കിൽ 65 ട്രിപ്പിന്. |
| 3 | 21700199/24-5-17 | 1,20,345 | മിലാദ്പുളിക്കലകത്ത് | 20-4-17 മുതൽ 11-5-17 വരെ കാലയളവിൽ 13 ദിവസം | ട്രിപ്പിന് 1695 രൂപ നിരക്കിൽ 65 ട്രിപ്പിന്. |
| | ആകെ | 522520 | | | |

<u>അപാകതകൾ</u>

1. കുടിവെള്ള വിതരണം ചെയ്യുന്നതിനായി വിതരണക്കാരെ തെരഞ്ഞെടുത്തതിന്റെ രേഖകൾ ഇല്ല.

2. ഏതൊക്കെ ദിവസങ്ങളിൽ എവിടെയൊക്കെ വെള്ളം വിതരണം ചെയ്തുവെന്നതിന് വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് അടക്കമുള്ള രേഖകൾ ഇല്ല.

3. ജല സ്രോതസ്സ്,വിതരണം ചെയ്ത വെള്ളത്തിന്റെ ഗുണ നിലവാരം സംബന്ധിച്ച വിശദാംശങ്ങൾ ഇല്ല.

4. ജലവിതരണം നിരീക്ഷിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയതായി കാണുന്നില്ല. വിതരണക്കാരുടെ അപേക്ഷ മാത്രം പരിഗണിച്ച് പണം നൽകിയതായി കാണുന്നു.

5. പട്ടികയിലെ ക്രമ നമ്പർ 1ൽ 2014 ൽ വിതരണം ചെയ്തതിന്റെ തുക നൽകിയതായി കാണുന്നു.ഇപ്രകാരം ക്ലയിം പരിഗണിച്ച സാഹചര്യം ഫയലിൽ വ്യക്തമല്ല.

6. പട്ടികയിലെ ക്രമ നമ്പർ 1ൽ ഒരേ വാഹനം തന്നെ ഒരേ സമയം ഒന്നിലധികം ഓടിയതായി കാണുന്നു. ക്ലയിം സൂക്ഷ്മ പരിശോധന നടത്താതെ അപേക്ഷകൾ പരിഗണിക്കുന്നു എന്ന് വ്യക്തമാവുന്നു.

6. വിതരണക്കാർക്ക് പണം നൽകിയപ്പോൾ ആദായ നികുതി ഈടാക്കിയതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 58/26-11-18 നമ്പർ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക 5,22,520 രൂപ തടസ്സം ചെയ്യുന്നു.

# 3-37 ചട്ട പ്രകാരമല്ലാതെ സ്ഥലം മാറ്റ യാത്രപ്പടിഅനുവദിച്ചു- 14175 രൂപ നഷ്ടം

ഫയൽ ജി1-8173/03

താഴെ പറയുന്ന ജീവനക്കാരുടെ സ്ഥലം മാറ്റ യാത്രപ്പടി അനുവദിച്ചതിൽ സാധനസാമഗ്രികൾ കൊണ്ടു വരുന്നതിന് അനുവദനീയമായതിലും കൂടുതൽ തുക അനുവദിച്ചതായി കാണുന്നു.

സാധനസാമഗ്രികൾ കൊണ്ടു വരുന്നതിന് സമർപ്പിച്ച ക്ലയിം പ്രകാരം അനുവദനീയമായത് ലോറിമാർഗ്ഗം കൊണ്ട് വരുന്ന സംഗതിയിൽ ആയത് ട്രെയിൻ നിരക്കിലോ മൈലേജ് അലവൻസ് പ്രകാരം അനുവദനീയമായതിലോ നിജപ്പെടുത്തേണ്ടതുണ്ട്. ലോറി ബില്ലോ വൗച്ചറോ ഹാജരാക്കാതെ ക്ലയിം പരിഗണിച്ചതും ക്രമത്തിലല്ല.

<u>A.ശ്രീ,കെ.പി.ഗോപകുമാർ, സീനിയർ ക്ലർക്ക്</u>

അടിസ്ഥാന ശമ്പളം- രേഖപ്പെടുത്തിയിട്ടില്ല

ക്ലയിം പ്രകാരം II b ക്ലാസ്സിൽ ഉൾപ്പെടുന്നു.

തിരുവനന്തപുരം നഗരസഭയിൽ നിന്നും പൊന്നാനിയിലേക്ക് സ്ഥലം മാറി വന്നതിനുള്ള യാത്രപ്പടി.

ക്ലയിം ചെയ്ത പ്രകാരം അനുവദിച്ചത്.

1.ജീവനക്കാരൻ

പുളിൻകുടിയിൽ നിന്നും തിരുവനന്തപുരം വരെ 20 km- മൈലേജ് അലവന്സ്- 40 രൂപ.

തിരുവനന്തപുരം - കുറ്റിപ്പുറം ട്രെയിൻ 357 km.- 605 രൂപ.

കുറ്റിപ്പുറം - പൊന്നാനി- 20 km മൈലേജ് അലവൻസ്- 40 രൂപ.

ആകെ 685 രൂപ.

2. കുടുംബം( ഭാര്യ,2 കുട്ടികൾ 12 വയസ്സിന് മുകളിൽ)

40+ 3*605+40 = 1895

സാധനസാമഗ്രികൾ കൊണ്ടു വരുന്നതിന്.

2000 kg.ട്രെയിൻ മാർഗ്ഗം@ 35 രൂപ/100 kg- 700 രൂപ.

പുളിൻകുടിയിൽ നിന്നും തിരുവനന്തപുരം വരെ ലോറിമാർഗ്ഗം- 2400 രൂപ

കുറ്റിപ്പുറം - പൊന്നാനിവരെ ലോറിമാർഗ്ഗം- 2400 രൂപ

കയറ്റിറക്ക് കൂലി- 900

ആകെ ക്ലയിം പ്രകാരം അനുവദിച്ചത്- 8980

ചെക്ക് നമ്പർ-227172/11-8-17.

സാധനസാമഗ്രികൾ കൊണ്ടു വരുന്നതിന് സമർപ്പിച്ച ക്ലയിം പ്രകാരം അനുവദനീയമായത് ട്രെയിൻ മാർഗ്ഗം 2000 kg. കൊണ്ട് വരുന്നതിനുള്ള @ 355.70 രൂപ/1000 kg- 711.40 രൂപ യും കയറ്റിറക്ക് കൂലി ഇനത്തിലുള്ള 900 രൂപയുമാണ്.

അധികം നൽകിയത്- 4800 രൂപ

<u>B.ശ്രീ.അരുൺകുമാർ, സീനിയർ ക്ലർക്ക്</u>

അടിസ്ഥാന ശമ്പളം- 31500 ll b

തിരുവനന്തപുരത്ത് നിന്നും പൊന്നാനിയിലേക്ക് സ്ഥലം മാറി വന്നതിനുള്ള യാത്രപ്പടി.

ക്ലയിം ചെയ്ത പ്രകാരം അനുവദിച്ചത്.

1.ജീവനക്കാരൻ

നെടുമങ്ങാട് നിന്നും തിരുവനന്തപുരം വരെ 20 km- മൈലേജ് അലവന്സ്- 40 രൂപ.

തിരുവനന്തപുരം - കുറ്റിപ്പുറം ട്രെയിൻ 357 km.- 605 രൂപ.

കുറ്റിപ്പുറം - പൊന്നാനി- 20 km മൈലേജ് അലവൻസ്- 40 രൂപ.

ആകെ 685 രൂപ.

2. കുടുംബം( ഭാര്യ,2 കുട്ടികൾ 11,15 വയസ്സ്)

40+ 2*605+303+40 = 1593

സാധനസാമഗ്രികൾ കൊണ്ടു വരുന്നതിന്.

2000 kg.ട്രെയിൻ മാർഗ്ഗം@ 35 രൂപ/100 kg- 700 രൂപ.

നെടുമങ്ങാട് നിന്നും തിരുവനന്തപുരം വരെ ലോറിമാർഗ്ഗം- 2400 രൂപ

കുറ്റിപ്പുറം - പൊന്നാനിവരെ ലോറിമാർഗ്ഗം- 2400 രൂപ

കയറ്റിറക്ക് കൂലി- 900

ആകെ ക്ലയിം പ്രകാരം അനുവദിച്ചത്- 8678

ചെക്ക് നമ്പർ-227172/11-8-17.

സാധനസാമഗ്രികൾ കൊണ്ടു വരുന്നതിന് സമർപ്പിച്ച ക്ലയിം പ്രകാരം അനുവദനീയമായത് ട്രെയിൻ മാർഗ്ഗം ട്രെയിൻ മാർഗ്ഗം 2000 kg. കൊണ്ട് വരുന്നതിനുള്ള @ 355.70 രൂപ/1000 kg- 711.40 രൂപ യും കയറ്റിറക്ക് കൂലി ഇനത്തിലുള്ള 900 രൂപയുമാണ്.

അധികം നൽകിയത്- 4800 രൂപ

<u>**C.ശ്രീ.അബ്ദുൽ റഷീദ്.പി.എച്ച് സൂപ്രണ്ട്.**</u>

അടിസ്ഥാന ശമ്പളം- 43600 ll b

എറണാകുളത്ത് നിന്നും പൊന്നാനിയിലേക്ക് സ്ഥലം മാറി വന്നതിനുള്ള യാത്രപ്പടി.

ക്ലയിം ചെയ്ത പ്രകാരം അനുവദിച്ചത്.

1.ജീവനക്കാരൻ

നെട്ടൂർ നിന്നും എറണാകുളം വരെ - 20 രൂപ.

എറണാകുളം- കുറ്റിപ്പുറം ട്രെയിൻ 137 km.- 360 രൂപ.

കുറ്റിപ്പുറം - പൊന്നാനി- 20 km മൈലേജ് അലവൻസ്- 40 രൂപ.

ആകെ 420 രൂപ.

2. കുടുംബം( ഭാര്യ,2 കുട്ടികൾ 12 വയസ്സിന് മുകളിൽ)

3*360+3*40 = 1200

സാധനസാമഗ്രികൾ കൊണ്ടു വരുന്നതിന്.

2000 kg.ട്രെയിൻ മാർഗ്ഗം@ 35 രൂപ/100 kg- 700 രൂപ.

നെട്ടൂർ നിന്നും എറണാകുളം വരെ വരെ ലോറിമാർഗ്ഗം- 1800 രൂപ

കുറ്റിപ്പുറം - പൊന്നാനിവരെ ലോറിമാർഗ്ഗം- 2400 രൂപ

കയറ്റിറക്ക് കൂലി- 900

ആകെ ക്ലയിം പ്രകാരം അനുവദിച്ചത്-7420

ട്രെയിൻ മാർഗ്ഗം 2000 kg. കൊണ്ട് വരുന്നതിനുള്ള @ 162.50 രൂപ/1000 kg- 325 രൂപ യും കയറ്റിറക്ക് കൂലി ഇനത്തിലുള്ള 900 രൂപയുമാണ്.

ചെക്ക് നമ്പർ-227172/11-8-17.

അധികം നൽകിയത്- 4575 രൂപ

ആകെ അധികം നൽകിയത്- 14175.

*അധികം നൽകിയത് തിരിച്ചടവാക്കി അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (7/19-11-18) തിരിച്ചടവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. തിരിച്ചടവ് വിവരം ആദ്യമറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.*

# 3-38 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് ഇൻസ്റ്റാലേഷന് നടപടികൾ ആയില്ല-ഡെപ്പോസിറ്റ് തുക മുടങ്ങിക്കിടക്കുന്നു.

പ്രൊജക്ട് നമ്പർ 423/18 അടങ്കൽ 20 ലക്ഷം

ചെലവ് 9,82,943 രൂപ- ട്രഷറി ബിൽ 54/28-2-18

ഫയൽ നമ്പർ പി1-3752/18

നഗരസഭയുടെ 17-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രൊജക്ടിൽ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് ആന്റ് ബെയിലിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് ക്ലീൻ കേരള കമ്പനിക്ക് വിഹിതം നൽകുന്നതിന് ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 20 ലക്ഷം രൂപ വകയിരുത്തിയതിൽ 9,82,943 രൂപ ക്ലീൻ കേരള കമ്പനി സമർപ്പിച്ച പ്രൊജക്ട് കോസ്റ്റ് എസ്റ്റിമേറ്റും എഗ്രിമെന്റും ( തിയ്യതി 28-9-17) പ്രകാരം കമ്പനിക്ക് കൈമാറി. പണം 28-3-18 ന് കൈപ്പറ്റിയതായി കമ്പനി രശീതി നല്കി.(നമ്പർ -c33/ckcl/2018 dt 30-3-18).

**100 കി.ഗ്രാം/മണിക്കൂർ എന്ന കണക്കിൽ ദിവസം ഒരു ടൺ കപ്പാസിറ്റിയിൽ 15 എച്ച്.പി ശക്തിയുള്ള ഷ്രെഡ്ഡിംഗ് യൂണിറ്റിന് വേണ്ടിയാണ് ക്ലീൻ കേരള കമ്പനിക്ക് എഗ്രിമെന്റ് വച്ച് തുക കൈമാറിയത്. 800 കി.ഗ്രാം ഔട്ട് പുട്ട് കപ്പാസിറ്റിയാണ് വിഭാവനം ചെയ്തത്.റീസൈക്കിൾ ചെയ്ത പ്ലാസ്റ്റിക് റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുകയും അത് വഴി പ്ലാസ്റ്റിക് മാലിന്യത്തിൽ നിന്നും മുക്തമാവുകയും പുനരുപയോഗ സാധ്യത ഉറപ്പാക്കുക വഴി വരുമാന സ്രോതസ്സ് ഉണ്ടാവുകയും ചെയ്യും എന്നതായിരുന്നു പ്രൊജക്റ്റിന്റെ നേട്ടം.**

പ്രൊജക്റ്റ് നടപ്പാക്കുന്നതിനായി എഗ്രിമെന്റ് പ്രകാരമുള്ള സ്ഥലം കൈമാറുന്നതിനോ വ്യവസ്ഥകൾ പാലിക്കുന്നതിനോ നഗരസഭക്ക് കഴിയാത്തതിനാൽ ക്ലീൻ കേരള കമ്പനിക്ക് കൈമാറിയ തുക മുടങ്ങിക്കിടക്കുന്നു. താഴെ പറയുന്ന എഗ്രിമെന്റ് വ്യവസ്ഥകൾ പാലിക്കുന്നതിന് കരാർ വച്ച് 14 മാസം കഴിഞ്ഞിട്ടും നഗരസഭക്ക് കഴിഞ്ഞില്ല.

1.കരാർ വ്യവസ്ഥ ( ക്രമ നമ്പർ 2) പ്രകാരം വൈദ്യുതി കണക്ഷനും ജല ലഭ്യതയോടും കൂടി 1000 ച.അടി സ്ഥലം ലഭ്യമാക്കുക

2.പ്രൊജക്റ്റ് നടപ്പാക്കുന്നതിനായി നോഡൽ ഓഫീസറെ ചുമതലപ്പെടുത്തുക.

ഈ രണ്ട് വ്യവസ്ഥകൾ പാലിക്കുന്നതിന് നഗരസഭക്ക് കഴിഞ്ഞില്ല.

നിലവിൽ നഗരസഭ ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ തരം തിരിച്ച് സ്വന്തം ചെലവിൽ നീക്കം ചെയ്യുകയാണ് ചെയ്യുന്നത്.ഇതിനായി തരം തിരിക്കുന്ന തൊഴിലാളികൾക്കും കയറ്റിക്കൊണ്ട് പോകുന്നതിനുമായി ഭീമമായ തുക ഓരോ മാസവും ചെലവഴിക്കുന്നുണ്ട്.പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് ഇൻസ്റ്റാലേഷൻ നടപ്പാക്കാൻ സാധിക്കാത്തതിനാൽ ഇത്തരം ചെലവുകൾ ഒഴിവാക്കാൻ നഗരസഭക്ക് സാധ്യമാവുന്നില്ല.

പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ 6/17-11-18 vcd 21-11-18 നമ്പർ അന്വേഷണക്കുറിപ്പിന് ജനങ്ങളുടെ എതിർപ്പ് കാരണം പ്രസ്തുത സംവിധാനം നഗരസഭാ ഓഫീസ് പരിസരത്ത് സ്ഥാപിക്കുന്നതിന് നിശ്ചയിച്ചിട്ടുണ്ട് എന്നും പ്രസ്തുത യൂണിറ്റിന് 10 ലക്ഷം രൂപയുടെ സാങ്കേതികാനുമതി 97056/2018-19 ആയി ലഭിച്ചിട്ടുണ്ടെന്നും ഉടൻ സ്ഥാപിക്കുന്നതാണെന്നും അറിയിച്ചു.

*പ്രൊജക്റ്റ് നടപ്പാക്കപ്പെടാതെ മുടങ്ങിക്കിടക്കുന്നതിനാൽ ചെലവ് തുക 9,82,943 രൂപ തടസ്സം ചെയ്യുന്നു.*

# 3-39 വിനിയോഗ സാക്ഷ്യപത്രവും വരവുചെലവു കണക്കുകളും ഹാജരാക്കിയില്ല-ചെലവ് തുക തടസ്സം ചെയ്യുന്നു.

വൗച്ചർ 21701112/18-12-17 , 50,000 രൂപ.സ്കൂൾ കലോൽസവം സംഭാവന-തനത് ഫണ്ട്

പൊന്നാനി ഉപജില്ലാ സ്കൂൾ കലോൽസവം നടത്തിപ്പിന് സ്വാഗത സംഘം കൺവീനറുടെ 20-11-2017 ലെ അഭ്യർത്ഥനയുടെയും ജി.ഒ (ആർ.ടി) 3712/2017/ ത.സ്വ.ഭ.വ തിയ്യതി 28-11-17 സർക്കാർ ഉത്തരവും പ്രകാരം നൽകിയത്.സംഭാവന നൽകുന്ന ത.സ്വ.ഭ സ്ഥാപനങ്ങൾക്ക് വിദ്യാഭ്യാസ ഉപജില്ലാ സ്കൂൾ കലോൽസവം ജനറൽ കൺവീനർ ( പ്രിൻസിപ്പാൾ, എം.ഐ ഹയർ സെക്കണ്ടറി സ്കൂൾ പൊന്നാനി) ആഡിറ്റ് ചെയ്ത ചെലവുകളുടെ അടിസ്ഥാനത്തിൽ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ് എന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് മാത്രമാണ് ലഭ്യമാക്കിയത്.വിനിയോഗ സാക്ഷ്യ പത്രത്തിന്റെ അഭാവത്തിൽ ചെലവുതുക തടസ്സം ചെയ്യുന്നു.

# 3-40 ചെയർമാന്റെ ദുരിതാശ്വാസ നിധി പ്രവർത്തനക്ഷമമല്ല.

2017- 18 സാമ്പത്തിക വർഷത്തിൽ ചെയർമാന്റെ ദുരിതാശ്വാസ നിധിയിൽ വരവോ ചെലവോ ഇല്ല. ലഭിച്ച അപേക്ഷകളിൽ കൗൺസിൽ തീരുമാന പ്രകാരം തനത് ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുകയാണുണ്ടായത്.(ഉദാഹരണം ചെക്ക് നമ്പർ 227168/9-8-17,79528/12-12-17,498856/28-3-18 ) കാഷ് ബുക്കിൽ 2017-18 സാമ്പത്തിക വർഷം യാതൊരു രേഖപ്പെടുത്തലും നടത്തിയിട്ടില്ല.ദുരിതാശ്വാസ നിധി അക്കൗണ്ട് 40332100117034 കേരള ഗ്രാമീണബാങ്ക്,പാസ്സ് ബുക്ക് പ്രകാരം 31-3-17 ലെ പ്രാരംഭ ബാക്കി 3479 രൂപയും 31-3-18 ലെ നീക്കിയിരിപ്പ് 3655 രൂപയുമാണ്.176 രൂപ പലിശയിനത്തിലെ വരവാണ്.ദുരിതാശ്വാസ നിധിയിലെ നീക്കിയിരിപ്പ് വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. 2003 ലെ കേരള മുനിസിപ്പാലിറ്റി( ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടു ങ്കാറ്റ്, കടലാക്രമണം, അത്യാഹിത്രം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി രൂപീകരിക്കപ്പെടുന്നതാണ് മുനിസിപ്പാലിറ്റി ദുരിതാശ്വാസനിധി. ദുരിതാശ്വാസ നിധിയിലെ ധനസമാഹരണവും വിനിയോഗവും ചട്ടപ്രകാരം ക്രമീകരിക്കേണ്ടതും അത്തരം ചെലവുകൾ ചട്ടപ്രകാരം രൂപീകരിക്കപ്പെട്ട നിധിയിലൂടെ നടക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# 3-41 ജില്ലാതല കേരളോൽസവം- വാഹന വാടക രേഖകൾ

# ലഭ്യമാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു.

ഫയൽ- ജി2-11949/17

എടവണ്ണയിൽ വച്ച് നടന്ന ജില്ലാതല കേരളോൽസവത്തിൽ പങ്കെടുക്കുന്നതിനായി പുരുഷ, വനിതാ കബഡി ടീമുകൾക്ക് യാത്ര ചെയ്യുന്നതിനായി വാഹന വാടകയായി കൺവീനർ ശ്രീ. അബ്ദുൽ ലത്തീഫ്.പി.എ ക്ക് 10,500 രൂപ അപേക്ഷ പ്രകാരം നൽകിയിട്ടുണ്ട്.(ചെക്ക് നമ്പർ 79512/4-12-17 ആകെ തുക 15,450 ഭക്ഷണ ചെലവ് 4950 രൂപ ഉൾപ്പെടെ). ഉപയോഗിച്ച വാഹനം, രജിസ്ട്രേഷൻ നമ്പർ,ട്രിപ്പ് ഷീറ്റ് തുടങ്ങി വാടക വാഹനം ഉപയോഗിച്ചതിന്റെ യാതൊരു രേഖയും ഹാജരാക്കാതെയാണ് തുക നൽകിയിട്ടുള്ളത്. രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്നും രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സം ചെയ്യുന്നതാണ് എന്നും വ്യക്തമാക്കി നൽകിയ അന്വേഷണക്കുറിപ്പിന് നഗരസഭ യാതൊരു മറുപടിയും ലഭ്യമാക്കാത്ത സാഹചര്യത്തിൽ അത്തരം രേഖകൾ നിലവിലില്ല എന്ന നിഗമനത്തിൽ ചെലവ് അനുവദിക്കുന്നില്ല. 10,500 രൂപ പണം അനുവദിച്ച സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. ചെലവ് തുക തടസ്സം ചെയ്യുന്നു.

# 3-42 വികലാംഗർക്ക് മുച്ചക്ര വാഹനം -ഡോക്ടറുടെ സാക്ഷ്യപത്രമില്ലാതെ സ്കൂട്ടർ നൽകി.

പ്രൊജക്ട് -100/2018
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ചെലവ് 24,75,000

ട്രഷറി ബിൽ 17/23-9-17 24,00,000 (വികസന ഫണ്ട് ) -പൊതു വിഭാഗം

308/27-2-18 75,000 (തനത് ഫണ്ട്)

തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾ, സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ ഓടിക്കാൻ കഴിയുന്ന ആളാണെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തേണ്ടതാണെന്ന് സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗ രേഖ സ.ഉ. (എം.എസ്) 80/2017/ത.സ്വ.ഭ.വ തിയ്യതി 03-04-2017 ഉത്തരവിലെ ഖണ്ഡിക 10.1(6) നിഷ്കർഷിക്കുന്നുണ്ട്. 8 വർഷത്തിനുള്ളിൽ സ്കൂട്ടർ ലഭിച്ച ആളായിരിക്കരുത്. എന്നാൽ 2017-18 വർഷം ആനുകൂല്യം നൽകിയ 33 പേരുടെ കാര്യത്തിൽ മുൻവർഷങ്ങളിൽ ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് ഉറപ്പു വരുത്തുന്ന പ്രസ്താവനയോ സാക്ഷ്യപ്പെടുത്തലോ ഫയലിൽ ഇല്ല. താഴെ പറയുന്ന 5 ഗുണഭോക്താക്കൾ സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ ഓടിക്കാൻ കഴിയുന്ന ആളാണെന്ന ഡോക്ടറുടെ സാക്ഷ്യപ്പെടുത്തലോ ഉപകരണം നൽകുവാനുള്ള ഡോക്ടറുടെ ശുപാർശയോ ഫയലിൽ ലഭ്യമല്ല.

1.ശംസുദ്ധീൻ അടാണശ്ശേരി

2.ഫസലു അണ്ടിപ്പാട്ടിൽ

3.കുഞ്ഞിമോൻ മുക്രിവീട്ടിൽ

4.റൈഹാനത്ത് ചൊക്കന്റകത്ത്

5.ഫിറോസ് കടപ്രത്തകത്ത്

മേൽ ഗുണഭോക്താക്കൾക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ ഓടിക്കാൻ കഴിയുമെന്ന് ഡോക്ടർ നൽകിയ സാക്ഷ്യപത്രം ഉണ്ടെങ്കിൽ ലഭ്യമാക്കേണ്ടതാണ് എന്നും ഗുണഭോക്താക്കൾ സ്കൂട്ടർ കൈപ്പറ്റിയതായ രേഖകളും ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 62/27-11-18 നമ്പർ എൻക്വയറിക്ക് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 5 എണ്ണം സ്കൂട്ടർ വിലയായ 3,75,000 രൂപ തടസ്സം ചെയ്യുന്നു.മുഴുവൻ ഗുണഭോക്താക്കളിൽ നിന്നുള്ള കൈപ്പറ്റ് ലഭ്യമാക്കേണ്ടതാണ്.

# 3-43 മുൻകൂറുകൾ ക്രമീകരിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.-5,33,750 രൂപ തടസ്സം ചെയ്യുന്നു.

2017-18 വർഷം വിവിധ ആവശ്യങ്ങൾക്കായി നൽകിയ താഴെ പറയുന്ന മുൻകൂറുകൾ ക്രമീകരിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | ഫയൽ നമ്പർ | വൗച്ചർ/ ചെക്ക് നമ്പർ | തുക | ആവശ്യം |
|---|---|---|---|---|
| 1 | ജി5-12913/17 | 632362/6-7-17 | 50,000 | എസ്.എസ്.എൽ.സി, പ്ലസ് ടു ഉന്നത വിജയികളെ അനുമോദിക്കൽ ചടങ്ങ്- ശ്രീ.ശിവദാസ്, സീനിയർ ക്ലർക്കിന് നൽകിയത്. |

| | | | | |
|---|---|---|---|---|
| 2 | എച്ച്-6969/21282/16 | 632287/5-6-17 | 4250 | 31-ാം വാർഡിൽ അപകടാവസ്ഥയിലുള്ള തെങ്ങുകൾ മുറിച്ച് മാറ്റാൻ ശ്രീ.സക്കീർ ഹുസൈൻ HI ക്ക് നൽകിയത് |
| 3 | E1-17056/17 | 21701221/11-1-18<br>446183/11-1-18 | 75000 | ഈശ്വരമംഗലം ശ്മശാനത്തിന് ചുറ്റുപാടും JCB ഉപയോഗിച്ച് കുറ്റിക്കാടുകൾ വൃത്തിയാക്കുന്നതിന് JHI ശ്രീ.പി.പി മോഹനന് നൽകിയത്. |
| 4 | എച്ച്-11000/16 | 21700177/16-5-17 | 75000 | മഴക്കാല പൂർവ്വ ശുചീകരണം അനുബന്ധ ചെലവ്-JHI ശ്രീ.പി.പി മോഹനന് നൽകിയത്. |
| 5 | ഇ1-3106/17 | 21700416/11-7-17 | 60,000 | ഓഫീസിലെ ജനറേറ്റർ കണക്ഷൻ മാറ്റി നൽകുന്നതിന് സി.പി.ബിനേഷ് ക്ലർക്കിന് |
| 6 | എച്ച്-13402/17 | 21700444/17-7-17 | 35000 | തുമ്പൂർമുഴി മോഡൽ മാലിന്യ സംസ്കരണ പ്ലാന്റ് പഠനയാത്ര മുൻകൂർ ശ്രീ.അശോകൻ.എ, ക്ലർക്കിന്. |
| 7 | എച്ച്-11772/17 | 21700583/8-8-17 | 4750 | GLPS വെള്ളീരി കോംപൗണ്ടിൽ അപകടകരമായി നിൽക്കുന്ന മരം മുറിച്ച് മാറ്റുന്നതിന് സക്കീർ ഹുസൈൻ JHIക്ക് |
| 8 | ലഭ്യമല്ല | 21700735/15-9-17 | 50,000 | ഓഫീസ് പരിസരത്ത് കെട്ടിക്കിടക്കുന്ന മാലിന്യം പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിലേക്ക് മാറ്റുന്നതിന് ഗോപകുമാർ JHIക്ക് |
| 9 | ലഭ്യമല്ല | 21700868/12-10-17 | 19750 | 34-ാം വാർഡിൽ അപകടകരമായി നിൽക്കുന്ന മരം മുറിച്ച് മാറ്റാൻ സക്കീർ ഹുസൈൻ HIക്ക് |
| 10 | ലഭ്യമല്ല | 21700998/21-11-17 | 50000 | ഒന്നാം വാർഡിൽ ഉപതെരഞ്ഞെടുപ്പ് അനുബന്ധ ചെലവുകൾ സി.പി.ബിനേഷ് ക്ലർക്കിന് |
| 11 | ലഭ്യമല്ല | 21701270/3-2-18 | 20,000 | വസ്തു നികുതി പിരിവ് ഊർജ്ജിതപ്പെടുത്താൻ അമ്പിളി RI ക്ക്. |
| 12 | ലഭ്യമല്ല | 21701591/12-3-18 | 50,000 | വികസന സെമിനാർ സംഘാടന ചെലവ് പ്രിയ.വി.ടി സീനി.ക്ലർക്കിന്. |
| 13 | ലഭ്യമല്ല | 21701879/31-3-18 | 25000 | കുടിവെള്ള വിതരണത്തിന് ഗോപകുമാർ JHI ക്ക് |
| 14 | G2-4708/18 | 21701376/3-3-18 | 15000 | അരി മേളയുടെ സംഘാടന ചെലവിന് മുൻകൂർ |

മുൻകൂറുകൾ ക്രമീകരിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.വിവരം ലഭ്യമാക്കുന്നത് വരെ 5,33,750 രൂപ തടസ്സം ചെയ്യുന്നു. മുൻകൂർ രജിസ്റ്ററിൽ, നൽകിയ മുൻകൂറുകൾ സംബന്ധിച്ച വിവരം കാലികമാക്കിയിട്ടില്ല. ക്രമീകരിക്കാത്ത മുൻകൂറുകളുടെ കാര്യത്തിൽ ജി.ഒ.(പി )419/2011ധന.04-10-2011 ഉത്തരവ് പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-44 മരാമത്ത് ബില്ലുകളിൽ നിന്നും ഈടാക്കിയ നികുതികൾ അടവാക്കിയത്- രേഖകൾ ലഭ്യമാക്കേണ്ടതാണ്.

തനത് ഫണ്ട് ഉപയോഗിച്ച് നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നും ഈടാക്കിയ മൂല്യ വർദ്ധിത നികുതിയും ആദായ നികുതിയും അടവാക്കുന്നതിന് തനത് ഫണ്ടിൽ നിന്നും പിൻവലിച്ച താഴെ പറയുന്ന തുകകൾ അതാത് ഓഫീസുകളിൽ അടവാക്കിയതിന്റെ ചലാനുകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

| ക്രമ നമ്പർ | വൗച്ചർ/ ചെക്ക് | തുക | ആവശ്യം |
|---|---|---|---|
| 1 | 632335/4-7-17 | 10098 | തിരൂർ ആദായ നികുതി ഓഫീസിൽ അടവാക്കുന്നതിന് പിൻവലിച്ചത് |
| 2 | 2272254/19- | 38501 | A1-3489/07 |

| | | | |
|---|---|---|---|
| | 9-17 | | മൂല്യ വർദ്ധിത നികുതി കൊച്ചി കൊമേഴ്സ്യൽ ടാക്സ് ഓഫീസിൽ അടവാക്കുന്നതിന് . |
| 3 | 21701308/9-2-18 | 69979 | തിരൂർ ആദായ നികുതി ഓഫീസിൽ അടവാക്കുന്നതിന് പിൻവലിച്ചത് |
| 4 | 446225/14-2-18 | 279923 | A1-3489/07<br>മൂല്യ വർദ്ധിത നികുതി കൊച്ചി കൊമേഴ്സ്യൽ ടാക്സ് ഓഫീസിൽ അടവാക്കുന്നതിന് . |
| 5 | 979502/3-11-17 | 19927 | മൂല്യ വർദ്ധിത നികുതി കൊച്ചി കൊമേഴ്സ്യൽ ടാക്സ് ഓഫീസിൽ അടവാക്കുന്നതിന് . |
| 6 | 979523/7-12-17 | 4883 | തിരൂർ ആദായ നികുതി ഓഫീസിൽ അടവാക്കുന്നതിന് പിൻവലിച്ചത് |
| 7 | 0926322/20-4-17 | 23725 | ,, |

## 3-45 സെക്രട്ടറി നിർവ്വഹണം നടത്തിയ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പ്രൊജക്ട്- രേഖകൾ ലഭ്യമാക്കിയില്ല.ചെലവ് തടസ്സം ചെയ്യുന്നു

സെക്രട്ടറി നടപ്പിലാക്കിയ പ്രൊജക്ടുകളിൽ പ്രൊജക്ട് നമ്പർ 17/18 പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം- സ്ലേറ്റും പെൻസിലും ട്രഷറി ബിൽ 19/23-9-17 .1,30,200 രൂപ- (വികസന ഫണ്ട് ജനറൽ ) സാമ്പത്തിക വർഷം ചെലഴിച്ചതായി കാണുന്നു.പ്രൊജക്ട് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് രേഖകൾ ഒന്നും തന്നെ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(2) പ്രകാരം അത്തരം രേഖകളോ കണക്കോ നിലവിലില്ല എന്ന നിഗമനത്തിൽ ചെലവ് തുക തടസ്സം ചെയ്യുന്നു. ഓഡിറ്റ് എൻക്വയറി 35/26-11-2018 പ്രകാരം ബന്ധപ്പെട്ട രേഖകൾ ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയിട്ടില്ല.

## 3-46 കടവനാട് കുട്ടികൃഷ്ണൻ പുസ്തകോൽസവവും സാംസ്കാരികോൽസവവും ചെലവ് രേഖകൾ അപൂർണ്ണം

2017 ഡിസംബർ 23 മുതൽ 30 വരെ തിയ്യതികളിൽ പൊന്നാനി എ.വി.ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് കടവനാട് കുട്ടികൃഷ്ണൻ പുസ്തകോൽസവവും സാംസ്കാരികോൽസവവും സംഘടിപ്പിക്കുന്നതിനുള്ള 30-10-17 ലെ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനവും കൗൺസിലിന്റെ 28-11-17 ലെ 32-ാം നമ്പർ തീരുമാനവും പ്രകാരം തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്യുവാനും തീരുമാനിച്ചു. 10,75,210 രൂപ ഇതിനായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

ചെക്ക് 979542/18-12-17.... 3,00,000 രൂപ G2 സെക്ഷൻ ക്ലർക്ക് ശ്രീ .ശിവദാസൻ ആറ്റുപുറത്തിന് മുൻകൂർ.

ചെക്ക് 979553/26-12-17.... 3,00,000 രൂപ G2 സെക്ഷൻ ക്ലർക്ക് ശ്രീ .ശിവദാസൻ ആറ്റുപുറത്തിന് മുൻകൂർ.

ചെക്ക് 498701/15-03-18.... 3,40,000 രൂപ ന്യൂ ലൈറ്റ് ആന്റ് സൗണ്ട് പുതുപൊന്നാനി 30-12-17 ലെ വൗച്ചർ പ്രകാരം

ചെക്ക് 498710/20-03-18.... 1,35,210 രൂപ G2 സെക്ഷൻ ക്ലർക്ക് ശ്രീ .ശിവദാസൻ ആറ്റുപുറത്തിന് മുൻകൂർ ക്രമീകരിച്ച് ബാക്കി.

ആകെ 10,75,210 രൂപ.

മേൽ ചെലവുകളിൽ താഴെ പറയുന്ന രേഖകളുടെയും തെളിവുകളുടെയും അഭാവം കാണുന്നു.

1.കൈപ്പറ്റുകൾക്ക് ഉപോൽബലകമായി തെളിവ് രേഖകൾ ഇല്ല.
മുൻകൂർ കൈപ്പറ്റിയ തുക ക്രമീകരിക്കുന്നതിനായി ഹാജരാക്കിയ കൈപ്പറ്റ് രസീതികൾ പലതും ബന്ധപ്പെട്ട കക്ഷികളിൽ നിന്നുള്ള രേഖകൾ ഇല്ലാത്തതാണ്.

2.വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച പരിപാടികളുടെ പങ്കാളിത്തം സംബന്ധിച്ച രേഖകൾ ഇല്ല.

3.സാംസ്കാരികോൽസവത്തിനായി ലഭ്യമായ സംഭാവനകളുടെയും സ്പോൺസർഷിപ്പിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

4.പരിപാടിയുടെ വരവ് ചെലവ് കണക്കുകൾ ലഭ്യമാക്കിയിട്ടില്ല.

5.ബുക്ക് സ്റ്റാളുകളും കമ്മിറ്റി തീരുമാന പ്രകാരം സജ്ജീകരിച്ച സ്റ്റാളുകളിൽ നിന്നും ലഭ്യമായ വരവുകളുടെ വിശദാംശങ്ങൾ ഇല്ല.

6.സംഘാടക സമിതി യോഗ നടപടി വിവരം ഇല്ല.

7.വിവിധ ഏജൻസികളുടെ പങ്കാളിത്തം സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല

8.സബ് കമ്മികളുടെ പ്രവർത്തികൾ സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല

9. വിവിധ പ്രവൃത്തികൾ നൽകിയതിന്റെയും വാങ്ങലുകളുടെയും ടെണ്ടർ നടപടി വിവരം ലഭ്യമാക്കിയിട്ടില്ല

10.ചെക്ക് 498701/15-03-18.... 3,40,000 രൂപ ന്യൂ ലൈറ്റ് ആന്റ് സൗണ്ട് പുതുപൊന്നാനി 30-12-17 ലെ വൗച്ചർ പ്രകാരം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. പണി ഏൽപിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

11.വിവിധ അച്ചടി വേലകളുടെ ടെണ്ടർ/ക്വട്ടേഷൻ രേഖകൾ ഇല്ല.പ്രോഗ്രാം നോട്ടീസ് അച്ചടിക്കുന്നതിനായി ഫൈവ് സ്റ്റാർ കൊച്ചി എന്ന സ്ഥാപനത്തിന് 51000 രൂപ നൽകിയിട്ടുണ്ട് എന്നാൽ അച്ചടി വേലക്ക് ക്വട്ടേഷൻ നൽകിയ നടപടിക്രമങ്ങളുടെ വിവരം ഫയലിൽ ലഭ്യമല്ല.ഓഡിറ്റ് എൻക്വയറിയിലൂടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയിട്ടില്ല.

വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (66/27-11-18) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-47 നഗരസഭ വാടകക്കെടുത്ത ക്വാർട്ടേഴ്സിൽ താമസിച്ച ഉദ്യോഗസ്ഥന് വീട്ടുവാടക ബത്ത നൽകുന്നത് ചട്ട വിരുദ്ധം- തിരികെ ഈടാക്കേണ്ടതാണ്

04-02-2017 മുതൽ ശ്രീ. അബ്ദുല്ലത്തീഫ് പൂക്കയിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള നഗരസഭയിലെ EP 6/77-ാം നമ്പർ കെട്ടിടം നഗരസഭ സെക്രട്ടറിയുടെ താമസത്തിനായി വാടകക്കെടുത്തിട്ടുണ്ട്. പ്രതിമാസം 8000 രൂപ നിരക്കിൽ 96000 രൂപ 2017-18 വർഷത്തിൽ നഗരസഭാ ഫണ്ടിൽ നിന്നും അതിന് വാടക നൽകിയിട്ടുണ്ട്. 14-02-2018 വരെ നഗര സഭാ സെക്രട്ടറിയായ ശ്രീ.മനോജ്.കെ.കെ യും തുടർന്ന് 8/2018 വരെ സെക്രട്ടറി ഇൻ ചാർജ്ജ് ആയ ശ്രീ. അരുൺ കുമാർ .വി.സി സൂപ്രണ്ടും 2018 ആഗസ്റ്റ് മുതൽ ശ്രീ.വിനോദ് കുമാർ.എസ്.എ സൂപ്രണ്ടും ഉപയോഗിച്ച് വരുന്നതായി അന്വേഷണകുറിപ്പ് 15/21-11-18 ന് മറുപടിയായി വിവരം ലഭ്യമാക്കി യിട്ടുണ്ട്.

2/2018 ലെ ജനറൽ സെക്ഷൻ ശമ്പള ബില്ലിൽ ശ്രീ അരുൺ കുമാർ വി.സി സൂപ്രണ്ടിന്റെ ശമ്പളം അലവൻസുകളും അനുവദിച്ചതിൽ വീട്ടുവാടക ബത്തയായി 1750 രൂപയും ഉൾപ്പെടുന്നുണ്ട്. ( വൗച്ചർ 21701358/1-3-18 ഗ്രോസ് 1091844, നെറ്റ് 714772).

താഴെ പറയുന്ന ട്രഷറി ബില്ലുകൾ പ്രകാരം സെക്രട്ടറിയുടെ ശമ്പള തുക പിൻവലിച്ചതായി കാണുന്നു

ട്രഷറി ബിൽ 01/4-7-17 196350.

„ 25/13-10-17 ... 145440

„ 26/13-10-17 ... 47670

„ 31/3-11-17 ... 47670

„ 39/8-12-17 ...47670

„ 40/6-1-18 ...47670

„ 45/3-2-18 .... 47670

ആയത് സർക്കാരിലേക്ക് അടവാക്കിയതിന്റെ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. ആയതും അതിൽ വീട്ടുവാടക ബത്ത ഉൾപ്പെടുന്നുണ്ടെങ്കിൽ നഗരസഭ ഔദ്യോഗിക വസതി ലഭ്യമാക്കി എന്നതിനാൽ വീട്ടുവാടക ബത്ത തിരികെ ഈടാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് വീട്ടുവാടക ബത്ത തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. തിരിച്ചടവ് വിവരം റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ ലഭ്യമാക്കേണ്ടതാണ്. 53/27-11-2018 നമ്പർ അന്വേഷണത്തിന് സെക്രട്ടറിയുടെ ശമ്പളം സ്പാർക്ക് സംവിധാനത്തിലായതിനാൽ ശമ്പളം സംബന്ധിച്ച രേഖകൾ നഗരസഭയിൽ ലഭ്യമല്ലെന്നും രേഖകൾ ലഭ്യമാക്കി മറുപടി തരുന്നതാണെന്നും അറിയിച്ചു.

## 3-48 ഡെപ്പോസിറ്റ് പ്രവർത്തികൾ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കണം

| പ്രോജക്ട് നം /പേര് | അടങ്കൽ /ചെലവ് | ബിൽനം/ തീ | ഏജൻസി | നിർവ്വഹണം |
|---|---|---|---|---|
| | | | | |
| 222/18 കുടിവെള്ളപൈപ്പ് ലൈൻ | 15,00,000 | 59/20-2-18 | കേരള വാട്ടർ അതോറിറ്റി | സെക്രട്ടറി<br>11-12-17 ന് AE,KWA ക്ക് എസ്റ്റിമേറ്റ്,അക്കൗണ്ട് വിവരങ്ങൾ ആവശ്യപ്പെട്ട് കത്തയച്ചു.20-2-18 ന് പണം കൈമാറി.എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.തുടർ നടപടിയില്ല |
| 198/18കെ.എസ്.ഇ.ബി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 25,00,000 | 27/24-10-17 | കെ.എസ്.ഇ.ബി | സെക്രട്ടറി<br>പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. 27-4-18 ന് kseb യുടെ യോഗം വിളിച്ചു.തുടർ നടപടി വിവരം ലഭ്യമല്ല. എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. |

സർക്കാർ ഉത്തരവ് ജി.ഒ (ആർ.ടി )1372/2013/ത.സ്വ.ഭ.വ /25.5.203 പ്രകാരം ഡെപ്പോസിററ് പ്രവർത്തികൾക്ക് എസ്റ്റിമേറ്റ് അടിസ്ഥാനത്തിലുള്ള എഗ്രിമെൻെറ് വെച്ച് മാത്രമേ ഡെപ്പോസിറ്റ് ചെയ്യാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

വിനിയോഗസാക്ഷ്യപത്രവും മൂല്യ നിർണ്ണയ രേഖകളും ഹാജരാക്കുന്നത് വരെ ഡെപ്പോസിററ് തുക തടസ്സം 40 ലക്ഷം രൂപ തടസ്സം ചെയ്യുന്നു.

# 3-49 ട്രിപ്പ് ഷീറ്റും വിശദാംശങ്ങളും ഇല്ലാതെ വാഹന വാടക നൽകുന്നത്

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാഹനം ലഭ്യമല്ലാതിരിക്കുന്ന സന്ദർഭങ്ങളിൽ സ്ഥല പരിശോധനക്കും മറ്റുമായി വാഹനങ്ങൾ വാടകയ്ക്ക് എടുത്ത് കാണുന്നു. എന്നാൽ ഇത്തരം സന്ദർഭങ്ങളിൽ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ്, ഓടിയ ദൂരം സംബന്ധിച്ചുള്ള വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കാതെ വാഹന വാടക നൽകുന്നതായി കാണുന്നു. മാത്രവുമല്ല നോൺ ട്രാൻസ്പോർട്ട് ഇനത്തിൽ പെടുന്ന വാഹനങ്ങളും നഗരസഭയ്ക്ക് വേണ്ടി വാടകയ്ക്ക് ഓടിയതായി കാണുന്നു.

| ക്രമ നം | വൗച്ചർ നം/ തിയ്യതി | തുക | യാത്രയുടെ വിവരം | റിമാർക്സ് |
|---|---|---|---|---|
| 1 | 21700309/15-6-17 | 1700 | 21-2-17 നിലം കമ്മിറ്റി പരിശോധനക്ക് KL54C 4075 ശ്രീ വരുൺ എൽ.ഡി.സിക്ക് | നോൺ ട്രാൻസ്പോർട്ട് വാഹനം, ട്രിപ്പ് ഷീറ്റ് ഇല്ല. |
| 2 | 21700345/22-6-17 | 2250 | 14-6-17,16-6-17 നിലം കമ്മിറ്റി പരിശോധനക്ക് ശ്രീ അബ്ദുൽ റഷീദ് സൂപ്രണ്ടിന്. | ട്രിപ്പ് ഷീറ്റ് ഇല്ല. ഓടിയ വാഹനം സംബന്ധിച്ചുള്ള വിവരം ഇല്ല. |
| 3 | 21700745/18-9-17 | 1350 | 28-7-17നിലം കമ്മിറ്റി പരിശോധനക്ക് KL54P 3075 | ട്രിപ്പ് ഷീറ്റ് ഇല്ല.<br>54P സീരീസ് വാഹന നമ്പർ നാളിതു വരെ അനുവദിച്ചിട്ടില്ല.നിലവിലില്ലാത്ത വാഹന നമ്പർ |
| 4 | 21700595/16-8-17 | 1060 | 23-7-17 നിലം കമ്മിറ്റി പരിശോധനക്ക് | ഓടിയ വാഹനം സംബന്ധിച്ചുള്ള വിവരം ,ട്രിപ്പ് ഷീറ്റ്,<br>കൈപ്പറ്റ് ഇല്ല |
| 5 | 21700936/2-11-17 | 2600 | 22-9-17,23-9-17 നിലം കമ്മിറ്റി പരിശോധനക്ക് ശ്രീ അബ്ദുൽ റഷീദ് | ട്രിപ്പ് ഷീറ്റ് ഇല്ല |

| | | | | |
|---|---|---|---|---|
| | | | സൂപ്രണ്ടിന്. KL54G 3666 | |
| 6 | 21700772/25-9-17 | 2600 | 7-12-16,8-12-16 നിലം കമ്മിറ്റി പരിശോധനക്ക് ശ്രീ വരുൺ എൽ.ഡി.സിക്ക് KL54C9491 | ട്രിപ്പ് ഷീറ്റ് ഇല്ല |
| 7. | 200/12/2017 | 1500 | 9 കന്ന് കാലികളെ പിടിച്ച് കൊണ്ട് വന്നതിന് KL54B 3912 വാഹന വാടക ശ്രീ ഫസലുവിന് | ട്രിപ്പ് ഷീറ്റ് ഇല്ല. വാഹനം 95 CC മോട്ടോർ സൈക്കിൾ. |

നിലവിലില്ലാത്ത വാഹനവും മോട്ടോർ സൈക്കിൾ ഇനത്തിൽ പെട്ട വാഹനങ്ങളും ഓടിയതായി അവകാശപ്പെട്ട് വാഹന വാടകയിനത്തിൽ പണം ചെലവഴിച്ചതായി കാണുന്നു.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (65/27-11-18) മറുപടിയൊന്നും ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 13060 രൂപ തടസ്സം ചെയ്യുന്നു.

## 3-50 ചട്ട പ്രകാര നടപടികൾ സ്വീകരിച്ച വിവരം ലഭ്യമാക്കേണ്ടതാണ്

താഴെ പറയും പ്രകാരമുള്ള ചെലവുകൾ ബന്ധപ്പെട്ട കക്ഷികളിൽ നിന്നും ഈടാക്കുന്നതിന് കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ വകുപ്പ് 412,538 എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല

1.ഫയൽ HI-6969/21282/16 31-ാം വാർഡിൽ ശ്രീ.സുരേഷ് ബാബു എം.കെ S/o വാസു അഡ്വക്കേറ്റ് ചന്തപ്പടി എന്നയാളുടെ ജീവനും സ്വത്തിനും അപകടകരമായി നിൽക്കുന്ന തെങ്ങുകൾ മുറിച്ച് മാറ്റുന്നതിന് സക്കീർ ഹുസൈൻ HI ക്ക് 4250 രൂപ നൽകി. ചെക്ക് 632287/5-6-17. ചെലവ് രേഖകൾ, സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള തെങ്ങുകൾ ആണെങ്കിൽ ചട്ട പ്രകാരം ചെലവ് തുക വസൂലാക്കാൻ സ്വീകരിച്ച നടപടി വിവരം എന്നിവ ഹാജരാക്കിയിട്ടില്ല.

2. ഫയൽ HI-22719/17, 9-ാം വാർഡിൽ തെക്കേക്കര ശബ്ന എന്നവരുടെ വീടിന് മുകളിലായി ജീവനും വീടിനും അപകടകരമായി നിൽക്കുന്ന മരം മുറിച്ച് മാറ്റുന്നതിന് ചെലവായ 5500 രൂപ 9-ാം വാർഡ് കൗൺസിലർ വി.വി സുഹറയുടെ പേരിൽ ചെക്ക് 446219/8-2-18 -5500 രൂപ. ചെലവ് രേഖകൾ,കൈപ്പറ്റ്, സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള തെങ്ങുകൾ ആണെങ്കിൽ ചട്ട പ്രകാരം ചെലവ് തുക വസൂലാക്കാൻ സ്വീകരിച്ച നടപടി വിവരം എന്നിവ ഹാജരാക്കിയിട്ടില്ല.നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് ബന്ധപ്പെട്ട രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ഇക്കാര്യം വ്യക്തമാക്കേണ്ടതാണ്.

## 3-51 ചെലവുകൾക്കാധാരമായ രേഖകൾ ഹാജരാക്കിയില്ല

സെക്രട്ടറി നടത്തിയ താഴെപ്പറയുന്ന ചെലവുകൾക്കാധാരമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | ബില്ലിന്റെ വിവരം | വൗച്ചർ നം/ തിയ്യതി | തുക | അപാകതകൾ |
|---|---|---|---|---|
| 1 | നിലം കമ്മിറ്റി പരിശോധനക്ക് വാഹനം വാടക 22-9-17,23-9-17 സൂപ്രണ്ട് ശ്രീ അബ്ദുൽ റഷീദിന്. | 21700936/2-11-17 | 2600 | ട്രിപ്പ് ഷീറ്റ് ഇല്ല |
| 2 | വാർഡ് ശുചീകരണം 4,12,21,27,32,44 വാർഡ് കൗൺസിലർമാർക്ക് 4000രൂപ വീതം നൽകിയത് | 21700113/2-5-17 | 24000 | ചെലവ് വിശദാംശങ്ങൾ ഇല്ല |
| 3 | വാർഡ് തലത്തിൽ പ്ലാസ്റ്റിക് ശേഖരണവും മറ്റ് ശുചീകരണ പ്രവർത്തനവും വാർഡ് 10,40,16 കൗൺസിലർമാരുടെ അക്കൗണ്ടിലേക്ക് 4000 വീതം നൽകിയത് | 21700517/1-8-17 | 12000 | ചെലവ് വിശദാംശങ്ങൾ ഇല്ല |
| 4 | മുനിസിപ്പാലിറ്റി എ.ബി.സി | 21700192, | 34000 | ചെലവ് സംബന്ധിച്ച് |

| | | | | |
|---|---|---|---|---|
| | പ്രോഗ്രാമിന് ചെലവ് ഗോപ കുമാർ JHI ക്ക് | 21700193/22-5-17 | | വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. |
| 5 | മഴക്കാല പൂർവ്വ ശുചീകരണം.കൗൺസിലർമാരുടെയും കൺവീനർമാരുടെയും അക്കൗണ്ടിലേക്ക് നൽകിയത്.51*15000 | 21700176/16-5-17 | 7,65,000 | ചെയ്ത പ്രവർത്തനവും ചെലവ് രേഖകളും ഇല്ല. |
| 6 | 70-ാം സർവ്വോദയ മേള സംഘാടന ചെലവുകൾക്കായി 25-1-18 ലെ 20-ാം നമ്പർ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർവ്വോദയ മണ്ഡലം പ്രസിഡണ്ട് ശ്രീ.പി.കോയക്കുട്ടിക്ക് | 21701583/12-3-18 | 10,000 | കൈപ്പറ്റ് ഹാജരാക്കിയില്ല. |
| 7 | 2016 ൽ പ്ലാസ്റ്റിക് നിർമ്മാർജ്ജനം നടത്തിയതിന് 13-ാം വാർഡ് കൗൺസിലർ സി.വി പ്രസന്നക്ക് 8 പേർക്ക് 4 ദിവസം ഭക്ഷണ ചെലവ് | 21700314/15-6-17 | 4000 | ചെയ്ത പ്രവർത്തനവും പങ്കെടുത്തവരും സംബന്ധിച്ച് രേഖകൾ ഇല്ല. |
| 8 | വിവിധ വാർഡുകളിലായി കടന്നൽ കൂട് നശിപ്പിച്ച വകയിൽ ഒന്നിന് 2500 രൂപ നിരക്കിൽ 13 കൂടിന് സി.പി.കോതയ്ക്ക് നൽകിയത് | 21701091/12-12-17 | 32500 | എവിടെയൊക്കെ എന്നതിന് രേഖകൾ ഇല്ല.ചെയ്ത പ്രവൃത്തി ആരും സാക്ഷ്യപ്പെടുത്തിയില്ല. |
| 9 | 50-ാം വാർഡിൽ ഓഖി മാലിന്യം നീക്കം ചെയ്യാൻ ജെ.സി.ബി ഉപയോഗിച്ചതിന് | 21701257/2-2-18 | 76000 | കൈപ്പറ്റ് ഇല്ല.ചെയ്ത പ്രവൃത്തി ആരും സാക്ഷ്യപ്പെടുത്തിയില്ല. |

ചെലവുകൾക്കാധാരായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.( 67/27-11-18)രേഖകളുടെ അഭാവത്തിൽ ചെലവ് തുക 9,60,100 രൂപ തടസ്സം ചെയ്യുന്നു.

## 3-52 അലഞ്ഞ് തിരിയുന്ന കന്നു കാലികളെ കൈകാര്യം ചെയ്യൽ-അപാകതകൾ

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 439(3) പ്രകാരം ഗതാഗതത്തിന് തടസ്സമോ പൊതുജനങ്ങൾക്ക് അസൗകര്യമോ ഉണ്ടാക്കിക്കൊണ്ട് പൊതു നിരത്തുകളിലോ തെരുവുകളിലോ അലഞ്ഞ് തിരിയുന്നതായി കാണപ്പെടുന്ന ലൈസൻസുള്ളതോ ഇല്ലാത്തതോ ആയ ഏതെങ്കിലും മൃഗത്തെ പിടിച്ചെടുക്കുന്നതിന് സെക്രട്ടറിക്ക് ഏതൊരു ഉദ്യോഗസ്ഥനെയും അധികാരപ്പെടുത്താവുന്നതും ,1961 ലെ കേരള കന്നുകാലി അതിക്രമ ആക്ട് ( 1961 ലെ 26) പ്രകാരം പൗണ്ടിലടക്കുന്ന കന്നുകാലികളെ കൈയൊഴിക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്ന വിധത്തിൽ ആ മൃഗത്തെ കൈയൊഴിക്കാവുന്നതും ആകുന്നു.

നഗര സഭാ പരിധിയിൽ അലഞ്ഞ് തിരിയുന്നതായി കാണപ്പെടുന്ന കന്നുകാലികളെ കൈകാര്യം ചെയ്യുന്നതിനായി ഉത്തരവാദപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർ നിയമ പ്രകാരമുള്ള നടപടികൾ അനുവർത്തിക്കാതെയും പിഴയോ ചെലവോ ഈടാക്കാതെയും കന്നുകാലികളെ കൈയൊഴിക്കുന്നതായി കാണുന്നു. ഉദാഹരണമായി 9 കന്നുകാലികളെ പിടിച്ചെടുക്കുന്നതിനും അവയെ പൗണ്ടിലടച്ച് 7 ദിവസം തീറ്റ കൊടുക്കുന്നതിനും 2017-18 വർഷം ചെലവ് ചെയ്തതായി കാണുന്നു.(4500 രൂപ വൗച്ചർ 21701206/12-17) എന്നാൽ ഇക്കാര്യത്തിൽ യാതൊരു പിഴയും ഈടാക്കിയതായി കാണുന്നില്ല.പിടിച്ചെടുത്ത കന്നുകാലികളെ രേഖപ്പെടുത്തുകയോ തിരിച്ച് നൽകിയിട്ടുണ്ട് എന്നതിനോ ഏതെങ്കിലും വിധത്തിൽ കൈയൊഴിഞ്ഞതിനോ രേഖകൾ സൂക്ഷിച്ചിട്ടില്ലാത്തതുമാണ്.ഇത്തരത്തിലുള്ള ചെലവുകൾ ഉണ്ടാവുമ്പോൾ ബന്ധപ്പെട്ട നിയമവും ചട്ടങ്ങളും പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (69/27-11-18) അവകാശികൾ ആരും തന്നെ എത്താത്തതിനാൽ 28-6-17 ന് കന്ന് കാലികളെ ലേലം ചെയ്ത് 74,850 രൂപ നഗരസഭാ ഫണ്ടിൽ അടവാക്കിയതായി മറുപടി ലഭ്യമാക്കി. ലേലനടപടികൾ സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഈ തുക നഗരസഭാ ഫണ്ടിൽ അടവാക്കിയതിന് രേഖകൾ ഹാജരാക്കിയിട്ടില്ല. കാലികളെ കൊണ്ട് പോകുന്നതിന് ഉപയോഗിച്ചതായി പറയുന്ന KL54B 3912 നമ്പർ വാഹനം 95 CC മോട്ടോർ സൈക്കിൾ ആണ്. വരവ് രേഖകളും രജിസ്റ്ററും ഹാജരാക്കേണ്ടതാണ്.

## 3-53 കേസ് നടത്തിപ്പ് രേഖകൾ ഹാജരാക്കിയില്ല

നഗരസഭയുടെ വിവിധ കേസുകളുടെ നടത്തിപ്പിനായി 2017-18 സാമ്പത്തിക വർഷം ചെലവഴിച്ച തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വൗച്ചർ നം/ തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 21700066/12-4-17 | 40,225 | 2011-16 കാലത്ത് കോൺസൽ ആയി ഹാജരായതിന് ശ്രീ.കെ.രാധാകൃഷ്ണന് നൽകിയത്. |
| 2 | 21700289/7-6-17 | 30,000 | 18 സിവിൽ കേസുകൾക്ക് ഹാജരായതിന് അഡ്വ. മാനവൽ ന നൽകിയത്. |
| | 21700982/13-11-17 | 1,05,000 | 7 കേസുകൾക്ക് അഡ്വ. മാനവൽ ന നൽകിയത് |

2008 ലെ കേരള മുനിസിപ്പാലിറ്റി (കേസുകളുടെ നടത്തിപ്പും കൗൺസിലുകൾ ഏർപ്പെടുത്തുന്ന നിയമോപദേഷ്ടാക്കൾക്ക് ഫീസ് നൽകലും ) ചട്ടങ്ങൾ പ്രകാരം മുനിസിപ്പാലിറ്റിയോ മുനിസിപ്പാലിറ്റിയെ പ്രതിനിധീകരിച്ച് ചെയർമാനോ സെക്രട്ടറിയോ കക്ഷിയായിട്ടുള്ള ഒരു കേസിൽ മുനിസിപ്പാലിറ്റിക്ക് വേണ്ടി ഹാജരാകാനും കേസ് നടത്താനും യോഗ്യനെന്ന് കരുതപ്പെടുന്ന ഒരു അഭിഭാഷകനെ കൗൺസിലിന് ഏർപ്പാട് ചെയ്യാവുന്നതാണ്. വിവിധ കേസുകളിൽ ഹാജരാകാനും മറ്റും നൽകുന്ന ഫീസ് ചട്ടങ്ങൾ പ്രകാരമുള്ള നിരക്കിൽ ആയിരിക്കേണ്ടതുണ്ട്. എന്നാൽ നഗരസഭയുടെ കേസ് നടത്തിപ്പ് സംബന്ധിച്ച് ഫയലുകൾ പരിശോധനക്ക് ഹാജരാക്കുകയോ കേസ് നടത്തിപ്പ് നിരീക്ഷിക്കുന്നതിനും ഏതെങ്കിലും തരത്തിലുള്ള രജിസ്റ്റർ തയ്യാറാക്കി ഹാജരാക്കുകയോ ചെയ്യാത്തതിനാൽ കേസ് നടത്തിപ്പ് സംബന്ധിച്ച ചെലവുകളുടെ കൃത്യതയും അനുവദനീയതയും പരിശോധനക്ക് വിധേയമാക്കാൻ സാധ്യമാവുന്നില്ല. കേസ് സംബന്ധിച്ച് ആധികാരികമായി വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (70/27-11-18) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക 175295/- തടസ്സം ചെയ്യുന്നു.

## 3-54 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ മുറിച്ചുമാറ്റിയ മരങ്ങൾ നഗരസഭാ ഫണ്ടിലേക്ക് മുതൽകൂട്ടുന്നില്ല

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെയും നഗരസഭയുടെ വിവിധ ഭാഗങ്ങളിലും അപകടകരമായ അവസ്ഥയിൽ നിൽക്കുന്നതോ സ്ഥാപനത്തിന് ഹാനികരമെന്ന് തോന്നിയതോ ആയ മരങ്ങൾ താഴെ പറയും പ്രകാരം ചെലവ് ചെയ്ത് മുറിച്ച് മാറ്റിയത് എപ്രകാരം ഉപയോഗപ്പെടുത്തിയെന്നതിന്റെയും ആയത് നഗരസഭാ ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടുണ്ടെങ്കിൽ ആയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.ബന്ധപ്പെട്ട ഫയലുകൾ ഹാജരാക്കാത്തതിനാലും രേഖകളുടെ അഭാവത്തിലും അപ്രകാരമുള്ള ചെലവുകൾ തടസ്സം ചെയ്യുന്നു.

1.ഫയൽ G5-15468/17, പുതു പൊന്നാനി ജി.എഫ്.എൽ.പി സ്കൂളിന് ഭീഷണിയായി നിൽക്കുന്ന മരം മുറിച്ച് മാറ്റിയതിന് ഹെഡ്മാസ്റ്റർക്ക് നൽകിയത് *8750 രൂപ. ;ചെക്ക് 446250/2-3-18.*

2.ഫയൽ H1-5992/17, പുതു പൊന്നാനി ആയുർവേദ ഹോസ്പിറ്റലിലെ പുളിമരം മരം മുറിച്ച് മാറ്റിയതിന് JHI ഗോപകുമാറിന് നൽകിയത് *9000 രൂപ. ;ചെക്ക് 227141/19-7-17.*

3.ഫയൽ G5-11557/17, കടവനാട് ജി.എൽ.പി സ്കൂളിന് ഭീഷണിയായി നിൽക്കുന്ന മുള്ളൂട്ടം മുറിച്ച് മാറ്റിയതിന് ഹെഡ്മാസ്റ്റർക്ക് നൽകിയത് *4000 രൂപ. ;ചെക്ക് 2494845/3-8-17.*

4.ഫയൽ H1-11772/17, വെള്ളീരി ജി.എൽ.പി സ്കൂളിന് ഭീഷണിയായി നിൽക്കുന്ന തെങ്ങ് മുറിച്ച് മാറ്റിയതിന് HI സക്കീർ ഹുസൈന് നൽകിയത് *4750 രൂപ. ;ചെക്ക് 227169/9-8-17*

ബന്ധപ്പെട്ട ഫയലുകളും രേഖകളും ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ കുറിപ്പിന് (31/24-11-18) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ആകെ ചെലവു തുക 26500 രൂപയിൽ ഖണ്ഡിക 3-43ൽ ഉൾപ്പെട്ട ക്രമനമ്പർ 4ലെ 4750 ഒഴികെ 21750/-രൂപ തടസ്സം ചെയ്യുന്നു.

## 3-55 മത്സ്യതൊഴിലാളികൾക്ക് ഗിൽനെറ്റും ഡിങ്കിയും - സബ്ഡിഡി മാർഗ്ഗരേഖ പാലിച്ചില്ല- അധികച്ചെലവ് തിരിച്ചടവാക്കേണ്ടതാണ്.

പ്രൊജക്ട് 253/18

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ 22,75,000 (വികസനഫണ്ട്-ജനറൽ)

ചെലവ് 8,67,500. ബിൽ 4-14/08/17 രൂപ 7,47,500

ബിൽ 19-23/09/17 രൂപ 1,10,000

ബിൽ 37-16/11/17 രൂപ 10,000

മത്സ്യതൊഴിലാളികൾക്ക് ഗിൽനെറ്റും ഡിങ്കിയും വാങ്ങി നൽകുന്നതിന് 2016-17 വർഷം അംഗീകാരം നേടിയ പ്രൊജക്ടിൽ വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 22,75,000 വകയിരുത്തുകയും അംഗീകൃത മത്സ്യതൊഴിലാളികൾക്ക് വ്യക്തിഗത ആനുകൂല്യമായി 25 ഡിങ്കികൾ വാങ്ങി നൽകുന്നതിന് സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിൽ നിന്നും 7,47,500 രൂപയുടെ പർച്ചേസ് നടപടികൾ പൂർത്തിയാക്കുകയും ചെയ്തു. 253/18 നമ്പർ സ്പിൽ ഓവർ പ്രൊജക്ട് ആയി അംഗീകാരം നേടിയ ശേഷം പ്രൊജക്ടിന്റെ മുഴുവൻ ചെലവുകളും 2017-18 വർഷത്തിലാണ് നടത്തുന്നത്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയായ ജി.ഒ (എം.എസ്) നമ്പർ 4/2016 ത.സ്വ.ഭ.വ ,തിയ്യതി 11-01-2016 ഉത്തരവിൽ 3.4(എ).1 പ്രകാരം സമുദ്രമേഖലയിൽ വ്യക്തിഗത ആനുകൂല്യമായി ഡിങ്കി നൽകുന്നതിന് യൂണിറ്റ് കോസ്റ്റിന്റെ പരിധി 30,000 രൂപ എന്ന കണക്കിൽ വിലയുടെ 50 ശതമാനമോ 15,000 രൂപയോ ഏതാണോ കുറവ് അതിനാണ് അർഹത.ഖണ്ഡിക 3.4(എ).5 പ്രകാരം മത്സ്യബന്ധന വല/ഗിൽനെറ്റ് (വ്യക്തിഗതം) യൂണിറ്റ് കോസ്റ്റിന്റെ പരിധി 6000 രൂപ എന്ന കണക്കിൽ വിലയുടെ 50 ശതമാനമോ 3000 രൂപയോ ഏതാണോ കുറവ് അതിനുമാണ് അർഹത.3.4(എ).2 പ്രകാരം ഗിൽനെറ്റും ഡിങ്കിയും നൽകുന്നതിന് യൂണിറ്റ് കോസ്റ്റിന്റെ പരിധി 35,000 രൂപ എന്ന കണക്കിൽ വിലയുടെ 50 ശതമാനമോ 17,500 രൂപയോ ഏതാണോ കുറവ് അതിനാണ് അർഹത.

സ്പിൽ ഓവർ പ്രൊജക്ട് നടപ്പാക്കിയ സാമ്പത്തിക വർഷം പ്രാബല്യത്തിലുള്ള സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗ രേഖ സ.ഉ. (എം.എസ്) 80/2017/ത.സ്വ.ഭ.വ തിയ്യതി 03-04-2017 ഉത്തരവും ജി.ഒ(ആർ.ടി)വ1683/2017 ത.സ്വ.ഭ.വ തിയ്യതി 23.5.17 ഭേദഗതി ഉത്തരവ് എന്നിവ പ്രകാരം ഡിങ്കിക്ക് യൂണിറ്റ് കോസ്റ്റിന്റെ 50 ശതമാനവും ഗിൽനെറ്റിന് വിലയുടെ 50 ശതമാനമോ 5000 രൂപയോ ഏതാണോ കുറവ് അതിനുമാണ് അർഹത. മലപ്പുറം ജില്ലാ കലക്ടറുടെ യൂണിറ്റ് കോസ്റ്റ് നിജപ്പെടുത്തിയ 833/2017-18 ഡി.പി.സി/ ഡി.പി.ഒ /എം.പി.എം തിയ്യതി 30.5.17 ഉത്തരവ് എന്നിവ പ്രകാരം വ്യക്തിഗത ആനുകൂല്യമായി സമുദ്രമേഖലയിലെ മത്സ്യതൊഴിലാളികൾക്ക് ഡിങ്കി നൽകുന്നതിന് അർഹമായ യൂണിറ്റ് കോസ്റ്റ് 50,000 രൂപയും ഗിൽനെറ്റിന് അർഹമായ യൂണിറ്റ് കോസ്റ്റ് 8000 രൂപയുമാണ്.

**എ)** മേൽ ഉത്തരവ് പ്രകാരം ഡിങ്കികൾക്ക് അനുവദിക്കാവുന്ന പരമാവധി സബ്സിഡി പരിധി 25,000 രൂപയാണ്. എന്നാൽ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിൽ നിന്നും 29900 രൂപ നിരക്കിൽ WI-08 Dt 28-3-17 നമ്പർ ഇൻവോയ്സ് പ്രകാരം വാങ്ങിയ 25 ഡിങ്കികൾക്ക് 100 ശതമാനം സബ്സിഡി അനുവദിച്ചിട്ടുണ്ട്.ആയത് സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗ രേഖക്ക് വിരുദ്ധമായതിനാൽ ഒരു ഡിങ്കിക്ക് 4,900 രൂപ പ്രകാരം 25 എണ്ണത്തിന് *1,22,500 രൂപ അധിക ചെലവാണ്. ഇത് ഉത്തരവാദിയായ സെക്രട്ടറിയുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.*

**ബി)** ഗിൽനെറ്റ് നഗരസഭാ കൗൺസിലിന്റെ 28.09.17 ലെ 25(2) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബിൽ സമർപ്പിക്കുന്ന വ്യക്തികൾക്ക് പരമാവധി 5000 രൂപ അനുവദിച്ചിട്ടുണ്ട്. സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗ രേഖ ഉത്തരവ് പ്രകാരം ഗിൽനെറ്റിന് അനുവദിക്കാവുന്ന തുക വിലയുടെ 50 ശതമാനമോ 5000 രൂപയോ ഏതാണോ കുറവ് ആയതിനാൽ ആയത് ക്രമ പ്രകാരമുള്ള തീരുമാനമല്ല. ഗിൽനെറ്റിന് സബ്സിഡി കൈപ്പറ്റിയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | പേര് | ഹാജരാക്കിയ ബിൽ പ്രകാരമുള്ള തുക | നൽകിയ സബ്സിഡി | അനുവദിക്കാവുന്നത് | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | ഹംസു പിക്കിന്റെ | 6000 | 5000 | 3000 | 2000 |
| 2 | സൈനുദ്ധീൻ അഹമിറ്റി | 5528 | 5000 | 2764 | 2236 |
| 3 | യു.ടി.അബു | 10020 | 5000 | 5000 | 0 |
| 4 | പൂളക്കൽ ഹൈദ്രോസ് | 5099 | 5000 | 2550 | 2450 |
| 5 | മുഹമ്മദ് ചന്തക്കാരന്റെ | 4279 | 5000 | 2140 | 2860 |
| 6 | പരീക്കുട്ടി ചെറിയ പുരക്കൽ | 5914 | 5000 | 2957 | 2043 |

| | | | | | |
|---|---|---|---|---|---|
| 7 | മൊയ്തു കുഞ്ഞമിന്റകം | 5561 | 5000 | 2781 | 2219 |
| 8 | സുലൈമാൻ കട്ടസാക്കാനകത്ത് | 8001 | 5000 | 4001 | 999 |
| 9 | മുഹമ്മദ് ആന്തളിന്റെ | 5100 | 5000 | 2550 | 2450 |
| 10 | വമ്പന്റെ അസൈനാർ | 6605 | 5000 | 3303 | 1697 |
| 11 | സുലൈമാൻ എം,മക്കിന്റെ പുരക്കൽ | 5100 | 5000 | 2550 | 2450 |
| 12 | സിദ്ധീക്ക് കുരിക്കളകത്ത് | 5107 | 5000 | 2554 | 2446 |
| 13 | ഹുസൈനാർ പറമ്പിൽ | 4286 | 5000 | 2143 | 2857 |
| 14 | മൊയ്തുട്ടി ഈസ്പിന്റകത്ത് | 5182 | 5000 | 2591 | 2409 |
| 15 | ബാദുഷ പുത്തൻപറമ്പിൽ | 5167 | 5000 | 2584 | 2416 |
| 16 | ഉസൈനാർ മാറാപ്പിന്റെ | 5700 | 5000 | 2850 | 2150 |
| 17 | മുജീബ് | 5100 | 5000 | 2550 | 2450 |
| 18 | മൊയ്തീൻ കോയ | 2840 | 5000 | 1420 | 3580 |
| 19 | മുഹമ്മദ്കുട്ടി s/o കുഞ്ഞായി ഉപ്പാച്ചിന്റകത്ത് | 5200 | 5000 | 2600 | 2400 |
| 20 | ഷാഹുൽ ഹമീദ് മോയന്റകത്ത് | 5103 | 5000 | 2552 | 2448 |
| 21 | ജമാലുദ്ധീൻ s/o അസൈനാർ തെങ്ങും മാളിയക്കൽ | 7865 | 5000 | 3933 | 1067 |
| 22 | റംലാൻകുട്ടി ആലിയമാക്കാനകത്ത് | 5200 | 5000 | 2600 | 2400 |
| 23 | അൻവർ | ഫയലിൽ ലഭ്യമല്ല | 5000 | - | - |
| 24 | സമദ് | ഫയലിൽ ലഭ്യമല്ല | 5000 | - | - |
| | ആകെ | | 120000 | 54985 | 48027 |

*അധികം നൽകിയ 48,027 രൂപ തിരികെ ഈടാക്കേണ്ടതാണ്.* പർച്ചേസ് ബില്ലുകൾ ലഭ്യമാക്കാത്ത രണ്ട് (ക്രമനം.23,24)ഗുണഭോക്താക്കൾക്ക് നൽകിയ ആകെ തുക 10,000 രൂപ തടസ്സം ചെയ്യുന്നു.

(എൻക്വയറി നമ്പർ 71/27-11-18 ആയി നൽകിയ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല)

# 3-56 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് സൈക്കിൾ വിതരണം -മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പ്രൊജക്ട്-ചെലവ് തടസ്സം ചെയ്യുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി മത്സ്യതൊഴിലാളികളുടെ മക്കൾക്ക് സൈക്കിൾ വിതരണം ചെയ്യുന്നതിന് രണ്ട് പ്രൊജക്ടുകൾക്ക് പണം ചെലവഴിച്ചിട്ടുണ്ട്.

| ക്രം | പ്രൊജക്ട് | അടങ്കൽ | ഫണ്ട് | ചെലവ് | ബിൽ |
|---|---|---|---|---|---|

| നം | | | | | നമ്പർ |
|---|---|---|---|---|---|
| 1 | 254/18 മത്സ്യതൊഴിലാളി വിദ്യാർത്ഥിനികൾക്ക് സൈക്കിൾ (സ്പിൽ ഓവർ) | 409500 | വികസന ഫണ്ട് പൊതുവിഭാഗം | 409500 | 5/14-8-17 |
| 2 | 255/18 മത്സ്യതൊഴിലാളി വിദ്യാർത്ഥികൾക്ക് സൈക്കിൾ (സ്പിൽ ഓവർ) | 700000 | വികസന ഫണ്ട് പൊതുവിഭാഗം | 666291 | 6/14-8-17 |
| | ആകെ | 1109500 | | 1075791 | |

2016-17 സാമ്പത്തിക വർഷം നടപ്പാക്കുന്നതിന് നടപടികൾ ആരംഭിച്ച പ്രൊജക്ട് 2017-18 വർഷത്തിലാണ് പൂർത്തിയാക്കിയത്.തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയായ ജി.ഒ (എം.എസ്) നമ്പർ 4/2016 ത.സ്വ.ഭ.വ ,തിയ്യതി 11-01-2016 ഉത്തരവിലും ജി.ഒ (എം.എസ്) നമ്പർ 80/2017 ത.സ്വ.ഭ.വ ,തിയ്യതി 03-04-2017 ഉത്തരവിലും തുടർന്ന് മറ്റേതെങ്കിലും ഉത്തരവ് വഴിയോ അനുവദനീയമല്ലാത്ത ഇനം പദ്ധതി നടപ്പാക്കിയതിന് സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമായിട്ടില്ലാത്തതുമാണ്. നിലവിൽ പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മാത്രമാണ് സൈക്കിൾ നൽകുന്നതിന് അനുമതിയുള്ളത്.സ.ഉ (സാധാ) 134/2017 ത.സ്വ.ഭ.വ ,തിയ്യതി 18-01-2017 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ അംഗീകൃത മത്സ്യതൊഴിലാളികൾക്കും കുടുംബങ്ങൾക്കും നൽകുന്ന ആനുകൂല്യങ്ങൾക്ക് പട്ടിക വർഗ്ഗ വിഭാഗത്തിന് തുല്യമായ മാനദണ്ഡങ്ങൾ പാലിക്കണമെന്ന് ഉത്തരവായിട്ടുണ്ട്. സ.ഉ (സാധാ) 1857/2017 ത.സ്വ.ഭ.വ ,തിയ്യതി 05-06-2017 ഉത്തരവ് പ്രകാരം ആനുകൂല്യം നൽകുന്നതിന് അർഹത നിശ്ചയിക്കുന്നതിനു മാത്രമേ പട്ടിക വർഗ്ഗ വിഭാഗത്തിന് തുല്യമായ മാനദണ്ഡങ്ങൾ മത്സ്യതൊഴിലാളികൾക്ക് ബാധകമാവുകയുള്ളൂ എന്നും പട്ടിക വർഗ്ഗ വിഭാഗത്തിന് നൽകുന്ന സബ്സിഡിയുൾപ്പെടെ മറ്റ് ആനുകൂല്യങ്ങൾക്ക് മത്സ്യതൊഴിലാളി കുടുംബത്തിന് അർഹതയില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മുൻകൂർ അനുമതിയോ സാധൂകരണമോ ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവു തുക 10,75,791 രൂപ തടസ്സം ചെയ്യുന്നു. (എൻക്വയറി നമ്പർ35/26-11-18)

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

| ക്രമ നം | നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം/ചെക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|---|
| 1 | KWA | ഗാർഹിക കുടിവെള്ള കണക്ഷൻ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (പ്രൊജക്ട് നം.222/18) | 21701855 തിയതി 20.02.2018 | 15,00,000 | 0 | 15,00,000 |
| 2 | KSEB | വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (198/18) | 27/24-10-2017 | 2500000 | 0 | 2500000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| നഗര സഭാ കെട്ടിട നിർമാണം (KURDFC loan) | 2678/08 തീയതി 14-07-2009 | 4800000 | 637084 | 5,14,293 | 48,858 | 1,22,791 |

# 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2,91,95,096 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 43,85,531 |
| ആകെ | 3,35,80,627 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3,35,80,627 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| ക്ര.ന | നിക്ഷേപത്തിന്റെ വിവരം | തുക | സ്ഥിര നിക്ഷേപം രസീതി നമ്പർ / തിയതി |
|---|---|---|---|
| 1 | Ponnani Service Co-op. Bank | 69,51,551 | നമ്പർ - 0201020206588 തി.05.07.2017 |
| 2 | Ponnani Service Co-op. Bank | 69,51,551 | നമ്പർ - 0201020206591 തി.05.07.2017 |
| 3 | Ponnani Service Co-op. Bank | 57,91,743 | നമ്പർ - 0201020206589 തി.05.07.2017 |
| 4 | Ponnani Service Co-op. Bank | 69,51,551 | നമ്പർ - 0201020206592 തി.05.07.2017 |
| 5 | Ponnani Service Co-op. Bank | 69,34,231 | 0201020206556 തി.10.02.2018 |
| | Total | 3,35,80,627 | |
| # | Equity share | 5,00,000 | |

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

**നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.**

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| 1997-98 | 37(1),43,47<br>49,62,65,79,<br>74,84,82 | 2001-02 | - | മൈത്രി ഭവന നിർമാണം വിനിയോഗ വിവരമില്ല | നടപടികൾ തുടരുന്നു |
| 1998-99 | 3-9 | 2006-07 | -- | ലഘു അവലോകനങ്ങൾ | നടപടികൾ തുടരുന്നു |
| 1999-2000 | 3-53, 3-71, 3-28, 3-69<br>3-36, 3-35, 3-34, 3-43, 3-56, 3-54, 3-55, 3-51, 3-23 | 2006-07 | - | | നടപടികൾ തുടരുന്നു |
| 2000-01 | - | - 2012-13 | | രേഖകൾ ഹാജരാക്കിയില്ല, 1558598 രൂപ<br>പരസ്യ നികുതി ലഘു അവലോകനം | നടപടികൾ തുടരുന്നു |
| 2008-09<br>2009-10<br>2010-11<br>2011-12 | 3-5<br>3-25 | 2013-14 | | ലഘു അവലോകനം (Procurement Manual) | നടപടികൾ തുടരുന്നു |
| 2012-13 | 3-2<br>3-1 | 2014-15 | - | 3-2 – നിഷ്ക്രിയാസ്തികൾ അവലോകനം<br>3-1 – മണൽ വാരൽ അവലോകനം | നടപടികൾ തുടരുന്നു |

# 4-8 ചാർജ് /സർചാർജ്

എ) ചാർജ് നടപടികൾ വഴി തുക ഈടാക്കിയ /ഈടാക്കുവാൻ അവശേഷിക്കുന്ന തുക

ഇല്ല

ബി )സർചാർജ് നടപടി വഴി ഈടാക്കുവാൻ അവശേഷിക്കുന്ന തുക

സർചാർജ് നടപടികളുടെ വിവരം

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നംപർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നംപർ/ തീയതി | തുക | |
| 1 | 2000-01 | 2-32(1),2-36(1),2(37) | ശ്രീ.പി.ജി.ഗോപി, സെക്രട്ടറി | LF 7205/spl cell/sc5/08dt 16.7.09/20.7.09 | 39258 | ഈടാക്കിയിട്ടില്ല (ഒ.പി.എൽ.എഫ്.54/2011 ജില്ലാ കോടതി-കേരള ഹൈക്കോടതിയിൽ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | അപ്പീൽ നടപടികൾ സ്വീകരിക്കുന്നു.) |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 33,80,53,753 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 33,51,91,268 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം ഓഡിറ്റിൽ/ അംഗീകരിക്കാത്ത തുക | 15,94,722 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,13,64,411 |

ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് | സർചാർജ്ജ് | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|---|
| 3-2 | - | 24765 | രഘു.പി,മുനിസിപ്പൽ എഞ്ചിനീയർ |
| | - | 24764 | മീനാക്ഷി,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. |
| 3-3 | - | 12744 | രഘു.പി,മുനിസിപ്പൽ എഞ്ചിനീയർ |
| | - | 12744 | മീനാക്ഷി,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. |
| 3-4 | - | 263296 | രഘു.പി,മുനിസിപ്പൽ എഞ്ചിനീയർ |
| | | 263297 | മീനാക്ഷി,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. |
| 3-5 | - | 7862 | രഘു.പി,മുനിസിപ്പൽ എഞ്ചിനീയർ |
| | | 7861 | മീനാക്ഷി,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. |
| 3-6 | - | 159016 | ശ്രീ. രഘു.പി,മുനിസിപ്പൽ എഞ്ചിനീയർ |
| 3-7 | - | 39412 | രഘു.പി,മുനിസിപ്പൽ എഞ്ചിനീയർ |

| | | | |
|---|---|---|---|
| | | 39412 | മീനാക്ഷി,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. |
| 3-8 | - | 12669 | രഘു.പി,മുനിസിപ്പൽ എഞ്ചിനീയർ |
| | | 12670 | മീനാക്ഷി,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. |
| 3-9 | - | 2972 | ഷാനവാസ് ഖാൻ .എം. മുനിസിപ്പൽ എഞ്ചിനീയർ |
| | | 2972 | അനില അന്ന വർഗ്ഗീസ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. |
| 3-10 | - | 10440 | ഷാനവാസ് ഖാൻ .എം. മുനിസിപ്പൽ എഞ്ചിനീയർ |
| | | 10440 | അനില അന്ന വർഗ്ഗീസ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. |
| 3-11 | - | 43737 | രഘു.പി,മുനിസിപ്പൽ എഞ്ചിനീയർ |
| | | 2920 | ഷാനവാസ് ഖാൻ .എം. മുനിസിപ്പൽ എഞ്ചിനീയർ |
| 3-12 | - | 4683 | ഷാനവാസ് ഖാൻ .എം. മുനിസിപ്പൽ എഞ്ചിനീയർ |
| 3-13 | - | 8411 | രഘു.പി,മുനിസിപ്പൽ എഞ്ചിനീയർ |
| 3-14 | - | 88665 | അംബിക,ഐ.സി.ഡി. എസ്.സൂപ്പർവൈസർ |
| 3-15 | - | 163553 | അംബിക,പുതുരിത്തി ഐ.സി.ഡി. എസ്.സൂപ്പർവൈസർ |
| 3-20 | - | 4000 | റിയാസ് പ്രോജക്റ്റ് ഓഫീസർ |
| 3-34 | | 456942 | ശ്രീ. കെ.കെ.മനോജ്, സെക്രട്ടറി |
| 3-37 | | 14175 | ശ്രീ. കെ.കെ.മനോജ്, സെക്രട്ടറി |
| 3-55 | | 48027 | ശ്രീ. കെ.കെ.മനോജ്, സെക്രട്ടറി |

സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ<br>പേരും ഉദ്യോഗപേരും |
|---|---|---|
| 3-17 | 60436 | അംബിക,ഐ.സി.ഡിഎസ്.സൂപ്പർവൈസർ |
| 3-26 | 52800 | ശ്രീ.മധു, പ്രിൻസിപ്പാൾ |
| 3-27 | 4,40,000 | ശ്രീ. മുനീർ.പി., പട്ടികജാതി വികസന ഓഫീസർ |
| 3-28 | 120590 | ശ്രീ. മുനീർ.പി., പട്ടികജാതി വികസന ഓഫീസർ |
| 3-30 | 10,000 | ശ്രീ. അരുൺകുമാർ. വി.സി., സെക്രട്ടറി |
| 3-31 | 906706 | ഡോ. ഷാജ് കുമാർ, മെഡിക്കൽ ഓഫീസർ,താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി |
| 3-35 | 1935511 | ശ്രീ. അരുൺകുമാർ. വി.സി.,സെക്രട്ടറി |
| 3-36 | 522520 | ശ്രീ. കെ.കെ.മനോജ്, സെക്രട്ടറി |
| 3-38 | 982943 | ശ്രീ. അരുൺകുമാർ. വി.സി.,സെക്രട്ടറി |
| 3-39 | 50,000 | ശ്രീ. കെ.കെ.മനോജ്, സെക്രട്ടറി |
| 3-41 | 10500 | ശ്രീ. കെ.കെ.മനോജ്,സെക്രട്ടറി |
| 3-42 | 375000 | ശ്രീ. കെ.കെ.മനോജ്, സെക്രട്ടറി |
| 3-43 | 533750 | 443750- ശ്രീ. കെ.കെ.മനോജ്,സെക്രട്ടറി<br>90000-ശ്രീ. അരുൺകുമാർ. വി.സി.,സെക്രട്ടറി |
| 3-45 | 130200 | ശ്രീ. കെ.കെ.മനോജ്, സെക്രട്ടറി |
| 3-48 | 4000000 | ശ്രീ. അരുൺകുമാർ. വി.സി.,സെക്രട്ടറി |
| 3-49 | 13060 | ശ്രീ. കെ.കെ.മനോജ്, സെക്രട്ടറി |
| 3-51 | 960100 | 950100 –ശ്രീ. കെ.കെ.മനോജ്, സെക്രട്ടറി<br>10000 – ശ്രീ. അരുൺകുമാർ. വി.സി.,സെക്രട്ടറി |
| 3-53 | 175295 | ശ്രീ. കെ.കെ.മനോജ്, സെക്രട്ടറി |
| 3-54 | 21750 | 13000- ശ്രീ. കെ.കെ.മനോജ്,സെക്രട്ടറി<br>8750 –ശ്രീ. അരുൺകുമാർ. വി.സി.,സെക്രട്ടറി |
| 3-55 | 10000 | ശ്രീ. കെ.കെ.മനോജ്, സെക്രട്ടറി |
| 3-56 | 1075791 | ശ്രീ. കെ.കെ.മനോജ്, സെക്രട്ടറി |

ഡി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടം

ഇ) നഷ്ടംനിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്)റിപ്പോർട്ടിൽ പ്രദിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.റിയാസ്.പി,പ്രോജക്റ്റ് ഓഫീസർ | ലഭ്യമല്ല | പുതുകുളത്ത് വീട് കോഴിക്കൽമുറി ഈസ്റ്റ് കല്ലട,കൊല്ലം |
| അംബിക,പുതുരുത്തി, ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ, പൊന്നാനി | കരുവടി ഹൌസ് വെളിയങ്കോട് |
| | | |

| | | |
|---|---|---|
| രഘു.പി.,മുനിസിപ്പൽ എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ | രോഹിണി നിലയം ഗോവിന്ദമുട്ടം.പി.ഒ. 690527 |
| ശ്രീ.ഷാനവാസ് ഖാൻ, മുനിസിപ്പൽ എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ | തരുവിള വീട് ,ഒയൂർ കാളവയൽ റോഡ് കൊല്ലം |
| മീനാക്ഷി.സി.എസ്,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,കോഴിക്കോട് മുനിസിപ്പാലിറ്റി | റിസോണൻസ് അരുളപ്പാട് ക്ഷേത്രത്തിന് സമീപം,ചേവരമ്പലം, കോഴിക്കോട്. |
| അനില അന്ന വർഗ്ഗീസ്,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | മുളമൂട്ടിൽ, വെൺമണി.പി.ഒ. ചെങ്ങന്നൂർ സെന്റ് തോമസ് മാർത്തോമ ചർച്ചിന് സമീപം ആലപ്പുഴ |
| കെ.കെ.മനോജ്, സെക്രട്ടറി | ലഭ്യമല്ല | കല്ലകന്നത്ത്ഹൗസ്, ചിക്കന്നൂർ.പി.ഒ., തൃശ്ശൂർ ജില്ല |
| അരുൺകുമാർ. വി.സി.,സെക്രട്ടറി | ലഭ്യമല്ല | S/oചന്ദ്രൻ, കാവ്യം, കൊരടിക്കര പി.ഒ., കടവല്ലൂർ, തൃശ്ശൂർ ജില്ല-680543 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 87-88,88-89 | എൽ.എഫ്.എം5//97 തിയ്യതി 26-3-99 | 8 |
| 89-90,90-91 | എൽ.എഫ്.എം6/1601/99 തിയ്യതി 05-9-00 | 1 |
| 1997-98 (ചെലവ്) | എൽ.എഫ്.എം.25/1918/(17)/05-12-2014 | 77 |
| 1997-98 വരവ് | എൽ.എഫ്.എം.25/1918/(18)/05-12-2014 | 11 |
| 1998-99 | എൽ.എഫ്.എം.25/1918/(19)/05-12-2014 | 36 |
| 1999-2000 | എൽ.എഫ്.എം.4/646/05/16-06-2006 | 60 |
| 2000-01 (ചെലവ്) | എൽ.എഫ്.എം.4/1123/05/15-03-2006 | 49 |
| 2001-02 (ചെലവ്) | എൽ.എഫ്.എം.18/2142/07/07/06/2008 | 17 |
| 2002-03 (ചെലവ്) | എൽ.എഫ്.എം.18/2143/07/07/06/2008 | 18 |
| 2003-04 (ചെലവ്) | എൽ.എഫ്.എം.18/2151/07/29-08-08 | 12 |
| 2004-05 (ചെലവ്) | എൽ.എഫ്.എം.18/2152/07/21-05-08 | 17 |
| 2005-2006 | എൽ.എഫ്.എം21/2165/09 തിയ്യതി 5-3-12 | 11 |

| | | |
|---|---|---|
| (ചെലവ്) | | |
| 2006-07 | എൽ.എഫ്.എം21/2166/09 തിയ്യതി 5-3-12 | 16 |
| 2007-08 | എൽ.എഫ്.എം21/2167/09 തിയ്യതി 6-3-12 | 41 |
| 2008-09 | എൽ.എഫ്.എം21/37/13 തിയ്യതി 30-3-13/7-6-13 | 39 |
| 2009-10 | എൽ.എഫ്.എം3/1109/87 | |
| 2010-11 | എൽ.എഫ്.എം3/1109/87 | |
| 2011-12 | എൽ.എഫ്.എം21/424/2014 തിയ്യതി 8-5-14/2-6-14 | 30 |
| 2012-13 | എൽ.എഫ്.എം25/3390/2014 തിയ്യതി 4.2.2015 | 17 |
| 2013-14<br>2014-15 | കെ.എസ്.എ-എം.പി.എം.21/2104/2016 | 32 |
| 2015-16 | നം.കെ.എസ്.എ.എം.പി.എം.21/248/2017 തീയതി 10/02/2017 | 41 |
| 2016-17 | നം.കെ.എസ്.എ.എം.പി.എം.21/2452/2017 തീയതി 30/11/2017 | 30 |

1987-88 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നു. നഗരസഭ കൗൺസിൽ പ്രത്യേകയോഗം ചേർന്ന് തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിഷയത്തിൽ തീരുമാനമെടുത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

## അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.21/2047/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി 22.10.2018

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295(4)-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനായി വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ പൊന്നാനി നഗരസഭയുടെ 31.03.2018 ൽ അവസാനിച്ച ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ ഓഡിറ്റ് നിർവഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പൊന്നാനി നഗരസഭയുടെ 2017-18 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

മലപ്പുറം.

പകർപ്പ്

1. മുനിസിപ്പൽ സെക്രട്ടറി, പൊന്നാനി നഗരസഭ
2. ഡയറക്ടർ , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
3. റീജ്യണൽ ജോയിന്റ് ഡയറക്ടർ , നഗരകാര്യ വകുപ്പ് , കോഴിക്കോട്
4. കാര്യാലയ പ്രതി